32nd Year of Service 2024

Price $1.00

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

August 16, 2024 | Vol. XXXII No. 33 | Periodicals Postage Paid






8–ാമത് ഫോമാ അന്തർദ്ദേശീയ കൺവൻഷൻ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ ഉദ്ഘാടനം ചെയ്യുന്നു. മുൻമന്ത്രി അഡ്വ. മോൻസ് ജോസഫ് എംഎൽഎ, ഫോമാ പ്രസിഡണ്ട് ഡോ. ജേക്കബ് തോമസ്, മുൻ ഡിജിപി ടോമിൻ തച്ചങ്കരി, സംവിധായകൻ കെ. മധു, ചലച്ചിത്രതാരം സ്വാസിക, റവ.ഡോ. പോൾ പൂവത്തുങ്കൽ, സാജൻ വർഗീസ്, ഓജസ് ജോൺ, സണ്ണി വള്ളിക്കളം, ബിജു തോണിക്കടവിൽ, ഡോ. ജെയ്മോൾ ശ്രീധർ, ജെയിംസ് ജോർജ്, കുഞ്ഞ് മാലിയിൽ എന്നിവരാണ് സമീപം. (11, 14, 15 പേജുകൾ കാണുക) ഫോട്ടോ: ഷിജോ പൗലോസ്

# KUNNATHA INJURY LAWYERS

**Free Consultation/Case Evaluation** | ATLANTA : 404 633 4200 | CHICAGO: 312 757 4700

**EXPERIENCE PERSONAL ATTENTION RESULTS**



Salu K. Kunnatha · Reena Emmanuel · Joshua Opdycke

Dedicated Lawyers Handling Serious Injuries and Wrongful Death Cases

Over 50 years of Combined Experience


No legal fees until we collect compensation for you

Millions recovered for our clients each year!

**ATLANTA**
1800 Century Boulevard NE,
Suite 1750
Atlanta, GA 30345
Ph: 404 633 4200

**CHICAGO**
708 Church St,
Suite 235
Evanston, IL 60201
Ph: 312 757 4700

www.kunnathalaw.com




32nd Year of Service 2024

Price $1.00

# കേരളാ എക്സ്പ്രസ്
KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 വഖഫ് ബിൽ സംയുക്ത പാർലമെന്ററി സമിതിക്ക്

8 അങ്കമാലി–എരുമേലി റെയിൽ പാതയ്ക്ക് സാധ്യതയില്ല

10 വിനേഷ് ഫോഗട്ട് ഗുസ്തിയോട് വിടപറഞ്ഞു

12 ബിസിനസ് കോൺക്ലേവ് സമാപിച്ചു

20 റോക്ക്ലാൻഡ് ഇടവകയിൽ കൊടിമരം ആശീർവദിച്ചു

## ഫോമായ്ക്ക് പുതിയ സാരഥികൾ

### ബേബി മണക്കുന്നേൽ ഫോമാ പ്രസിഡന്റ്, ബൈജു വർഗീസ് ജനറൽ സെക്രട്ടറി, സിജിൽ പാലക്കലോടി ട്രഷറർ


ബേബി മണക്കുന്നേൽ
പ്രസിഡണ്ട്


ബൈജു വർഗീസ്
ജനറൽ സെക്രട്ടറി


സിജിൽ ജോർജ് പാലക്കലോടി
ട്രഷറർ


ഷാലു പുന്നൂസ്
വൈസ് പ്രസിഡണ്ട്


പോൾ പി ജോസ്
ജോയിന്റ് സെക്രട്ടറി


അനുപമ കൃഷ്ണൻ
ജോയിന്റ് ട്രഷറർ

**ജോസ് കണിയാലി**

ഹൂസ്റ്റൺ: 2024–2026 ഫോമാ പ്രസിഡന്റായി ബേബി മണക്കുന്നേൽ തെരഞ്ഞെടുക്കപ്പെട്ടു. പുണ്ട കാനയിൽ നടന്ന ഫോമാ കൺവൻഷനോടനുബന്ധിച്ച് നടന്ന വാശിയേറിയ തെരഞ്ഞെടുപ്പിൽ ബേബി മണക്കുന്നേൽ നേതൃത്വം നൽകിയ ടീം ഉജ്വല വിജയം നേടി. ബേബി മണക്കുന്നേൽ പ്രസിഡന്റ്, ബൈജു വർഗീസ് ജനറൽ സെക്രട്ടറി, സിജിൽ പാലക്കലോടി ട്രഷറർ, ഷാലു പുന്നൂസ് വൈസ് പ്രസിഡന്റ്, പോൾ പി. ജോസ് ജോ. സെക്രട്ടറി, അനുപമ കൃഷ്ണൻ ജോ. ട്രഷറർ ആയും തെരഞ്ഞെടുക്കപ്പെട്ടു.

തന്നെയും ടീമിനേയും വിജയിപ്പിച്ച എല്ലാ ഫോമാ വോട്ടർമാർക്കും അദ്ദേഹം നന്ദി രേഖപ്പെടുത്തി. ബേബി ഊരാളിൽ ഇലക്ഷൻ കമ്മീഷൻ ചെയർമാനായും, മാത്യു ചെരുവിൽ, അനു സ്കറിയ എന്നിവർ അംഗങ്ങളായുമുള്ള ഇലക്ഷൻ കമ്മിറ്റി തെരഞ്ഞെടുപ്പിന് നേതൃത്വം നൽകി. വിജയികളെ മോൻസ് ജോസഫ് എം. എൽ.എ അഭിനന്ദിച്ചു.

ബേബി മണക്കുന്നേലിന് 386 വോട്ടും എതിർ സ്ഥാനാർത്ഥി തോമസ് ടി. ഉമ്മന് 128 വോട്ടും ലഭിച്ചു. ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ബൈജു വർഗ്ഗീസിന് 307 വോട്ടും, സാമുവേൽ മത്തായിക്ക് 159 വോട്ടും, മധു നമ്പ്യാർക്ക് 48 വോട്ടും ലഭിച്ചു. ട്രഷററായി വിജയിച്ച സിജിൽ പാലക്കലോടിക്ക് 427 വോട്ടും (ശേഷം 30–ാം പേജിൽ)

## വയനാട് പുനരധിവാസത്തിന് കേന്ദ്രസഹായം നൽകും: മോദി

കൽപറ്റ: കേന്ദ്രസഹായം ലഭിച്ചില്ലെന്ന കാരണത്താൽ വയനാട്ടിലെ പുനരധിവാസ പ്രവർത്തനങ്ങൾ മുടങ്ങില്ലെന്നും കേരളത്തിന്റെ ആവശ്യങ്ങൾ ഉദാരമനസ്സോടെ പരിഗണിക്കുമെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി ഉറപ്പു നൽകി.

ദുരന്തം നേരിടുന്നതിൽ കേരളം ഒറ്റയ്ക്കല്ല. അടിസ്ഥാനസൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും പുനരധിവാസത്തിനും കേന്ദ്രസഹായം ഉണ്ടാകും. ദുരന്തമേഖലകളും ക്യാംപുകളും ആശുപത്രിയും സന്ദർശിച്ചതിനുശേഷം നടന്ന അവലോകന യോഗത്തിലാണ് ഇന്ത്യ കേരളത്തിനൊപ്പമുണ്ടെന്ന ഉറപ്പ് പ്രധാനമന്ത്രി നൽകിയത്.

വയനാട്ടിൽ ഉണ്ടായ ദുരന്തത്തിന്റെ വ്യാപ്തി മനസ്സിലാക്കാൻ കഴിഞ്ഞെന്നു പ്രധാനമന്ത്രി പറഞ്ഞു. ദുരന്തത്തിനിരയായവരുടെ നഷ്ടമായ സ്വപ്നങ്ങൾ തിരിച്ചുപിടിക്കാൻ എല്ലാ സഹായവും ചെയ്യും. ദുരിതാശ്വാസ ക്യാംപിലും ആശുപത്രിയിലുമൊക്കെ കണ്ടവരിൽനിന്ന് അവർ അനുഭവിച്ച ദുഃഖം മനസ്സിലാക്കാൻ കഴിഞ്ഞു. കേരളത്തിന് എന്ത് ആവശ്യമുണ്ടെങ്കിലും കേന്ദ്രത്തെ അറിയിക്കാം. മുഖ്യമന്ത്രിയോടു വിശദമായ നിവേദനം നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ദുരന്തമേഖലയിൽ സ്കൂൾ, റോഡ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിൽ കേന്ദ്രം ഒപ്പമുണ്ടാകും. ഉരുൾപൊട്ടലുണ്ടായപ്പോൾത്തന്നെ കേന്ദ്രം ഇടപെട്ടിരുന്നു.

കുടുംബത്തിലെ എല്ലാ അംഗങ്ങളും നഷ്ടപ്പെട്ട (ശേഷം 24–ാം പേജിൽ)


വയനാട് സന്ദർശിക്കാനെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദി ദുരന്തബാധിത പ്രദേശം സന്ദർശിക്കുന്നു

## പീറ്റർ കുളങ്ങരയ്ക്ക് ഫോമാ ലൈഫ്ടൈം അച്ചീവ്മെന്റ് അവാർഡ്



ചാരിറ്റി പ്രവർത്തനങ്ങളെ മാനിച്ച് ഫോമാ ലൈഫ്ടൈം അച്ചീവ്മെന്റ് അവാർഡ് ലഭിച്ച പീറ്റർ കുളങ്ങര (ചിക്കാഗോ) മോൻസ് ജോസഫ് എംഎൽഎയിൽ നിന്നും അവാർഡ് സ്വീകരിക്കുന്നു.

## ഷെൽ കമ്പനികളിൽ സെബി ചെയർപേഴ്സന് നിക്ഷേപമുണ്ടെന്ന് ഹിൻഡൻബർഗ്

ന്യൂഡൽഹി: ഇന്ത്യയുമായി ബന്ധപ്പെട്ടു പുതിയ വൻ വെളിപ്പെടുത്തൽ നടത്തി അമേരിക്കൻ നിക്ഷേപ, ഗവേഷണ സ്ഥാപനമായ ഹിൻഡൻബർഗ് റിസേർച്ച്. ഇന്ത്യൻ ഓഹരി വിപണിയെ നിയന്ത്രിക്കുന്ന സ്ഥാപനമായ സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യയുടെ (സെബി) ചെയർപേഴ്സൺ മാധബി പൂരി ബൂച്ചിന് അദാനി ഗ്രൂപ്പിന്റെ വിദേശത്തെ ഷെൽ കമ്പനികളിൽ നിക്ഷേപമുണ്ടെന്നാണ് പുതിയ വെളിപ്പെടുത്തൽ. നേരത്തെ തങ്ങൾ പുറത്തുവിട്ട അദാനി ഓഹരിത്തട്ടിപ്പിൽ വിശദമായ (ശേഷം 24–ാം പേജിൽ)

# വഖഫ് ബിൽ സംയുക്ത പാർലമെന്ററി സമിതിക്ക്; കേരളത്തിൽനിന്ന് ആരുമില്ല

ന്യൂഡൽഹി: കേന്ദ്ര ന്യൂനപക്ഷകാര്യമന്ത്രി കിരൺ റിജിജു അവതരിപ്പിച്ച വഖഫ് നിയമഭേദഗതി ബില്ലിനെതിരെ ലോക്സഭയിൽ 'ഇന്ത്യ'സഖ്യനേതാക്കളുടെ പ്രതിഷേധത്തെ തുടർന്നു ബിൽ സംയുക്ത പാർലമെന്ററി സമിതി (ജെ.പി.സി)ക്കു വിട്ടു.

വഖഫ് ഭേദഗതി ബിൽ പരിശോധിക്കുന്നതിനുള്ള 31 അംഗ സംയുക്ത പാർലമെന്ററി സമിതി (ജെപിസി) രൂപീകരിച്ചപ്പോൾ കേരളത്തിൽനിന്ന് ആരുമില്ല. 14 പാർട്ടികൾക്കു പ്രാതിനിധ്യം നൽകിയപ്പോൾ ബില്ലിനെതിരെ ശക്തമായി രംഗത്തുവന്ന മുസ്‌ലിം ലീഗിനെ ഉൾപ്പെടുത്തിയില്ല. ലോക്സഭയിൽ നിന്ന് 21 അംഗങ്ങളും രാജ്യസഭയിൽനിന്ന് 10 അംഗങ്ങളുമാണുള്ളത്. ഒരംഗം മാത്രമുള്ള എഐഎംഐഎമിന്റെ അസദുദ്ദീൻ ഉവൈസിയെ വരെ പരിഗണിച്ചപ്പോൾ ഇരുസഭകളിലുമായി അഞ്ച് അംഗങ്ങളുള്ള ലീഗിനെ പരിഗണിക്കാത്തതു പരാതിക്കിടയാക്കി. ലീഗ് അംഗം ഇ.ടി. മുഹമ്മദ് ബഷീർ സ്പീക്കർ ഓം ബിർലയെയും പാർലമെന്ററികാര്യ മന്ത്രി കിരൺ റിജിജുവിനെയും കണ്ടു പരാതിയറിയിച്ചു.

എൻഡിഎയിൽനിന്ന് 16 പേരും ഇന്ത്യാസഖ്യത്തിൽനിന്ന് 12 പേരും സമിതിയിലുണ്ട്. ഇരു മുന്നണികളിലും പെടാത്തവർ-3. മുസ്‌ലിം സമുദായത്തിൽനിന്ന് എട്ട് പേരാണ് സമിതിയിലുള്ളത്. ബിജെപിയുടെ ഏക മുസ്‌ലിം പാർലമെന്റ് അംഗമായ (രാജ്യസഭ) ഗുലാം അലിയും ഇതിൽപ്പെടും. അടുത്ത പാർലമെന്റ് സമ്മേളനത്തിന്റെ ആദ്യ ആഴ്ച അവസാനിക്കും മുൻപ് സമിതി റിപ്പോർട്ട് സമർപ്പിക്കണം. അധ്യക്ഷനെ പ്രഖ്യാപിച്ചിട്ടില്ല.

ബിജെപിയിൽനിന്ന് ജഗദംബിക പാൽ, നിഷികാന്ത് ദുബെ, തേജസ്വി സൂര്യ, അപരാജിത സാരംഗി, അഭിജിത് ഗംഗോപാധ്യായ, ഗുലാം അലി, രാധാ മോഹൻദാസ് അഗർവാൾ അടക്കമുള്ളവരുണ്ട്. ഗൗരവ് ഗൊഗോയ്, ഇമ്രാൻ മസൂദ്, മുഹമ്മദ് ജാവേദ്, സയീദ് നസീർ ഹുസൈൻ എന്നിവരാണ് കോൺഗ്രസിനെ പ്രതിനിധീകരിക്കുന്നത്. കല്യാൺ ബാനർജി, മുഹമ്മദ് നദിമുൽ ഹഖ് (തൃണമൂൽ), എ. രാജ (ഡിഎംകെ), സഞ്ജയ് സിങ് (എഎപി), വി.വിജയ്സായി റെഡ്ഡി (വൈഎസ്ആർസിപി) തുടങ്ങിയവരും സമിതിയിലുണ്ട്.

ഇന്ത്യയിലെ വഖഫ് ബോർഡുകൾ വിരലിലെണ്ണാവുന്ന ചിലർ പിടിച്ചെടുത്തിരിക്കുകയാണെന്നും സാധാരണക്കാരായ മുസ്‌ലിംകൾക്കു നീതി ലഭിക്കുന്നില്ലെന്നും ബിൽ സംബന്ധിച്ച ചർച്ചകൾക്കു മറുപടി പറഞ്ഞ കേന്ദ്ര ന്യൂനപക്ഷകാര്യമന്ത്രി കിരൺ റിജിജു ആരോപിച്ചു.

വർഷങ്ങളായുള്ള നിരവധി അന്വേഷണ റിപ്പോർട്ടുകളുടെയും ലക്ഷക്കണക്കിന് ആളുകളുമായുള്ള ആശയവിനിമയത്തിന്റെയും (ശേഷം 24-ാം പേജിൽ)


# സഹ. സംഘങ്ങളിൽ ഡിജിറ്റൽ സംവിധാനം ഏർപ്പെടുത്തുന്നു

തിരുവനന്തപുരം: ഡിജിറ്റൽ ഇടപാട് പ്രോത്സാഹിപ്പിക്കാനും പ്രദേശിക തലത്തിൽ ബാങ്കിങ് സേവനം മെച്ചപ്പെടുത്താനും വില്ലേജുതലത്തിൽ വായ്പേതര സഹകരണസംഘങ്ങൾക്കും ബാങ്കിങ് പ്രവർത്തനത്തിന് അനുമതി നൽകാൻ കേന്ദ്രസർക്കാർ. ബാങ്കിങ് കറസ്പോണ്ടന്റ് എന്ന നിലയിലാണ് വലിയ മാറ്റത്തിന് വഴിതുറക്കുന്ന അനുമതി നൽകുക.

സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളുടെ ബാങ്കിങ് കറസ്പോണ്ടന്റായി കാർഷിക അനുബന്ധമേഖലകളിലായി പ്രവർത്തിക്കുന്ന എല്ലാ വിഭാഗം പ്രാഥമിക സഹകരണ സംഘങ്ങളെയും അനുവദിക്കണമെന്നാണ് നിർദേശം. ക്ഷീരസംഘങ്ങൾക്കടക്കം അനുമതി ലഭിക്കും.

തൊഴിലാളികളും സാധാരണക്കാരുമായ ഒട്ടേറെപ്പേരാണ് സഹകരണ സംഘങ്ങളിലെ അംഗങ്ങൾ. സർക്കാർപദ്ധതികളുടെ സഹായം, സബ്സിഡി എന്നിവയെല്ലാം നേരിട്ട് എളുപ്പത്തിൽ ലഭ്യമാക്കുന്നതിന് ഇതിലൂടെ കഴിയുമെന്നാണ് കേന്ദ്രത്തിന്റെ വിലയിരുത്തൽ. കേരളത്തിൽ കേരളബാങ്കിനാണ് ഈ സേവനം പ്രാഥമിക സംഘങ്ങൾക്ക് നൽകാനാകുന്നത്. കേരളത്തിൽ സഹകരണസംഘം രജിസ്ട്രാർക്ക് കീഴിൽ 12,241 പ്രാഥമിക സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ക്ഷീരവകുപ്പിനുകീഴിൽ 3370 സംഘങ്ങളുമുണ്ട്. 653 മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങളുമുണ്ട്.

# ബുദ്ധദേവ് ഭട്ടാചാര്യ അന്തരിച്ചു



കൊൽക്കത്ത: പശ്ചിമ ബംഗാൾ മുൻ മുഖ്യമന്ത്രിയും മുതിർന്ന സിപിഎം നേതാവുമായ ബുദ്ധദേവ് ഭട്ടാചാര്യ (80) അന്തരിച്ചു. ശ്വാസകോശ സംബന്ധമായ അസുഖത്തെ തുടർന്ന് ചികിത്സയിലായിരുന്നു. 2000 മുതൽ 2011 വരെ ബംഗാൾ മുഖ്യമന്ത്രിയായിരുന്ന ഭട്ടാചാര്യ സിപിഎം പൊളിറ്റ് ബ്യൂറോ മുൻ അംഗമാണ്. ഭാര്യ മീര. മകൻ സുചേതൻ. ജ്യോതിബസുവിന്റെ പിൻഗാമിയായാണ് ബുദ്ധദേവ് മുഖ്യമന്ത്രി പദവിയിലെത്തിയത്. 2001, 2006 നിയമസഭാ തെരഞ്ഞെടുപ്പുകളിൽ സിപിഎമ്മിനെ വിജയത്തിലേക്കു നയിച്ചു. 34 വർഷത്തെ സിപിഎം ഭരണം അവസാനിച്ചതും അദ്ദേഹത്തിന്റെ കാലത്താണ്. 2011-ലെ തെരഞ്ഞെടുപ്പിൽ തൃണമൂൽ കോൺഗ്രസ് അധികാരത്തിലെത്തി.

കൊൽക്കത്ത പ്രസിഡൻസി കോളജിലെ പൂർവവിദ്യാർത്ഥിയായ ഭട്ടാചാര്യ രാഷ്ട്രീയപ്രവർത്തകനാകുന്നതിന് മുമ്പ് സ്കൂൾ അദ്ധ്യാപകനായിരുന്നു. എംഎൽഎ ആയും സംസ്ഥാന മന്ത്രിയായും സേവനമനുഷ്ഠിച്ചശേഷം 2000-ൽ ബസു സ്ഥാനമൊഴിയുന്നതിനു മുമ്പ് ഉപമുഖ്യമന്ത്രിയായി സ്ഥാനമേറ്റു. ലളിതമായ ജീവിതം പിന്തുടർന്നിരുന്ന ഭട്ടാചാര്യ, പാം അവന്യൂവിലുള്ള രണ്ട് കിടപ്പുമുറികളുള്ള ഫ്ളാറ്റിലാണ് താമസിച്ചിരുന്നത്. അദ്ദേഹത്തിന്റെ ആഗ്രഹപ്രകാരം മൃതശരീരം വൈദ്യഗവേഷണത്തിനായി ദാനം ചെയ്തു.

ഭട്ടാചാര്യയുടെ ഭരണകാലത്ത് ഇടതുമുന്നണി സർക്കാർ ജ്യോതിബസുവിന്റെ ഭരണത്തെ അപേക്ഷിച്ച് വ്യവസായ മേഖലയോട് താരതമ്യേന തുറന്ന നയമാണ് സ്വീകരിച്ചത്. എന്നാൽ, ഈ നയവും വ്യവസായവൽക്കരണവുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കലുകളുമാണ് 2011 തെരഞ്ഞെടുപ്പിൽ ഇടതുപക്ഷത്തിന്റെ വൻ പരാജയത്തിനു വഴിയൊരുക്കിയത്. പ്രധാനമന്ത്രി നരേന്ദ്ര മോദി, ഗവർണർ സി.വി. ആനന്ദബോസ്, മുഖ്യമന്ത്രി മമതാ ബാനർജി, സിപിഎം ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരി തുടങ്ങിയവർ ബുദ്ധദേവിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി.

# തുംഗഭദ്ര ഡാമിന്റെ ഗേറ്റ് തകർന്നു

അമരാവതി: തുംഗഭദ്ര അണക്കെട്ടിന്റെ പത്തൊമ്പതാം നമ്പർ ഗേറ്റ് കനത്ത ജലപ്രവാഹത്തിൽ ഒഴുകിപ്പോയതിനെത്തുടർന്ന് ഡാമിലെ അവശേഷിച്ച 33 ഗേറ്റുകളും തുറന്ന് വെള്ളം ഒഴുക്കിവിട്ട് വൻ അപകടം ഒഴിവാക്കി.

ആഗസ്റ്റ് ഒന്നിന് രാവിലെവരെ ഒരു ലക്ഷം ക്യൂസെക്സ് ജലം പുറത്തേക്കുവിട്ടുവെന്നാണ് ഡാം അധികൃതർ പറയുന്നത്. സംഭവത്തെത്തുടർന്ന് കർണാടക, ആന്ധ്രപ്രദേശ് സംസ്ഥാനങ്ങളിൽ അതീവ ജാഗ്രത തുടരുകയാണ്. ഇതുവരെ ആളപായം ഉണ്ടായിട്ടില്ല.

നദിയുടെ തീരപ്രദേശങ്ങളിലുള്ളവർക്ക് അധികൃതർ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ജലവിഭവവകുപ്പിന്റെ ചുമതലയുള്ള കർണാടക ഉപമുഖ്യമന്ത്രി ഡി.കെ. ശിവകുമാർ ഡാം പരിസരത്ത് പരിശോധന നടത്തി. ആന്ധ്രപ്രദേശ് മുഖ്യമന്ത്രി എൻ. ചന്ദ്രബാബു നായിഡു വിദഗ്ധസംഘത്തെ അയയ്ക്കുകയും ചെയ്തു.

ആഗസ്റ്റ് 10-ന് ശനിയാഴ്ച രാത്രിയോടെ പത്തൊമ്പതാം നമ്പർ ഷട്ടറിന്റെ ഗേറ്റുകൾ നിയന്ത്രിക്കുന്ന വടം പൊട്ടിയതാണ് അപകടകാരണം. കുത്തൊഴുക്ക് ഒരു ഭാഗത്ത് കേന്ദ്രീകരിച്ച് ഡാമിനു കേടുപാട് പറ്റാതിരിക്കാൻ മുഴുവൻ ഷട്ടറുകളും തുറക്കുകയായിരുന്നു. കേരളത്തിൽ വലിയ ചർച്ചാവിഷയമായ മുല്ലപ്പെരിയാർ അണക്കെട്ട് പോലെ സുർക്കി മിശ്രിതം ഉപയോഗിച്ചാണു തുംഗഭദ്ര അണക്കെട്ടിന്റെ പ്രാഥമിക നിർമാണം. തുടർനിർമാണ പ്രവർത്തനങ്ങൾക്കു മാത്രമാണ് സിമന്റ് ഉപയോഗിച്ചത്.

1949-ൽ പഴയ ഹൈദരാബാദും മദ്രാസും സംയുക്തമായാണ് അണക്കെട്ട് നിർമിച്ചത്. 1950-ൽ മൈസൂരിന്റെയും ഹൈദരാബാദിന്റെയും പദ്ധതിയായി മാറ്റുകയും ചെയ്തു.



തുംഗഭദ്ര അണക്കെട്ടിലെ പത്തൊമ്പതാം നമ്പർ ഷട്ടറിന്റെ ഗേറ്റുകൾ കനത്ത ജലപ്രവാഹത്തിൽ ഒഴുകിപ്പോയതിനെത്തുടർന്ന് 33 ഗേറ്റുകളും തുറന്ന് വെള്ളം ഒഴുക്കിവിട്ടപ്പോൾ.

# കുട്ടി അഹമ്മദ്കുട്ടി അന്തരിച്ചു



താനൂർ: മുൻമന്ത്രിയും മുസ്‌ലിം ലീഗ് സംസ്ഥാന സെക്രട്ടേറിയറ്റ് അംഗവുമായ കെ. കുട്ടി മഹമ്മദ് കുട്ടി (71) അന്തരിച്ചു. 2004-ലെ ഉമ്മൻ ചാണ്ടി മന്ത്രിസഭയിൽ തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രിയായിരുന്നു.

വായനയും എഴുത്തും ജീവിതസപര്യയാക്കിയ അദ്ദേഹം മുസ്‌ലിം ലീഗിന്റെ ധൈഷണിക മുഖമായിരുന്നു. രണ്ട് തവണ താനൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടായി. 1992-ൽ ഉപതെരഞ്ഞെടുപ്പിൽ താനൂരിൽ നിന്നും 1996-ലും 2001-ലും തിരൂരങ്ങാടിയിൽ നിന്നും നിയമസഭാംഗമായി തെരഞ്ഞെടുക്കപ്പെട്ടു. പ്രഥമ മലപ്പുറം ജില്ലാകൗൺസിൽ വൈസ് പ്രസിഡണ്ട്, മലപ്പുറം ജില്ലാപഞ്ചായത്ത് പൊതുമരാമത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ, തദ്ദേശ സ്വയംഭരണവകുപ്പ് കമ്മീഷൻ ചെയർമാൻ, മുസ്‌ലിം ലീഗ് സംസ്ഥാന സെക്രട്ടറി, വൈസ് പ്രസിഡണ്ട് പരിസ്ഥിതി സംരക്ഷണ സമിതി ചെയർമാൻ എന്നീ പദവികൾ വഹിച്ചിട്ടുണ്ട്.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXII
Number 33
August 16, 2024

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

KERALA EXPRESS (USPS 011-008) is published Weekly for $54.00 per year by Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

## മഹദ്വചനം

വായിക്കാൻ സമയമില്ലെന്നു പറയുന്നവൻ ബുദ്ധിപരമായി ആത്മഹത്യ ചെയ്യുന്നു.
**തോമസ് ഡ്രയർ**

ചരിത്രം ഉന്നതരായ വ്യക്തികളുടെ മാത്രം ചരിത്രമാണ്.
**തോമസ് മാർത്തുസ്**






Steve Crifase

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

## Trusted Representation
## Achieves Aggressive Financial Results

- ★Over $ 50M Recovered and Collected For Our Clients
- ★Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
- ★Free Confidential Consultation On All Matters Home Visits Available
- ★Personal Injuries-Wrongful Death - Work Injuries

Your call is Always Welcome

# Crifase Law Firm

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, IL 60603

312-855-0511

**Serious Lawyers For Serious Cases**
**Call Today To See What Your Case Is Really Worth**
**Recent Financial Recoveries**
**For Our Clients And Their Families**

| | |
|---|---|
| $1,500,000.00 | Jury Verdict Car Crash Neck Injury |
| $5,000,000.00 | Car Crash – Brain Injury |
| $700,000.00 | Medical Malpractice Stillborn Baby |
| $1,500,000.00 | Wrongful Death – Car Crash |
| $750,000.00 | Medical Malpractice – Fetal Injury |
| $600,000.00 | Medical Malpractice – Fetal Injury |
| $200,000.00 | Work Injury – Shoulder Surgery |
| $149,000.00 | Slip and Fall – Knee Injury |
| $239,000.00 | Work Injury – Shoulder Surgery |
| $190,000.00 | Car Crash – Back Injury |
| $338,000.00 | Work Injury – Shoulder/Wrist Surgery |

**We Want A Long Term Relationship With You**

Steve Crifase
http://www.crifaselaw.com/
Steve@CrifaseLaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago IL 60603
Phone: (312) 855-0511
Fax: (312) 855- 0537

**Fee Discounts Available To Malayalee Clients On Specific Cases**

BBB A+ Rating Better Business Bureau
AV PREEMINENT Peer Rated for Highest Level of Professional Excellence 2024

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# ബംഗ്ലാദേശ് നൽകുന്ന പാഠങ്ങൾ

ജനാധിപത്യത്തിന്റെ പഴുതുകളുപയോഗിച്ച് ഏകാധിപത്യ ഭരണത്തിനു ശ്രമിക്കുന്നവർക്കെല്ലാം ശക്തമായ മുന്നറിയിപ്പാണ് ബംഗ്ലാദേശ്. വികസന ക്കുതിപ്പിനൊപ്പം നീതിയും സമത്വവും സ്വാതന്ത്ര്യവും ഉറപ്പാക്കുകയും അഴി മതിക്കാരെ അകറ്റിനിർത്തുകയും ചെയ്തില്ലെങ്കിൽ ഭരണത്തിലിരിക്കാൻ പാർലമെന്റിലെ ഭൂരിപക്ഷത്തിന്റെ പിൻബലം മതിയാകില്ലെന്നും ബംഗ്ലാദേശ് പഠിപ്പിക്കുന്നുണ്ട്. ഒപ്പം, സൈനിക മേൽക്കോയ്മയും മതരാഷ്ട്ര ചിന്തകളും വർഗീയശക്തികളുടെ അഴിഞ്ഞാട്ടങ്ങളും ജനാധിപത്യത്തോട് ഒരിക്കലും ചേർന്നുപോകില്ലെന്നും തെളിയിക്കപ്പെടുന്നു. ഇന്ത്യക്കൊപ്പം സ്വതന്ത്രമായ പാക്കിസ്ഥാനും പിന്നീട് 1971-ൽ പാക്കിസ്ഥാനിൽനിന്ന് സ്വാതന്ത്ര്യം നേടിയ ബംഗ്ലാദേശും ഇപ്പോഴും അസ്വസ്ഥവും അസ്ഥിരവുമായി തുടരുന്നതിനു പിന്നിൽ പല കാരണങ്ങളുണ്ടെങ്കിലും ജനാധിപത്യവിരുദ്ധത മുഖ്യവിഷയ മാണ്. ജനാധിപത്യത്തിനു പൂർണമായി വഴങ്ങാൻ വിമുഖത കാട്ടുന്ന ഭര ണാധികാരികൾ സൂക്ഷ്മതയോടെ നിരീക്ഷിക്കുകയും സ്വയംവിമർശന ത്തോടെ ഉൾക്കൊള്ളുകയും ചെയ്യേണ്ട പല പാഠങ്ങളും ബംഗ്ലാദേശ് നൽകു ന്നുണ്ട്.

ഹസീനയുടെ ഭരണത്തിൽ ബംഗ്ലാദേശ് വലിയ കുതിപ്പാണു നടത്തിയ ത്. 2023-ൽ ആളോഹരി ജിഡിപിയിൽ ഇന്ത്യയേക്കാൾ വളർച്ച നേടിയ രാജ്യ മാണ് ബംഗ്ലാദേശ്. 2013-23 കാലയളവിൽ ഏഷ്യ-പസഫിക് മേഖലയിൽ 4.3 ശതമാനമായിരുന്നു ശരാശരി സാമ്പത്തികവളർച്ചയെങ്കിൽ ബംഗ്ലാദേശിന്റെ വളർച്ച 6.5 ശതമാനമാണ്. ഈ കാലയളവിൽ ബംഗ്ലാദേശിലെ ആരോഗ്യ-വിദ്യാഭ്യാസ മേഖലയിലും വലിയ മുന്നേറ്റമുണ്ടായി. 2020-ലെ മാനവ വിക സന ഇൻഡെക്സിലും ബംഗ്ലാദേശ് ഇന്ത്യയേക്കാൾ മികച്ച നേട്ടം കൈവരി ച്ചു. ശിശുമരണനിരക്കു കുറയ്ക്കുന്നതിലും ബംഗ്ലാദേശ് മികവു കാട്ടി. 1973 -ൽ 151.4 ആയിരുന്ന ശിശുമരണനിരക്ക് 2022-ൽ 24.1-ലേക്ക് കുറച്ചുകൊണ്ടു വന്നു. എന്നാൽ, ഇത്തരം സാമൂഹിക-സാമ്പത്തിക നേട്ടങ്ങൾക്കിടയിലും രാജ്യത്തെ രാഷ്ട്രീയ അവകാശങ്ങളും വൈവിധ്യങ്ങളും വലിയ വെല്ലുവിളി നേരിട്ടു. ജനകീയ അവകാശങ്ങളും സംഘടനാ സ്വാതന്ത്ര്യവും നിയമവാ ഴ്ചയും ഹനിക്കപ്പെട്ടു.

'അധികാരം ദുഷിപ്പിക്കും' എന്ന ആപ്തവാക്യം ശരിവെക്കുന്നതാണ് ഷെയ്ഖ് ഹസീനയുടെ രാഷ്ട്രീയജീവിതം. ബംഗ്ലാദേശിന്റെ രാഷ്ട്രപിതാ വായ ഷെയ്ഖ് മുജീബുർ റഹ്മാന്റെ ഈ മകൾക്ക് ജനകീയതയുടെ പരിലാ ളനങ്ങൾ ഏറ്റുവാങ്ങിയ പൂർവചരിത്രമാണുള്ളത്.

1996-ൽ ആദ്യമായി പ്രധാനമന്ത്രി പദത്തിലെത്തിയ ഹസീന പിന്നീട് 2008 മുതൽ തുടർച്ചയായി ഭരണത്തിലിരിക്കുകയായിരുന്നു. ജനത്തെ നോക്കു കുത്തിയാക്കിയും പ്രതിപക്ഷത്തെയും എതിർ ശബ്ദങ്ങളെയും നിഷ്ഠൂരമായി നേരിട്ടും അധികാരത്തിൽ പിടിമുറുക്കി. കഴിഞ്ഞ ജനുവരിയിൽ നടന്ന പൊതു തെരഞ്ഞെടുപ്പിൽ തുടർച്ചയായി നാലാംവട്ടമാണ് ഭരണത്തിലെത്തിയത്. മുഖ്യ പ്രതിപക്ഷകക്ഷിയായ ബംഗ്ലാദേശ് നാഷണലിസ്റ്റ് പാർട്ടി (ബി.എൻ.പി.) ഉൾപ്പെടെ പതിനാലു കക്ഷികൾ ബഹിഷ്കരിച്ച വോട്ടെടുപ്പായിരുന്നു ഇത്. മുഖ്യ പ്രതിപക്ഷ പാർട്ടിയായ ബംഗ്ലാദേശ് നാഷണലിസ്റ്റ് പാർട്ടി നേതാവ് ഖാലിദ സിയയെ ജയിലിലടയ്ക്കുകയും ചെയ്തു.

തൊഴിലില്ലായ്മ പെരുകിയതും സംവരണനയത്തിലെ പാളിച്ചകളും ഹസീ നയ്ക്കു വിനയായി. ഭരണശൈലിയോടുള്ള എതിർപ്പും സൈന്യത്തിനുള്ളിൽ ശക്തിപ്പെട്ടുവന്ന താൽപര്യക്കുറവും ഷെയ്ഖ് ഹസീനയുടെ പതനം വേഗ ത്തിലാക്കിയെന്നു പറയാം. പ്രക്ഷോഭം ഉരുക്കുമുഷ്ടി ഉപയോഗിച്ച് അടിച്ച മർത്തുമെന്നാണു പ്രധാനമന്ത്രി പ്രഖ്യാപിച്ചത്. കണ്ടാലുടൻ വെടിവെക്കാ നുള്ള ഉത്തരവാണു പലയിടത്തും പട്ടാളത്തിനു നൽകിയത്. ആഗസ്റ്റ് നാലിന് ഞായറാഴ്ച മാത്രം ഏറ്റുമുട്ടലുകളിൽ നൂറോളംപേർ കൊല്ലപ്പെട്ടു. സമൂഹ മാധ്യമങ്ങൾക്കു വിലക്കേർപ്പെടുത്തി.

മറ്റെന്തൊക്കെപ്പറഞ്ഞാലും, ഹസീനയുടെ സ്ഥാനത്യാഗത്തോടെ ഇന്ത്യക്ക് അയൽപക്കത്തെ സുഹൃത്തിനെയാണു നഷ്ടപ്പെട്ടിരിക്കുന്നത്. പാക് സ്വാധീനത്തിനു വഴങ്ങാത്ത, ബംഗ്ലാദേശ് വിമോചനത്തിനു നൽകിയ സഹായത്തിന്റെ പേരിൽ ഇന്ത്യയോട് എന്നും കൃതജ്ഞത സൂക്ഷിച്ചു. 1970 -കളിലെ ഇന്ത്യൻവാസക്കാലത്ത് രാഷ്ട്രീയപരിചയമാർജിച്ച നേതാവാണ് ഷെയ്ഖ് ഹസീന.

ബംഗ്ലാദേശിൽ ഹസീനയ്ക്കും അവരുടെ പാർട്ടിയായ അവാമി ലീഗിനു മെതിരു നിൽക്കുന്ന രാഷ്ട്രീയകക്ഷികൾ ഇന്ത്യയോട് അനുഭാവമുള്ളവര ല്ല. ആ രാജ്യം വീണ്ടും സൈന്യത്തിന്റെ നിയന്ത്രണത്തിലേക്കു നീങ്ങുന്നതും നമുക്ക് അനുഗുണമല്ല. ബംഗ്ലാദേശിലെ രാഷ്ട്രീയമാറ്റങ്ങൾ ഇന്ത്യൻ നയത ന്ത്രത്തിനു പുതിയൊരു പരീക്ഷണകാലം സമ്മാനിച്ചേക്കാം. അയൽരാജ്യ ത്തുണ്ടായ അരാജകത്വത്തിന്റെ അസ്വസ്ഥതകൾ ഇന്ത്യയിലേക്കും പടരാതി രിക്കാൻ നമ്മുടെ ഭരണാധികാരികൾ അതീവജാഗ്രത പുലർത്തേണ്ടിയിരി ക്കുന്നു. ഒപ്പം, ബംഗ്ലാദേശ് നൽകുന്ന പാഠങ്ങൾ പഠനവിധേയമാക്കുകയും വേണം.

# ഉരുൾപൊട്ടലിനു കാരണം ക്വാറികളല്ല

കൊച്ചി: വയനാട് ചൂരൽമല, മു ണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തകാര ണം ക്വാറികളല്ലെന്നു സർക്കാർതല അന്വേഷണ റിപ്പോർട്ട്. ഈ പ്രദേശത്ത് അനധികൃത ക്വാറികളില്ല. അതിനാൽ, ക്വാറികളാണു ദുരന്തത്തിനു കാരണ മെന്ന വാദം ശരിയല്ലെന്നു വയനാട് ജി ല്ലാ കളക്ടർ സർക്കാരിനു സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്നു.

കാലാവസ്ഥാ വ്യതിയാനമാണു മ ണ്ണിടിച്ചിലിനു കാരണം. ഉരുൾപൊട്ടൽ നടന്ന മുണ്ടക്കൈ, ചൂരൽമല മേഖല യിൽ മൂന്നു പഞ്ചായത്തുകളിലായി മു പ്പതിൽപരം റിസോർട്ടുകളുണ്ട്. ഇടത്ത രം റിസോർട്ടുകളാണു പലതും. സുര ക്ഷിതമല്ലാതെ കിഴുക്കാംതൂക്കായ സ്ഥ ലത്താണു ഇവ നിർമ്മിച്ചിരിക്കുന്നത്. കെട്ടിടങ്ങൾ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ നിർമ്മിച്ചതാണു ദുരന്ത ത്തിന്റെ ആഴം വർധിപ്പിച്ചതെന്നും റി പ്പോർട്ടിൽ പറയുന്നു. കേരളത്തിൽ അ ടിക്കടി അപ്രതീക്ഷിതമായി കനത്ത മഴയും നാശവും ഉണ്ടാകുന്നതിനു കാ ലാവസ്ഥ വ്യതിയാനവുമായുള്ള അ ടുത്ത ബന്ധം പരിസ്ഥിതി ഗവേഷകർ ചൂണ്ടിക്കാട്ടുന്നുണ്ടെന്നും റിപ്പോർട്ടിൽ വ്യക്തമാക്കുന്നു. കളക്ടറുടെ റിപ്പോ ർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന പരിസ്ഥിതി വകുപ്പ് ദേശീയ ഹരിത ട്രി ബ്യൂണലിനു (എൻജിടി) മറുപടി നൽകും. ദുരന്തത്തിന്റെ കാരണം വ്യ ക്തമാക്കി റിപ്പോർട്ട് നൽകണമെന്നു കേരള സർക്കാരിനു എൻജിടി സതേ ൺ ബഞ്ച് നിർദ്ദേശം നൽകിയിരുന്നു. കരിങ്കൽ ക്വാറികൾക്കു അനധികൃത മായി പെർമിറ്റ് നൽകിയതാണോ, പരി സ്ഥിതി നാശമാണോ കാരണമെന്നു പ രിശോധിക്കണമെന്നാണു മാധ്യമ വാ ർത്തകളുടെ അടിസ്ഥാനത്തിൽ സ്വമേ ധയാ എടുത്ത കേസിൽ ചെന്നൈ ആ സ്ഥാനമായ എൻജിടി ദക്ഷിണമേഖ ലാ ബഞ്ചിന്റെ നിർദേശം. കേരള ദുര ന്ത നിവാരണ അതോറിറ്റി ചെയർമാൻ കൂടിയായ സംസ്ഥാന ചീഫ് സെക്രട്ട റിയാണു റിപ്പോർട്ട് നൽകേണ്ടത്. ക ഴിഞ്ഞ രണ്ടിനു റിപ്പോർട്ട് സമർപ്പിക്കാ നായിരുന്നു ആവശ്യപ്പെട്ടതെങ്കിലും സർക്കാർ കൂടുതൽ സമയം ചോദിക്കു കയായിരുന്നു. വിഷയം നാളെ വീണ്ടും എൻജിടി പരിഗണിക്കും.

മൈനിംഗ് ആൻഡ് ജിയോളജി വ കുപ്പും പരിസ്ഥിതി വകുപ്പും സംയു ക്തമായാണു ദുരന്തസ്ഥലത്തു പരി ശോധന നടത്തിയത്. തുടർന്നു ജില്ലാ കളക്ടർക്കു പ്രാഥമിക പരിശോധന റി പ്പോർട്ട് കൈമാറുകയായിരുന്നു. ക്വാറി കളാണു മണ്ണിടിച്ചിലിന്റെ പ്രധാന കാര ണമെന്നു കേന്ദ്ര മന്ത്രിമാർ ഉൾപ്പെടെ യുള്ളവർ പാർലമെന്റിൽ ആരോപണ മുന്നയിച്ചിരുന്നു. അനധികൃത കുടിയേ റ്റത്തിനു ഒത്താശചെയ്യുന്നതും അനധി കൃത കരിങ്കൽ ക്വാറികൾക്കു അനുമ തി നൽകുന്നതും രാഷ്ട്രീയ പാർട്ടിക ളും സർക്കാരുകളുമാണെന്നാണു കേ ന്ദ്രമന്ത്രി പറഞ്ഞത്. ഇക്കാര്യം പരി സ്ഥിതി വിദഗ്ധരും ആവർത്തിച്ചിരു ന്നു. 1950-നും 2018-നുമിടയിൽ വയ നാട് ജില്ലയിലെ വനവിസ്തൃതി 62 ശ തമാനമാണു കുറഞ്ഞത്. ബഹിരാകാ ശ ഗവേഷണ സ്ഥാപനമായ ഐഎ സ്ആർഒയുടെ ദേശീയ വിദൂര സംവേ ദനകേന്ദ്രം കഴിഞ്ഞ വർഷത്തെ പഠന റിപ്പോർട്ട് പ്രകാരം ഉരുൾപൊട്ടൽ, മ ണ്ണിടിച്ചിൽ സാധ്യത കൂടിയ ഇന്ത്യയി ലെ 30 ജില്ലകളിൽ 13-ാം സ്ഥാനത്താ ണ് വയനാട്. വയനാട്ടിൽ പശ്ചിമ ഘട്ട ത്തിന്റെ കിഴക്കൻ ചെരിവിൽനിന്നു 4,000-ൽപരം കുടുംബങ്ങളെ മാറ്റി പാ ർപ്പിക്കണമെന്നു നാലു വർഷം മുമ്പു സംസ്ഥാന ദുരന്തകാര്യ അതോറിറ്റി ത



ന്നെ നിർദേശിച്ചതാണ്.

2018-ൽ നൂറോളം മണ്ണിടിച്ചിൽ സംഭവങ്ങൾ വയനാട്ടിലും സമീപ പ ശ്ചിമഘട്ട മേഖലകളിലുമുണ്ടായി. എന്നാൽ ശിപാർശകൾ നടപ്പാക്കുന്ന തിനു പകരം രാഷ്ട്രീയ കാരണങ്ങളാ ൽ ഗാഡ്ഗിൽ മുന്നോട്ടുവെച്ച നിർദേ ശം ജനതാൽപര്യമെന്ന പേരിൽ തുട ർച്ചയായി അവഗണിക്കപ്പെടുന്നതും ദുരന്തം ക്ഷണിച്ചു വരുത്തുന്നതാണെ ന്നുമുള്ള റിപ്പോർട്ടുകളിലാണു എൻ ജിടി സർക്കാരിന്റെ മറുപടി തേടിയി രിക്കുന്നത്.

# യുപിഐ സംവിധാനത്തിൽ പരിഷ്കരണം

മുംബൈ: ഡിജിറ്റൽ പണമിടപാട് പ്ലാറ്റ്ഫോമായ യൂണിഫൈഡ് പേയ്മെ ന്റ്സ് ഇന്റർഫേസിൽ (യുപിഐ) ശ്ര ദ്ധേയ മാറ്റങ്ങൾ അവതരിപ്പിച്ച് റിസ ർവ് ബാങ്ക്. യുപിഐ ഉപയോഗിച്ച് ഇ നി അഞ്ച് ലക്ഷം രൂപവരെ നികുതി അടയ്ക്കാം. നിലവിൽ പരിധി ഒരു ല ക്ഷം രൂപയായിരുന്നു. സാധാരണ യു പിഐ ഇടപാടുകളുടെ പരിധിയിൽ മാ റ്റമില്ല. അത് ഒരു ലക്ഷമായി തുടരും.

യുപിഐ പെയ്മെന്റുകൾക്ക് ഒരാ ൾക്ക് മറ്റൊരാളുടെ ബാങ്ക് അക്കൗ ണ്ടും ഇനി ഉപയോഗിക്കാം. ഇതിനു അനുവദിക്കുന്ന ഡെലിഗേറ്റഡ് പേയ് മെന്റ് സൗകര്യം അവതരിപ്പിച്ചതായി റിസർവ് ബാങ്ക് ഗവർണർ ശക്തികാന്ത ദാസ് പറഞ്ഞു. ഒരു കുടുംബത്തിൽ ഒരാൾക്ക് മാത്രം ബാങ്ക് അക്കൗണ്ടുള്ള സാഹചര്യത്തിൽ കുടുംബത്തിലെ മ റ്റുള്ളവർക്ക് ഏറെ പ്രയോജനകരമായി രിക്കും ഈ സൗകര്യം. ഒരാൾക്ക് ബാ ങ്ക് അക്കൗണ്ടിൽനിന്ന് അക്കൗണ്ട് ഉടമ നിശ്ചയിക്കുന്ന പരിധി വരെ യുപിഐ പണമിടപാടുകൾ നടത്താൻ മറ്റൊരു വ്യക്തിയെ ചുമതലപ്പെടുത്താൻ അനു വദിക്കുന്ന സംവിധാനത്തെയാണ് ഡെ ലിഗേറ്റഡ് പേയ്മെന്റ് എന്നു പറയു ന്നത്.

ഒരേ ബാങ്ക് അക്കൗണ്ടിൽനിന്ന് ര ണ്ട് പേർക്ക് പണമിടപാട് നടത്താൻ അനുവദിക്കുന്ന സൗകര്യം ഡിജിറ്റൽ പേയ്മെന്റിന്റെ ഉപയോഗം കൂടുതൽ ജനകീയമാക്കാൻ സഹായിക്കുന്നതാ ണെന്നും റിസർവ് ബാങ്ക് ഗവർണർ പറഞ്ഞു.

ഈ ഇടപാടുകൾ ഒരു സേവിങ്സ് അക്കൗണ്ട് വഴി മാത്രമേ സാധിക്കൂ എ ന്ന കാര്യം ശ്രദ്ധിക്കേണ്ടതാണ്. യുപി ഐയിലെ ക്രെഡിറ്റ് അല്ലെങ്കിൽ ക്രെ ഡിറ്റ് ലൈൻ വഴി ഡെലിഗേറ്റഡ് പേ യ്മെന്റ് സൗകര്യം അനുവദനീയമല്ല.

നിലവിൽ ചെക്ക് ട്രാൻസാക്ഷൻ സിസ്റ്റത്തിൽ (സിടിഎസ്) ഓരോ ബാ ച്ചുകളായി രണ്ട് പ്രവൃത്തിദിനം വരെ എടുത്താണ് ബാങ്കുകൾ ചെക്കുകൾ പാസാക്കുന്നത്. ചെക്ക് ക്ലിയറിങ് സ മയം കുറയ്ക്കുമെന്നും സിടിഎസിൽ ഓൺ-റിയലൈസേഷൻ സെറ്റിൽമെ ന്റ് അവതരിപ്പിക്കുന്നതിലൂടെ മണിക്കൂ റുകൾക്കകം ചെക്ക് പാസാക്കാനുള്ള സംവിധാനം കൊണ്ടുവരുമെന്നും റി സർവ് ബാങ്ക് വ്യക്തമാക്കി. ഇതു ജന ങ്ങൾക്കും ബിസിനസുകാർക്കും അതി വേഗം പണലഭ്യത ഉറപ്പാക്കാൻ സഹാ യിക്കും.

നിലവിൽ ഓരോ വായ്പാ ഇടപാ ടുകാരന്റെയും വായ്പാതിരിച്ചടവു കൾ സംബന്ധിച്ച വിവരങ്ങൾ ബാങ്കു കൾ മാസാടിസ്ഥാനത്തിലാണു സിബി ൽ ഉൾപ്പെടെയുള്ള ക്രെഡിറ്റ് ഇൻഫർ മേഷൻ കമ്പനികൾക്ക് (സിഐസി) കൈമാറുന്നത്.

ഓരോ തവണയും റിപ്പോർട്ട് അ പ്ഡേറ്റ് ചെയ്യപ്പെടാൻ ഒരു മാസത്തെ യെങ്കിലും താമസമുണ്ടാകാറുണ്ട്. ഈ സമയപരിധി കുറയ്ക്കുമെന്നു റിസർവ് ബാങ്ക് വ്യക്തമാക്കി. ഉപയോക്താ ക്കൾക്കും ബാങ്കുകൾക്കും ഒരുപോലെ നേട്ടമാകുമെന്നും വായ്പാ തിരിച്ചട വുകൾ കൂടുതൽ സജീവമാകുമെന്നും റിസർവ് ബാങ്ക് കരുതുന്നു.

# ഓണാഘോഷം ഒഴിവാക്കി

തിരുവനന്തപുരം: വയനാട് പ്രകൃതി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് ഓണാഘോഷ പരിപാടികൾ ഒഴിവാക്കി. രക്ഷാപ്രവർത്തനങ്ങളും പുനരധിവാസ പ്രവർത്തനവും പുരോഗമിക്കുന്ന സാഹചര്യത്തിൽ ഓണാഘോ ഷങ്ങൾ വേണ്ടെന്നു വെച്ചെന്ന് മന്ത്രി പി.എ. മുഹമ്മദ് റിയാസ് അറിയിച്ചു.

തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന ഓണം വാരാഘോഷപരിപാടികൾ അടക്കം ടൂറിസം വകുപ്പിന്റെ ഓണാഘോഷ പരിപാടികളും റദ്ദാക്കിയിട്ടുണ്ട്. ചാമ്പ്യൻസ് ബോട്ട് ലീഗ് ഇത്തവണ ഉണ്ടാകില്ല.

Law Office of Sovmya George

IMMMIGRATION LAW FIRM



SERVICES:

Asylum
Cancellation of Removal
EB-1 | EB-2 | EB-3
EB-2 NIW
L-1A
Marriage-Based Green Card
Family-Based Green Card
U Visa
VAWA
U.S. Citizenship
Work Permit,
Re-entry Permit, etc.

*"We Handle Cases All Across the USA!"*

-Sovmya George, Esq.

Contact:
www.lawofficesg.com
call/text: 972-905-0948
sovmya.george@lawofficesg.com

Read our stellar reviews

THANNIKKARY VACATION HOME

S.H.MOUNT P.O., KOTTAYAM 686006, KERALA

FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms



For booking:
ABRAHAM THANNIKARI
USA - 630 491-6165
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com



B&M
AUTO COLLISION CTR



*Anish Eapen and Bob Trytko want to wish you a Happy New Year*

Fast and
EFFICIENT



*Quality*
REPAIR

WE WORK WITH ALL INSURANCE COMPANIES,
CALL ANISH EAPEN @ 773-263-9863

4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com

# അങ്കമാലി– എരുമേലി റെയിൽപാതയ്ക്ക് സാധ്യതയില്ല

ന്യൂഡൽഹി: അങ്കമാലി–എരുമേലി ശബരി റെയിൽപാതയുടെ സാധ്യതകൾ മങ്ങുന്നു. 1997–98–ൽ അനുമതി നൽകിയ പാത, സ്ഥലമെടുപ്പ് ഉൾപ്പെടെയുള്ള കടമ്പകളിൽ തട്ടിക്കിടക്കുകയാണെന്നും സംസ്ഥാന സർക്കാരിന്റെ പിന്തുണ ലഭിക്കുന്നില്ലെന്നും കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് പാർലമെന്റിൽ അറിയിച്ചു.

അതേസമയം ദൈർഘ്യം കുറഞ്ഞ ചെങ്ങന്നൂർ–പമ്പ പാതയ്ക്കു വിശദ പദ്ധതിരേഖ (ഡിപിആർ) തയാറാക്കുന്ന ഘട്ടത്തിലാണെന്നും മന്ത്രി പറഞ്ഞു.

ലോക്സഭയിൽ കൊടിക്കുന്നിൽ സുരേഷ്, രാജ്യസഭയിൽ ഹാരിസ് ബീരാൻ എന്നിവർക്കു നൽകിയ മറുപടികളിലാണ് ശബരി പാതയുടെ പ്രതിസന്ധികളെക്കുറിച്ചു റെയിൽവേ മന്ത്രി വിശദീകരിച്ചത്. പ്രാദേശിക എതിർപ്പുകളും കേസുകളും പദ്ധതി മുടങ്ങാൻ കാരണമാണ്. 'പദ്ധതിയുടെ ചെലവ് 3726.95 കോടി രൂപയായിരിക്കുമെന്ന പുതുക്കിയ എസ്റ്റിമേറ്റ് കെ–റെയിൽ കമ്പനി ഡിസംബർ 15–നു കേരള സർക്കാരിനു സമർപ്പിക്കുകയും ചെലവിന്റെ ഒരുഭാഗം കേരളം വഹിക്കണമെന്നു നിർദേശിക്കുകയും ചെയ്തിരുന്നു. എന്നാൽ, കേരളം ഇതുവരെ അഭിപ്രായം പറഞ്ഞിട്ടില്ല'– അശ്വിനി വൈഷ്ണവ് പറഞ്ഞു.

പാതയുടെ അങ്കമാലി–കാലടി (ഏഴ് കിലോമീറ്റർ), കാലടി–പെരുമ്പാവൂർ (10 കിലോമീറ്റർ) ഭാഗങ്ങളുടെ നിർമാണത്തിനു നടപടി തുടങ്ങിയിരുന്നു. ബാക്കി പണികൾ മുന്നോട്ടു കൊണ്ടുപോകാനാകില്ലെന്നാണു മന്ത്രിയുടെ നിലപാട്.

കാലടി, പെരുമ്പാവൂർ, ഓടക്കാലി, കോതമംഗലം, മൂവാറ്റുപുഴ, തൊടുപുഴ, കരിങ്കുന്നം, രാമപുരം, ഭരണങ്ങാനം, ചെമ്മലമറ്റം, കാഞ്ഞിരപ്പള്ളി എന്നിവിടങ്ങളിലൂടെയായിരുന്നു നിർദിഷ്ട പാതയുടെ അലൈൻമെന്റ്. അതേസമയം ചെങ്ങന്നൂർ–പമ്പ (75 കിലോമീറ്റർ) പാതയുടെ അന്തിമ ലൊക്കേഷൻ സർവേയ്ക്ക് അനുമതി നൽകിയിട്ടുണ്ടെന്നും ഡിപിആർ തയാറാക്കാനാണിതെന്നും അലൈൻമെന്റ് തയാറാക്കിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

## സ്കൂൾ പരീക്ഷകളിൽ മിനിമം മാർക്ക് വേണം

തിരുവനന്തപുരം: സ്കൂൾ പരീക്ഷകളിൽ വിജയിക്കാൻ ഓരോ സബ്ജക്ടിനും മിനിമം മാർക്ക് നടപ്പാക്കാനുള്ള വിദ്യാഭ്യാസ വകുപ്പിന്റെ നിർദേശത്തിന് മന്ത്രിസഭായോഗം അംഗീകാരം നൽകി. എഴുത്തു പരീക്ഷയ്ക്ക് 30 ശതമാനം വീതം മാർക്ക് നേടുന്നവർക്കാണ് വിജയിക്കാനാകുക. ഉദാഹരണത്തിന് 100 മാർക്കിന്റെ പരീക്ഷയിൽ 80 മാർക്ക് എഴുത്തു പരീക്ഷയ്ക്കും 20 മാർക്ക് അധ്യാപകർ വിലയിരുത്തുന്ന നിരന്തര മൂല്യനിർണയത്തിനുമായി നൽകും. ഇതിൽ എഴുത്തുപരീക്ഷയിൽ 24 മാർക്ക് നേടുന്ന കുട്ടിക്കാണ് ജയിക്കാനാകുക. 50 മാർക്കിന്റെ പരീക്ഷയിലാകുമ്പോൾ 12 മാർക്ക് മിനിമം വേണം. 2024–25 അക്കാദമിക് വർഷം 8–ാം ക്ലാസിലും 2025–26 വർഷം 8, 9 ക്ലാസുകളിലും 2026–27–ൽ 8, 9, 10 ക്ലാസുകളിലും സബ്ജക്ട് മിനിമം നടപ്പാക്കാനാണ് തീരുമാനം. ഏതെങ്കിലും വിദ്യാർത്ഥിക്ക് മിനിമം മാർക്ക് ലഭിക്കാതിരിക്കുന്ന സാഹചര്യമുണ്ടായാൽ പഠന പിന്തുണ നൽകി രണ്ടാഴ്ചയ്ക്കകം വീണ്ടും പരീക്ഷ എഴുതാനുള്ള അവസരം ഒരുക്കും. എല്ലാ കുട്ടികൾക്കും മികച്ച അക്കാദമിക് നിലവാരം ഒരുക്കുകയാണു ലക്ഷ്യം. നിരന്തരമൂല്യനിർണയത്തിൽ ജാഗ്രത പുലർത്തുന്നതിനും മെരിറ്റ് മാത്രം പരിഗണിക്കുന്നതിനും പ്രത്യേക മാനദണ്ഡങ്ങൾ പുറപ്പെടുവിക്കും.

## കൊച്ചുവേളി, നേമം സ്റ്റേഷനുകളുടെ പേരുമാറ്റി

തിരുവനന്തപുരം: കൊച്ചുവേളി ഇനി തിരുവനന്തപുരം നോർത്ത് റെയിൽവേ സ്റ്റേഷനാണ്. നേമം റെയിൽവേ സ്റ്റേഷൻ തിരുവനന്തപുരം സൗത്ത് എന്നും അറിയപ്പെടും. രണ്ടു സ്റ്റേഷനുകളുടെയും പേരു മാറ്റണമെന്ന കേരളത്തിന്റെ ആവശ്യം കേന്ദ്രസർക്കാർ അംഗീകരിച്ചതായി റെയിൽവേയുടെ ചുമതലയുള്ള മന്ത്രി വി. അബ്ദുറഹ്മാൻ അറിയിച്ചു.

പേരുമാറ്റം അനുവദിച്ചുകൊണ്ടുള്ള കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ കത്ത് കേരളത്തിനു ലഭിച്ചു. ഇതോടെ, ഈ രണ്ടു സ്റ്റേഷനുകളെയും തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷന്റെ സാറ്റലൈറ്റ് ടെർമിനലുകളാക്കാനുള്ള നടപടികൾ സജീവമാകും. ഏറെനാളായുള്ള ആവശ്യം കേരളത്തിന്റെ നിരന്തര സമ്മർദത്തെത്തുടർന്നാണ് അംഗീകരിച്ചത്. ആവശ്യമുന്നയിച്ച് കേന്ദ്ര റെയിൽവേ മന്ത്രിക്കും റെയിൽവേ ഉന്നതർക്കും കത്തെഴുതിയിരുന്നതായും മന്ത്രി അറിയിച്ചു.

തിരുവനന്തപുരം സെൻട്രൽ സ്റ്റേഷനിൽനിന്ന് ഒമ്പതു കിലോമീറ്റർ വീതം അകലെയാണു നേമം, കൊച്ചുവേളി സ്റ്റേഷനുകൾ. സെൻട്രലിൽനിന്നു യാത്ര ആരംഭിക്കുന്ന ട്രെയിനുകളുടെ എണ്ണം വർധിച്ച സാഹചര്യത്തിൽ 15 ട്രെയിനുകൾ നിലവിൽ കൊച്ചുവേളിയിൽനിന്നാണു സർവീസ് തുടങ്ങുന്നത്. ദിവസം ഏഴായിരത്തോളം യാത്രക്കാർ ഈ സ്റ്റേഷനെ ആശ്രയിക്കുന്നുവെന്നാണു കണക്ക്.

കൊച്ചുവേളിയിൽനിന്നു സർവീസ് നടത്തുന്നതിൽ ഭൂരിപക്ഷവും ദീർഘദൂര ട്രെയിനുകളാണ്. എന്നാൽ, കൊച്ചുവേളി എന്ന പേര് കേരളത്തിനു പുറത്തുള്ളവർക്ക് ഒട്ടും പരിചിതമല്ല. അതിനാൽ, തിരുവനന്തപുരം സെൻട്രലിലേക്കു റിസർവേഷൻ ലഭിക്കാത്തവർ യാത്ര വേണ്ടെന്നുവെക്കുന്ന സാഹചര്യമായിരുന്നു. പേരുമാറ്റം വന്നതോടെ ഈ പ്രശ്നം പരിഹരിക്കപ്പെടും. യാത്രക്കാരുടെ എണ്ണവും വരുമാനവും വർധിക്കാൻ വഴിയൊരുങ്ങും. നിലവിൽ ആറ് പ്ലാറ്റ്ഫോമുകളാണ് ഇവിടെയുള്ളത്. കോച്ച് കെയർ സെന്ററും മറ്റും ഒരുങ്ങുന്നുണ്ട്. നേമം ടെർമിനൽ വികസനത്തിനും പേരുമാറ്റം വലിയ സഹായമാകും.

## രാഷ്ട്രപതി ദ്രൗപദി മുർമുവിന് ഫിജി ബഹുമതി

സുവ: രാഷ്ട്രപതി ദ്രൗപദി മുർമുവിനു ഫിജിയുടെ പരമോന്നത സിവിലിയൻ ബഹുമതി 'കംപാനിയൻ ഓഫ് ദി ഓർഡർ ഓഫ് ഫിജി' പ്രസിഡണ്ട് റതു വില്യമെ മയ്‌വാലിലി കറ്റോണിവെരെ സമ്മാനിച്ചു.

ഫിജി പ്രധാനമന്ത്രി സിതിവെനി റബൂക്ക ഇന്ത്യൻ രാഷ്ട്രപതിയെ വിമാനത്താവളത്തിൽ സ്വീകരിച്ചു. ഫിജി പാർലമെന്റിനെ ഇന്ത്യൻ രാഷ്ട്രപതി അഭിസംബോധന ചെയ്തു. ഇന്ത്യക്കാരുടെ കൂട്ടായ്മയിലും രാഷ്ട്രപതി പങ്കെടുത്തു. ഫിജിയിലെ സന്ദർശനം പൂർത്തിയാക്കി ന്യൂസിലൻഡിലേക്കു തിരിച്ച രാഷ്ട്രപതിയുടെ സംഘത്തിൽ കേന്ദ്രമന്ത്രി ജോർജ് കുര്യൻ, എംപിമാരായ സൗമിത്ര ഖാൻ, ജുഗൽ കിഷോർ എന്നിവരുമുണ്ട്.



രാഷ്ട്രപതി ദ്രൗപദി മുർമുവിനു 'കംപാനിയൻ ഓഫ് ദി ഓർഡർ ഓഫ് ഫിജി' ബഹുമതി ഫിജി പ്രസിഡണ്ട് റതു വില്യമെ സമ്മാനിക്കുന്നു.

## രജിസ്റ്റർ ചെയ്യുന്ന കേസുകൾ തെളിയിക്കണം: ഇഡിയോട് സുപ്രീംകോടതി

ന്യൂഡൽഹി: രജിസ്റ്റർ ചെയ്യുന്നതല്ലാതെ കേസുകൾ ലക്ഷ്യത്തിലെത്തിക്കാൻ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന് (ഇഡി) കഴിയുന്നില്ലെന് സുപ്രീംകോടതിയുടെ വിമർശനം. കഴിഞ്ഞ 10 വർഷത്തിനിടെ കള്ളപ്പണം വെളുപ്പിക്കൽ നിരോധന നിയമം (പിഎംഎൽഎ) അനുസരിച്ച് രജിസ്റ്റർ ചെയ്ത 5000 കേസുകളിൽ 40 എണ്ണത്തിലാണ് പ്രതികൾ ശിക്ഷിക്കപ്പെട്ടതെന്ന് കോടതി ചൂണ്ടിക്കാട്ടി.

അന്വേഷണം ശാസ്ത്രീയവും മികവുള്ളതുമാക്കാനാണ് ഇഡി ശ്രദ്ധിക്കേണ്ടതെന്നു ജസ്റ്റിസ് സൂര്യകാന്ത്, ദീപാങ്കർ മേത്ത, ഉജ്ജ്വൽ ഭുയാൻ എന്നിവരുടെ ബെഞ്ച് പറഞ്ഞു.

കൽക്കരിക്കടത്തുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിൽ ജാമ്യം തേടി ഛത്തീസ്ഗഡ് വ്യവസായി സുനിൽ കുമാർ അഗർവാൾ നൽകിയ ഹർജി പരിഗണിക്കുകയായിരുന്നു കോടതി.

പ്രഥമദൃഷ്ട്യാ കേസുണ്ടെന്ന് കരുതിയാണ് ഇഡി കേസെടുക്കുന്നത്. അതു കോടതിയിൽ തെളിയിക്കാൻ അന്വേഷണ ഉദ്യോഗസ്ഥർക്ക് കഴിയണം. അതിനു ശാസ്ത്രീയ അന്വേഷണം നടത്തണം.

മൊഴി തരുന്നവർ നാളെ വിചാരണക്കൂട്ടിൽ നിൽക്കുമ്പോൾ അതിൽ ഉറച്ചുനിൽക്കുമോ മാറ്റിപ്പറയുമോ എന്ന കാര്യം ദൈവത്തിനു മാത്രമേ അറിയൂവെന്നും ജസ്റ്റിസ് സൂര്യകാന്ത് പറഞ്ഞു.

എന്നാൽ, മൊഴിയും തെളിവാണെന്നായിരുന്നു ഇഡിയുടെ മറുപടി.

HEATING & AIR CONDITIONING
Honest Reliable Professional
Lifetime Comfort, Inc
HEATING, AIR CONDITIONING AND ENERGY MANAGEMENT
Services at Reasonable Rates
847-924-4277
LIFETIME COMFORT. INC
Repairs • Maintenance • Installation
Air Conditioners • Furnaces • Boilers
Water Heaters • Humidifiers
24 Hour Emergency Service

• Honest • Reliable
• Licensed • Insured • Bonded
Contact: Eby Elakkatt
16 years of experience
Forlifetimecomfort@gmail.com
We Offer FREE Second Opinion

PINNACLE MORTGAGE
MAKING YOUR DREAMS COME TRUE
George Kurian
Mortgage Specialist
NMLS ID 220917

1325 Wiley Rd Suite 160
Schaumburg, IL 60173
NMLS ID 2278494 Lic # MB.6761681
☎ 8473408708
avicote2@gmail.com
http://pinnacle.mortgage
"Licensed to originate Mortgage both in Illinois and Georgia"

# SYRO MALABAR CATHOLIC CONGRESS - SMCC

## SILVER JUBILEE & NATIONAL FAMILY CONFERENCE

## സീറോ മലബാർ കത്തോലിക്കാ കോൺഗ്രസ് - എസ്.എം.സി.സി.

## രജത ജൂബിലിയും ദേശീയ കുടുംബ സംഗമവും

**2024 SEPTEMBER 27 - 29 (FRIDAY, SATURDAY & SUNDAY)**

- ആഘോഷമായ ദിവ്യബലി
- യുവജന സമ്മേളനം
- വൈവിധ്യമാർന്ന കലാപരിപാടികൾ
- ലിറ്റർജിക്കൽ ക്വയർ ഫെസ്റ്റ്
- നസ്രാണിത്തനിമയിലുള്ള ഘോഷയാത്ര
- വിജ്ഞാനപ്രദമായ സെമിനാറുകൾ
- ചർച്ചാ സമ്മേളനങ്ങൾ
- ജൂബിലി ദമ്പതിമാരെ ആദരിക്കൽ
- മതാദ്ധ്യാപക സംഗമം
- ബൈബിൾ സ്കിറ്റ്
- ബാൻക്വറ്റ്
- വോളീബോൾ ടൂർണമെന്റ്
- ഫിലാഡൽഫിയ സിറ്റി ടൂർ
- മിസ് സീറോ മലബാർ മത്സരം
- നേഴ്സ്മാരുടെ സംഗമം

- SOLEMN HOLY MASS
- MISS SYRO MALABAR CONTEST
- SEMINARS & PANEL DISCUSSIONS
- YOUTH VOLLEYBALL TOURNAMENT
- YOUNG PROFESSIONAL'S MEET
- CCD TEACHER'S GATHERING
- PROFESSIONAL CULTURAL PROGRAMS
- SATURDAY BANQUET
- COLORFUL PROCESSION
- JUBILEE COUPLE'S APPRECIATION
- NURSES MEET
- PARISH LEVEL SKIT COMPETITION
- LITURGICAL CHOIR COMPETITION
- PHILADELPHIA CITY TOUR



CIGIL PALACKALODY – NATIONAL PRESIDENT | GEORGE PULLAPPALLY – CHAIRMAN BOD | MERCY KURIAKOSE – CO-CHAIRPERSON | JOSE SEBASTIAN – TREASURER | JOHNSON KANNOOKADAN – NATIONAL CO-ORDINATOR



SIBICHAN CHEMPLAYIL – REGISTRATION | VINCENT EMMANUEL – MEDIA RELATIONS | JOSE THOMAS – PUBLICITY | GEORGE OALICKAL – SEMINARS / WORKSHOPS | JOJI CHERUVELIL – FINANCE | SAJI SEBASTIAN – ACCOMMODATION



POLACHAN VAREED – LIGHT & SOUND | KURUVILA JAMES – YOUTH | ROSHIN PLAMOOTIL – FACILITY | JANE SANTHOSH – CULTURAL PROGRAM | JAIBY GEORGE – SUPPORT SERVICES | TITY CHEMPLAYIL – SUPPORT SERVICES



TOM PATTANIYIL – OFFICE LAISON | SHAJI MITTATHANI – HOSPITALITY & FOOD | SHONIMA MARATTIL – JOINT SECRETARY | JACOB CHACKO – LITURGY | LITTY MELVIN – CHOIR | SIBICHEN MUKKADAN – TRANSPORTATION



ANISH JAMES – REGIONAL COORDINATOR NJ | LALY KALAPURACKAL – REGIONAL COORDINATOR NY | ROY MATHEW – REGIONAL COORDINATOR NJ | ZACHARIAS PERIYAPPURAM – REGIONAL COORDINATOR DE | SHOLY KUMPILUVELY – REGIONAL COORDINATOR NY | SAJIMON ANTONY – REGIONAL COORDINATOR NJ | LUKOSE PYNUMKAN – REGIONAL COORDINATOR FL



GEORGE J KOTTUKAPPALLY – ADVISORY COUNCIL MEMBER | BOSE KURIAN – ADVISORY COUNCIL MEMBER | PAUL KOOLA – ADVISORY COUNCIL MEMBER | THOMAS PALATHARA – ADVISORY COUNCIL MEMBER | JOSEPH KANJAMALA CPA – ADVISORY COUNCIL MEMBER | JANCY GEORGE – MISS SYRO QUEEN CO-ORDINATOR | SHINE THOMAS – CHOIR FEST CO-ORDINATOR

**For More Information & Registration Please contact us and Visit our Jubilee website SMCCJUBILEE.ORG**


**Conference Theme**
**Laity to Lay Apostle**

## St. Thomas Syro Malabar Catholic Forane Church

## 608 Welsh Road, Philadelphia, PA 19115



HIS HOLINESS POPE FRANCIS
HEAD OF UNIVERSAL CATHOLIC CHURCH



HIS BEATITUDE MAR RAPHAEL THATTIL
MAJOR ARCH BISHOP & HEAD OF SYRO MALABAR CHURCH



HIS EXCELLENCY MAR JOY ALAPPATT – GRAND PATRON | HIS EXCELLENCY MAR JACOB ANGADIATH – BISHOP EMERITUS | REV. FR. GEORGE ELAMBASERIL – SMCC NATIONAL SPIRITUAL DIRECTOR | REV. DR. GEORGE DANAVELIL – VICAR, STSMFCC



GEORGE MATHEW CPA – CHAIRPERSON | DR. JAMES KURICHI – CO-CHAIRPERSON | JOSE MALECKAL – GENERAL SECRETARY | GEORGE V GEORGE – TREASURER | JOJO KOTTOOR – NATIONAL CO-ORDINATOR




This page is sponsored By Mayura Indian Restaurant Philadelphia

## വിനേഷ് ഫോഗട്ട് ഗുസ്തിയോട് വിടപറഞ്ഞു

# ഫൈനലിനു മുൻപ് അയോഗ്യത

പാരീസ്: ഇന്ത്യൻ ഗുസ്തിയിലെ പോരാളി വിനേഷ് ഫോഗട്ട് ഗുസ്തിയിലെ സഹനസഞ്ചാരം അവസാനിപ്പിച്ചിരിക്കുന്നു. ഒളിമ്പിക്സ് ഗുസ്തി ഫൈനലിന് മുന്നേ നൂറുഗ്രാം ശരീരഭാരം കൂടിയതിന്റെ പേരിൽ അയോഗ്യയാക്കപ്പെട്ട താരം ഗുസ്തിയോടുതന്നെ ഗുഡ്ബൈ പറഞ്ഞിരിക്കുന്നു. എക്സിലെ കുറിപ്പോടെയാണ് എല്ലാം അവസാനിപ്പിച്ചെന്ന് ഇരുപത്തിയൊൻപതുകാരിയായ താരം ലോകത്തോടു പറഞ്ഞത്. ഒളിമ്പിക് ഗുസ്തിയുടെ ഫൈനലിൽ ആദ്യമായെത്തിയ ഇന്ത്യൻ വനിതാതാരം അങ്ങനെ ഒരു മെഡൽ പോലുമില്ലാതെ എല്ലാം അവസാനിപ്പിക്കുന്നു. അതും ഒരു ഒളിമ്പിക്സ് ചരിത്രം!



വിനേഷ് ഫോഗട്ടിനെ ഇന്ത്യൻ ഒളിമ്പിക്സ് അസോസിയേഷൻ പ്രസിഡണ്ട് പി.ടി. ഉഷ ആശുപത്രിയിലെത്തി സന്ദർശിച്ചപ്പോൾ.

വെള്ളിമെഡൽ അനുവദിക്കണമെന്ന വിനേഷിന്റെ അപ്പീൽ അന്താരാഷ്ട്ര കായിക തർക്കപരിഹാര കോടതി സ്വീകരിച്ചത് പ്രതീക്ഷ നൽകുന്നു. 2016 റിയോ ഒളിമ്പിക്സ് ക്വാർട്ടർ ഫൈനലിനിടെ പരുക്കേറ്റു മടങ്ങേണ്ടിവന്ന വിനേഷ് 2020 ടോക്യോ ഒളിമ്പിക്സിലും ക്വാർട്ടറിൽ പുറത്തായിരുന്നു. പാരീസിൽ മെഡൽ നേടുമെന്നുറപ്പിച്ചായിരുന്നു വിനേഷിന്റെ പോരാട്ടം. പക്ഷേ, സെമിയിൽ ജയിച്ചിട്ടും അവളിൽനിന്ന് മെഡൽ പറിച്ചെടുത്തു. പാരീസിൽ തുടരുന്ന 33-ാം ഒളിമ്പിക്സിൽ വനിതകളുടെ 50 കിലോഗ്രാം ഫ്രീസ്റ്റൈൽ ഗുസ്തിയിൽ മെഡൽ ഉറപ്പാക്കിയ ഇന്ത്യൻ താരം വിനേഷ് ഫോഗട്ടിനെ നൂറുഗ്രാം അധികതൂക്കത്തിന്റെ പേരിൽ അന്തിമപോരാട്ടത്തിനുമുമ്പ് അയോഗ്യയാക്കുകയായിരുന്നു. പാരീസ് ഗെയിംസ് വില്ലേജിൽ ഇന്ത്യൻ അധികൃതർ കരഞ്ഞപേക്ഷിച്ചെങ്കിലും തൂക്കം നിയന്ത്രണവിധേയമാക്കാനുള്ള സമയം അനുവദിച്ചില്ല. കായികജീവിതത്തിലെ ഏറ്റവും വലിയ നിരാശയോടെ ഒളിമ്പിക് വേദിയിൽനിന്ന് വെറുംകൈയോടെ മടങ്ങിയെത്താനാണു നിയോഗമെങ്കിലും താരത്തെ ചേർത്തുപിടിക്കുകയാണ് നൂറ്റിനാൽപതുകോടിയിലധികം വരുന്ന ഇന്ത്യൻ ജനത. സാധ്യമായതെല്ലാം ചെയ്യാൻ ഇന്ത്യൻ ഒളിമ്പിക്സ് അസോസിയേഷൻ അധ്യക്ഷ പി.ടി. ഉഷയോടു പ്രധാനമന്ത്രി നരേന്ദ്രമോദി നിർദേശിച്ചു. അയോഗ്യതയ്ക്കെതിരെ ലോക ഗുസ്തി ഫെഡറേഷനെ സമീപിച്ചതായി ഇന്ത്യൻ ഗുസ്തി ഫെഡറേഷൻ അറിയിച്ചു. സെമിഫൈനലിൽ വിനേഷിന്റെ കരുത്തിനു മുന്നിൽ കീഴടങ്ങിയ ക്യൂബൻ താരം യുസ്നീലിസ് ലോപസ് ഫൈനലിന് അർഹത നേടി. യുഎസ് താരം സാറ ഹിൽഡേബ്രാൻഡ് ആണ് എതിരാളി.

ആഗസ്റ്റ് ആറിന് നടന്ന പ്രീക്വാർട്ടർ പോരാട്ടത്തിൽ ലോക ഒന്നാംനമ്പറായ, ഒളിമ്പിക് സ്വർണമെഡലും നാലു തവണ ലോകകിരീടവും സ്വന്തമാക്കിയ ജപ്പാൻ താരം യുയി സുസാകിയെ 2-3-ന് മലർത്തിയടിച്ചതോടെയാണ് ഫോഗട്ട് ഇന്ത്യൻ പ്രതീക്ഷകളിൽ സ്വർണവർണം നിറച്ചത്.

അയോഗ്യയാക്കിയെന്ന പ്രഖ്യാപനത്തിനു പിന്നാലെ വിനേഷ് ഫോഗട്ടിനെ ചാമ്പ്യൻമാരുടെ ചാമ്പ്യൻ എന്നാണു പ്രധാനമന്ത്രി നരേന്ദ്രമോദി സമൂഹമാധ്യമത്തിൽ വിശേഷിപ്പിച്ചത്.

## പരിസ്ഥിതിലോല മേഖല: പുതിയ ഭൂപടം തയ്യാറാക്കി

പാലക്കാട്: ജനകീയ പരിശോധനയുടെയും തദ്ദേശ തലത്തിൽ നടത്തിയ തിരുത്തലിന്റെയും അടിസ്ഥാനത്തിൽ പരിസ്ഥിതി വകുപ്പ് തയ്യാറാക്കിയ പരിസ്ഥിതിലോല മേഖലയുടെ (ഇഎസ്എ) ഭൂപടം സംസ്ഥാന സർക്കാരിനു കൈമാറി. അന്തിമ റിപ്പോർട്ട് ഈമാസം കേന്ദ്രത്തിനു നല്കിയേക്കും. നിലവിലെ ഇഎസ്എ മാപ്പിൽ നിന്ന് 200 ചതുരശ്ര കിലോമീറ്ററിലധികം ഒഴിവാക്കിയെന്നാണ് വിവരം.

തദ്ദേശ സ്ഥാപനങ്ങളുടെ ആവശ്യത്തെ തുടർന്ന് ചില ആദിവാസി പ്രദേശങ്ങൾ മാറ്റിയിട്ടുണ്ട്. എന്നാൽ, ഡാമുകളെ ഒഴിവാക്കണമെന്ന ആവശ്യം വിദഗ്ദ്ധർ അംഗീകരിച്ചില്ല. അന്തിമതീരുമാനം കേന്ദ്രത്തിന്റേതാണ്. 12 ജില്ലകളിലായി 131 വില്ലേജുകളാണ് കേന്ദ്രവിജ്ഞാപനത്തിൽ ഇഎസ്എ പരിധിയിൽപ്പെട്ടത്. അതിനെതിരെ വ്യാപക പ്രതിഷേധം ഉയർന്നതോടെ സംസ്ഥാന സർക്കാർ നിയമിച്ച ഉമ്മൻ വി. ഉമ്മൻ കമ്മിറ്റി റിപ്പോർട്ടനുസരിച്ച് പ്രദേശം 9993.73 ചതുരശ്ര കിലോമീറ്ററാക്കിയെങ്കിലും അതിലും ജനവാസകേന്ദ്രങ്ങൾ ഉൾപ്പെട്ടിരുന്നു.

തുടർന്ന് വിദഗ്ദ്ധ സമിതി നടത്തിയ പരിശോധനയിൽ ഇഎസ്എ പ്രദേശം 8711.98 ചതുരശ്ര കിലോമീറ്ററാണെന്നു വ്യക്തമാക്കി. സംസ്ഥാനം ജനുവരിയിൽ കേന്ദ്രത്തിനു റിപ്പോർട്ട് സമർപ്പിച്ചെങ്കിലും മറുപടി ലഭിച്ചില്ല. പിന്നീടാണ് റവന്യൂ വകുപ്പിന്റെ സഹായത്തോടെ തദ്ദേശ സ്ഥാപന തലത്തിൽ ആധുനിക സാങ്കേതിക വിദ്യയാൽ പരാതികളും ആശയക്കുഴപ്പവും പരിശോധിച്ചത്.

## വയനാട് ദുരന്തം:

# ഹൈക്കോടതി സ്വമേധയാ കേസെടുത്തു

കൊച്ചി: വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ സ്വമേധയാ കേസെടുത്ത് ഹൈക്കോടതി. പ്രകൃതി ദുരന്തങ്ങൾ തടയാൻ സമഗ്രമായ പരിഷ്കാരങ്ങളും നിയമനിർമാണവും നടത്തണമെന്ന് സർക്കാരിന് ഹൈക്കോടതി നിർദേശം നല്കി. ഉരുൾപൊട്ടൽ സംബന്ധിച്ച മാധ്യമ വാർത്തകളുടെയും ഹൈക്കോടതിക്ക് ലഭിച്ച കത്തിന്റെയും അടിസ്ഥാനത്തിലാണ് ജസ്റ്റിസ് എ.കെ. നമ്പ്യാർ, ജസ്റ്റിസ് വി.എ ശ്യാം കുമാർ എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ച് സ്വമേധയാ കേസെടുത്തത്.

പ്രകൃതിദുരന്തം തടയാനുള്ള കാര്യങ്ങൾ ആലോചിക്കണമെന്ന് അഡ്വക്കറ്റ് ജനറലിനെ വിളിച്ചുവരുത്തി കോടതി നിർദേശം നല്കി. വയനാട് ജില്ലയിലെ മുപ്പയ്നാട് പഞ്ചായത്തിൽ ക്വാറിക്ക് അനുമതി നിഷേധിച്ച പഞ്ചായത്തിന്റെ നടപടി റദ്ദാക്കിയ സിംഗിൾ ബെഞ്ച് ഉത്തരവിനെതിരായ പഞ്ചായത്തിന്റെയും പൗരസമിതിയുടെയും അടക്കമുള്ള അപ്പീലുകൾ പരിഗണിക്കവെയാണ് ഉരുൾപൊട്ടലിൽ കേസെടുക്കാൻ നിർദ്ദേശിച്ചത്.

മഴയെയും പ്രകൃതിയെയും പിടിച്ചുനിർത്താൻ മനുഷ്യനു കഴിയില്ല. മൈനിംഗ്, പ്രളയം അടക്കമുള്ള കാര്യങ്ങൾ നിയന്ത്രിക്കാൻ നിയമപരമായി എന്തെല്ലാം ചെയ്യാൻ കഴിയുമെന്ന് ആലോചിക്കണം. കേരളത്തിന്റെ ചില മേഖലകൾ പരിസ്ഥിതി ലോലമേഖലകളാണ്.

ഇവിടെ സുസ്ഥിര വികസനമടക്കം സാദ്ധ്യമാണോയെന്ന കാര്യത്തിൽ പുനർവിചിന്തനം അനിവാര്യമായ ഘട്ടമാണിതെന്നും ഡിവിഷൻ ബെഞ്ച് ഓർമ്മിപ്പിച്ചു. ഇനിയും പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകാതിരിക്കാൻ നിയമനിർമാണ സഭയും എക്സിക്യൂട്ടീവും ജുഡീഷ്യറിയും കൂട്ടായി ആലോചിച്ച് തീരുമാനമെടുക്കണമെന്നും കോടതി ആവശ്യപ്പെട്ടു.

## രാഷ്ട്രീയക്കാരുടെ അക്കൗണ്ടുകൾ നിരീക്ഷിക്കണമെന്ന് എഫ്എടിഎഫ്

ന്യൂഡൽഹി: ഇന്ത്യയിലെ രാഷ്ട്രീയ നേതാക്കളുടെ ബാങ്ക് അക്കൗണ്ടുകൾ കർശനമായി നിരീക്ഷിക്കണമെന്ന് രാജ്യാന്തര സർക്കാർ തല ഏജൻസിയായ ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ് (എഫ്എടിഎഫ്) നിർദേശം നല്കി.

ഭീകരപ്രവർത്തനത്തിനുള്ള ധനസഹായവും കള്ളപ്പണം വെളുപ്പിക്കലും നിരീക്ഷിക്കുന്ന ഏജൻസിയാണ് എഫ്എടിഎഫ്. രാഷ്ട്രീയ നേതാക്കന്മാർ, സർക്കാർ ഉദ്യോഗസ്ഥർ എന്നിവരുടെയും കുടുംബാംഗങ്ങളുടെയും ബാങ്ക് അക്കൗണ്ടുകൾ കർശനമായി നിരീക്ഷിക്കണമെന്ന നിർദേശം ഏജൻസി കേന്ദ്ര സർക്കാരിനു കൈമാറിയതായാണ് വിവരം. അതേക്കുറിച്ച് കേന്ദ്ര സർക്കാരോ ഏജൻസിയോ പ്രതികരിച്ചിട്ടില്ല. അന്തിമറിപ്പോർട്ട് എഫ്എടിഎഫ് അടുത്തുതന്നെ പുറത്തുവിടും. രാഷ്ട്രീയ നേതാക്കളുടെ വിദേശത്തെ ബാങ്ക് നിക്ഷേപത്തെപ്പറ്റി കേന്ദ്ര സർക്കാർ കർശന നിരീക്ഷണം ഇപ്പോൾ നടത്തുന്നുണ്ട്.

എന്നാൽ, ഇന്ത്യയിലെ ബാങ്ക് നിക്ഷേപങ്ങൾ കർശന നിരീക്ഷണത്തിനു വിധേയമാക്കുന്നില്ല. എഫ്എടിഎഫിന്റെ റിപ്പോർട്ട് വന്നശേഷം ആവശ്യമെങ്കിൽ മാറ്റം വരുത്താമെന്നു കഴിഞ്ഞ ഡിസംബറിൽ പ്രധാനമന്ത്രി നരേന്ദ്രമോദി വ്യക്തമാക്കിയിരുന്നു. കള്ളപ്പണം വെളുപ്പിക്കുന്നതിനെതിരായ നടപടികളിൽ ഇന്ത്യ മികച്ച പ്രകടനം കാഴ്ചവെച്ചതായി ഏജൻസി ജൂണിൽ വിലയിരുത്തിയിരുന്നു. അതേസമയം, കേസുകളിൽ വിചാരണ വേഗത്തിലാക്കണമെന്നും സന്നദ്ധ സംഘടനകളെ അന്യായമായി ലക്ഷ്യം വെക്കരുതെന്നും റിപ്പോർട്ടിൽ ആവശ്യപ്പെട്ടിരുന്നു.






# ഫോമായുടെ എട്ടാമത് അന്തർദ്ദേശീയ കൺവൻഷൻ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ ഉദ്ഘാടനം ചെയ്തു

ചിക്കാഗോ: പുണ്ട കാനയിൽ നടക്കുന്ന ഫോമായുടെ (ഫെഡറേഷൻ ഓഫ് മലയാളി അസോസിയേഷൻസ് ഓഫ് അമേരിക്കാസ്) എട്ടാമത് അന്തർദ്ദേശീയ കൺവൻഷന് ഉജ്ജ്വല തുടക്കം. ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ ഉത്ഘാടനം ചെയ്തു. മലയാളി സമൂഹത്തിന് എക്കാലവും അഭിമാനിക്കാവുന്ന സംഘടനാ മികവാണ് ഫോമാ കൺവൻഷനിലൂടെ തെളിയിക്കപ്പെട്ടിരിക്കുന്നതെന്ന് അദ്ദേഹം പ്രസ്താവിച്ചു. വയനാട്ടിലെ ദുരിതബാധിതരായ ജനങ്ങളെ സഹായിക്കുവാൻ തീരുമാനമെടുത്തുകൊണ്ടാണ് കൺവൻഷന് തുടക്കമായത്. ഫോമാ പ്രസിഡന്റ് ഡോ. ജേക്കബ് തോമസ് അധ്യക്ഷത വഹിച്ചു. വയനാടിന് അടിയന്തര സഹായം നൽകുന്നതിനും പുനർനിർമ്മാണ ശ്രമങ്ങൾക്കായും ഫോമാ എല്ലാ പിന്തുണയും ഉറപ്പുനൽകുന്നതായി അദ്ദേഹം പറഞ്ഞു. "വയനാടിനൊരു കൈത്താങ്ങ്"എന്ന പേരിലുള്ള ഒരു പദ്ധതിയെക്കുറിച്ച് അദ്ദേഹം വിശദീകരിച്ചു. ഈ പദ്ധതി, ദുരിതബാധിതർക്കായുള്ള അവശ്യവസ്തുക്കളും ധനസഹായവും പുനർനിർമ്മാണത്തിനായുള്ള വിഭവങ്ങളും നൽകുന്നതിന് കേന്ദ്രീകരിച്ചിരിക്കുന്നു. കഴിഞ്ഞ രണ്ടുവർഷക്കാലം ഫോമായുടെ പ്രവർത്തനങ്ങൾക്ക് സഹായിച്ച എല്ലാവർക്കും ഡോ. ജേക്കബ് തോമസ് നന്ദി രേഖപ്പെടുത്തി.

**ജോസ് കണിയാലി**




വയനാട് ദുരന്തത്തിൽ കഷ്ടപ്പെടുന്ന ജനങ്ങളെ സഹായിക്കുവാൻ ഫോമാ വീടുകൾ നിർമ്മിക്കുന്നതോടൊപ്പം തന്നെ കൂടുതൽ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നല്കണമെന്ന് ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തിയ മുൻമന്ത്രി അഡ്വ. മോൻസ് ജോസഫ് എംഎൽഎ അഭ്യർത്ഥിച്ചു. ഫോമാ പദ്ധതിരേഖയുടെയും, അക്ഷര കേരളം മാസികയുടെയും പ്രകാശനം അദ്ദേഹം നിർവഹിച്ചു. ഫോമാ പ്രവർത്തനങ്ങളുടെ മാർഗ രേഖ ജനറൽ സെക്രട്ടറി ഓജസ് ജോൺ അവതരിപ്പിച്ചു. മുൻ ഡിജിപി ടോമിൻ തച്ചങ്കരി, റവ. ഡോ. പോൾ പൂവത്തുങ്കൽ, സാജ് ഗ്രൂപ്പ് ചെയർമാൻ സാജൻ വർഗീസ്, ചലച്ചിത്ര സംവിധായകൻ കെ. മധു, ചലച്ചിത്ര സീരിയൽ താരം സ്വാസിക, ഫോമാ വൈസ് പ്രസിഡന്റ് സണ്ണി വള്ളിക്കളം, ജോ. സെക്രട്ടറി ഡോ. ജെയ്മോൾ ശ്രീധർ, ജോ. ട്രഷറർ ജെയിംസ് ജോർജ് എന്നിവർ പ്രസംഗിച്ചു. കൺവൻഷൻ ചെയർമാൻ കുഞ്ഞ് മാലിയിൽ സ്വാഗതവും, ഫോമാ ട്രഷറാർ ബിജു തോണിക്കടവിൽ നന്ദിയും പറഞ്ഞു. ഉദ്ഘാടന സമ്മേളനത്തിന് മുന്നോടിയായി വർണ്ണശബളമായ സാംസ്കാരിക ഘോഷയാത്ര നടന്നു. ലിസ് ആയിരുന്നു പ്രോഗ്രാം എംസി.

# കായലിലും കടലിലും രക്ഷാകവചമൊരുക്കി ഫാ. ഏബ്രഹാം പെരികിലക്കാട്ട്


കോട്ടയം: കടലിലും കായലിലും അകപ്പെടുന്നവർക്ക് ജീവരക്ഷയ്ക്കുതകുന്ന കവചം രൂപകല്പന ചെയ്ത് ഫാ. ഏബ്രഹാം പെരികിലക്കാട്ട് സിഎംഐ. മുതലപ്പൊഴിയാറിലും വിഴിഞ്ഞത്തും ഉൾപ്പെടെ മത്സ്യത്തൊഴിലാളികൾ പതിവായി തിരയിൽപ്പെട്ടു മരിക്കുന്ന സാഹചര്യത്തിനു പരിഹാരം തേടിയാണ് ഏറെക്കാലത്തെ ശ്രമത്തിൽ ഫാ. ഏബ്രഹാം പെരികിലക്കാട്ട് നോഹാസ് ആർക് എന്നു പേരിട്ട രക്ഷാകവചം വികസിപ്പിച്ചത്.

ലൈഫ് ബോയ്ക്കു സമാനമായി ഫൈബറിൽ വൃത്താകൃതിയിൽ 30 സെന്റിമീറ്റർ ഉയരത്തിൽ നിർമിച്ച വളയത്തിൽ ഇരിപ്പിടവുമുണ്ട്. ഇതിൽ കയറുന്നയാൾക്ക് തിരമാലകൾക്കു മീതേ സുരക്ഷിതമായി പൊങ്ങിക്കിടക്കാനാകും.

ഫാ. ഏബ്രഹാം ഈ രക്ഷാകവചം രൂപംകൊടുത്ത് തുടക്കപരീക്ഷണം നടത്തിയത് ഒഴുക്കില്ലാത്ത ജലാശയത്തിലാണ്. കുളത്തിലെ ജലപ്പരപ്പിലിട്ട കവചത്തിൽ ആളെ കയറ്റിയപ്പോൾ എട്ടു സെന്റിമീറ്റർ മാത്രമാണ് ഇത് താഴ്ന്നത്. നടുവിലെ ഇരിപ്പിടത്തിൽ സൗകര്യപ്രദമായി ഇരിക്കാവുന്നതിനാൽ സ്വതന്ത്രമായി കൈകൾ ചലിപ്പിക്കാനും ആവശ്യമെങ്കിൽ തുഴയാനും സാധിക്കും. രണ്ടാം ഘട്ടത്തിൽ കടൽത്തിരയിലായിരുന്നു പരീക്ഷണം. ശക്തമായ തിരയിൽ വളയത്തിനു മുകളിൽ കൈകൾ മുറുക്കിയാൽ വളയത്തിനൊപ്പം നീങ്ങിക്കൊള്ളും. ശരീരഭാഗം എഴുപതു ശതമാനത്തോളം ജലനിരപ്പിനടിയിലായതിനാൽ പേടകം മറിയാതെ വെള്ളത്തിനൊപ്പം നീങ്ങിക്കൊള്ളും. ഈ ഘട്ടത്തിൽ കരയിലേക്ക് ജിപിഎസ് സന്ദേശം അയച്ച് സഹായം തേടാനുള്ള സംവിധാനവുമുണ്ട്. അപകടസാഹചര്യങ്ങളിൽപ്പെടുന്നവർക്കു മാത്രമല്ല, മത്സ്യബന്ധന വള്ളങ്ങൾക്കും ബോട്ടിൽ സഞ്ചരിക്കുന്നവർക്കും ഈ കവചം സ്ഥിരം കരുതലായി സൂക്ഷിക്കാമെന്ന് ഫാ. ഏബ്രഹാം പെരികിലക്കാട്ട് വ്യക്തമാക്കി.



ഫാ. ഏബ്രഹാം രൂപകല്പന ചെയ്ത രക്ഷാകവചം



ഫാ. ഏബ്രഹാം പെരികിലക്കാട്ട്

അയ്യായിരത്തോളം രൂപയാണ് നിർമ്മാണച്ചെലവ്. ജലയാത്രകളിലും വെള്ളക്കെട്ടുകളിലും സുരക്ഷയ്ക്ക് ഈ സംവിധാനം പ്രയോജനപ്പെടുത്താനുള്ള സാദ്ധ്യത ഇദ്ദേഹം അന്വേഷിച്ചുവരികയാണ്. പുന്നപ്ര കാർമ്മൽ പോളിടെക്നിക്കിൽ അദ്ധ്യാപകനായിരുന്ന എൻജിനീയർ ഫാ. പെരികിലക്കാട്ട് ഇപ്പോൾ പുതുപ്പള്ളി സിഎംഐ ആശ്രമത്തിൽ വിശ്രമജീവിതം നയിച്ചുവരികയാണ്.




# സെലിബ്രേഷൻ ചർച്ചിന്റെ ജൂബിലി ആഘോഷം 17–ന് ശനിയാഴ്ച

**കുര്യൻ ഫിലിപ്പ്**

ചിക്കാഗോ: സെലിബ്രേഷൻ ചർച്ച് എന്ന പേരിൽ അറിയപ്പെടുന്ന ഇന്റർനാഷണൽ ക്രിസ്ത്യൻ അസംബ്ലീസ് ഓഫ് ഗോഡ് സഭയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾ ഓഗസ്റ്റ് 17–ന് ശനിയാഴ്ച വൈകിട്ട് 4.30 മുതൽ മെഡിന സിറ്റിയിലുള്ള ജൂബിലി ചർച്ചിൽ (900 Foster Ave, Medinah) ആരംഭിക്കും. സഭയുടെ സീനിയർ പാസ്റ്റർ റവ. ജോർജ് കെ. സ്റ്റീഫൻസൺ, ലീഡ് പാസ്റ്റർ റവ. സാംസൺ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നല്കും. അസംബ്ലീസ് ഓഫ് ഗോഡ് ഇല്ലിനോയി സ്റ്റേറ്റ് അസിസ്റ്റന്റ് സൂപ്രണ്ട് റവ. റോൻ ഹൈറ്റ്മാൻ, പ്രെസ്ബിറ്റർ ഡോക്ടർ ഡേവിഡ് സ്റ്റുവർട്ട്, ഷില്ലർ പാർക്ക് സിറ്റി മേയർ നിക്ക് കയഫ എന്നിവർ മുഖ്യാതിഥികൾ ആയിരിക്കുമെന്ന് സഭാ സെക്രട്ടറി വർഗീസ് സാമുവൽ അറിയിച്ചു.

കഴിഞ്ഞ അഞ്ച് പതിറ്റാണ്ടുകളായി ചിക്കാഗോയിൽ സജീവമായി പ്രവർത്തിക്കുന്ന സഭയുടെ സമ്പന്നമായ ചരിത്രവും നേട്ടങ്ങളും സംഭാവനകളും ഈ സമ്മേളനത്തിൽ അവതരിപ്പിക്കും. ഓഗസ്റ്റ് 18–ന് ഞായറാഴ്ച രാവിലെ 9 മണി മുതൽ സഭ ഇപ്പോൾ ആരാധിക്കുന്ന ഷില്ലർ പാർക്കിലുള്ള സഭാ മന്ദിരത്തിൽ വെച്ച് ജൂബിലിയുടെ സമാപന സമ്മേളനവും ആരാധനയും ഉണ്ടായിരിക്കും.



പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻസൺ



പാസ്റ്റർ റവ. സാംസൺ സാബു

1973–ൽ പരേതനായ പാസ്റ്റർ കെ. എ. തോമസ് ഇരുപതിൽപ്പരം വിശ്വാസികളുമായി റാവൻസ്വുഡ് വൈഎംസിഎയിൽ ആരംഭിച്ച പ്രവർത്തനമാണ് 50 വർഷം പിന്നിടുന്ന ഐസിഎജി സഭ. 1978 മുതൽ റവ. ജോർജ് കെ. സ്റ്റീഫൻസൺ ഈ സഭയുടെ സീനിയർ പാസ്റ്ററായി സേവനമനുഷ്ഠിക്കുന്നു. അദ്ദേഹത്തിന്റെ ഊർജസ്വലമായ നേതൃത്വം സഭാ വളർച്ചയിൽ ഗണ്യമായ പങ്കുവഹിച്ചു.

റവ. സാംസൺ സാബു ലീഡ് പാസ്റ്റർ ആയും റവ.ഡോ. അലക്സ് ടി. കോശി, റവ. ക്ലാരൻസ് മാത്യു എന്നിവർ അസോസിയേറ്റ് പാസ്റ്റർമാരായും പ്രവർത്തിക്കുന്നു. സെക്രട്ടറി വർഗീസ് സാമുവൽ, ട്രഷറർ സജി ഫിലിപ്പ്, കോ–ട്രഷറർ കെവിൻ ജോസഫ് എന്നിവരും ബോർഡ് മെംബേഴ്സായി ഡോ. വർഗീസ് മത്തായി, ബെഞ്ചമിൻ ജോൺ, ജോൺ വർഗീസ്, ജോസഫ് ഡാനിയേൽ, തോമസ് ജേക്കബ്, പ്രമോദ് തോമസ് എന്നിവരും പ്രവർത്തിച്ചുവരുന്നു.

സഭ അതിന്റെ ആദ്യകാലം മുതൽ എണ്ണമറ്റ വ്യക്തികൾക്ക് പ്രത്യാശയുടെ പ്രകാശവും ആത്മീയ വളർച്ചയുടെ കേന്ദ്രവുമായി പ്രവർത്തിച്ചുവരുന്നു. 50 വർഷത്തെ ഈ ശ്രദ്ധേയമായ യാത്രയെ അനുസ്മരിക്കുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ടെന്ന് സെലിബ്രേഷൻ ചർച്ച് ചിക്കാഗോയുടെ ലീഡ് പാസ്റ്റർ റവ. സാംസൺ സാബു പറഞ്ഞു.

വർഷങ്ങളായി ഞങ്ങളെ നിലനിറുത്തിയ വിശ്വാസം, അർപ്പണബോധം, കമ്മ്യൂണിറ്റി സ്പിരിറ്റ് എന്നിവയുടെ തെളിവാണിത്. നമ്മുടെ ഭൂതകാലവും വർത്തമാനവും ഭാവിയും ആഘോഷിക്കുമ്പോൾ ഞങ്ങളോടൊപ്പം ചേരാൻ എല്ലാവരെയും ഞങ്ങൾ ക്ഷണിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക്: (847) 922–2712 അല്ലെങ്കിൽ https://ccelebration.org

# വേൾഡ് മലയാളി കൗൺസിൽ ബിസിനസ് കോൺക്ലേവ് സമാപിച്ചു

ഹൂസ്റ്റൺ: വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ ബിസിനസ് ഫോറം ലണ്ടനിൽ സംഘടിപ്പിച്ച ബിസിനസ് കോൺക്ലേവിന് പ്രൗഢഗംഭീരമായ സമാപനം. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി നൂറുകണക്കിനു പ്രതിനിധികൾ പങ്കെടുത്തു. ബിസിനസ് ചർച്ചകളും സെമിനാറുകളും കൊണ്ട് കോൺക്ലേവ് ശ്രദ്ധേയമായി. വിജയകരമായ കോൺക്ലേവിനെ തുടർന്ന് ഗ്ലോബൽ ബിസിനസ് ഫോറം കമ്മിറ്റി വിപുലപ്പെടുത്തിയതായി ഫോറം ചെയർമാൻ ജെയിംസ് കൂടൽ പറഞ്ഞു.

അനന്തമായ ബിസിനസ് സാദ്ധ്യതകൾ തുറന്ന ബിസിനസ് കോൺക്ലേവിന് തുടർച്ചയുണ്ടാകുമെന്നും ജനുവരിയിൽ കേരളത്തിൽ ബിസിനസ് കോൺക്ലേവ് സംഘടിപ്പിക്കുമെന്നും ജെയിംസ് കൂടൽ അറിയിച്ചു.

ഡോ. ബാബു സ്റ്റീഫൻ രക്ഷാധികാരിയായി പ്രവർത്തിക്കും. അമേരിക്കൻ മലയാളികൾക്കിടയിലെ സജീവ സാന്നിദ്ധ്യമാണ് ബാബു സ്റ്റീഫൻ. ഫൊക്കാന മുൻ പ്രസിഡണ്ട് എന്ന നിലയിൽ അദ്ദേഹം ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് കാഴ്ചവെച്ചത്. സാമൂഹിക, സാംസ്കാരിക ജീവകാരുണ്യ മേഖലയിലെ അറിയപ്പെടുന്ന സാന്നിദ്ധ്യമാണ്. ജീവകാരുണ്യ പ്രവർത്തകൻ എന്ന നിലയിൽ അദ്ദേഹം നടത്തിവന്ന പ്രവർത്തനങ്ങൾ നിരവധി നിരാലംബർക്കാണ് ആശ്രയമായത്.




മറ്റു ഭാരവാഹികൾ: ഷിനു മാത്യൂസ് (വൈസ് ചെയർപേഴ്സൺ), റഫീഖ് പി. കയനയിൽ (വൈസ് ചെയർമാൻ), സുരേന്ദ്രൻ കണ്ണാട്ട് (വൈസ് ചെയർമാൻ), തുളസീധരൻ നായർ (സെക്രട്ടറി), സുകേഷ് ഗോവിന്ദൻ (സെക്രട്ടറി), തോമസ് സ്റ്റീഫൻ (ട്രഷറർ), സുനിൽ കൂഴംപാല (അമേരിക്ക റീജിയൻ ബിസിനസ് ഫോറം ചെയർമാൻ), സക്കീർ ഹുസൈൻ (ചെയർമാൻ, മിഡിൽ ഈസ്റ്റ് റീജിയൻ).

# ബാങ്ക് അക്കൗണ്ട് ഉടമയ്ക്ക് നാല് നോമിനികൾ വരെയാകാം

ന്യൂഡൽഹി: ബാങ്ക് അക്കൗണ്ട് ഉടമയ്ക്ക് നാല് നോമിനികളെവരെ വെക്കാൻ വ്യവസ്ഥചെയ്യുന്ന ബാങ്കിങ് നിയമ ഭേദഗതിബിൽ ധനമന്ത്രി നിർമലാ സീതാരാമൻ ലോക്സഭയിൽ അവതരിപ്പിച്ചു. അവകാശികളില്ലാത്ത നിക്ഷേപങ്ങളിന്മേൽ നിക്ഷേപകരുടെ താത്പര്യങ്ങൾ പൂർണമായും പരിരക്ഷിച്ചുകൊണ്ട് വ്യക്തികൾക്ക് അവകാശവാദമുന്നയിക്കുന്നതിനുള്ള വ്യവസ്ഥകളും പുതിയ ഭേദഗതി ബില്ലിൽ ലഘൂകരിച്ചിട്ടുണ്ട്.

നിലവിൽ അവകാശികളില്ലാത്ത നിക്ഷേപങ്ങൾ ഇൻവെസ്റ്റർ എജ്യുക്കേഷൻ ആൻഡ് പ്രൊട്ടക്ഷൻ ഫണ്ടിലേക്ക് മാറ്റിക്കഴിഞ്ഞാൽ മറ്റാർക്കും ഇതിന്മേൽ അവകാശവാദമുന്നയിക്കാനാകില്ല.

പുതിയ ഭേദഗതിയനുസരിച്ച് ഇങ്ങനെ മാറ്റിക്കഴിഞ്ഞാലും മതിയായ രേഖകൾ സഹിതം അവകാശവാദമുന്നയിച്ചെത്തുന്നവർക്ക് നിക്ഷേപകന്റെ താത്പര്യങ്ങൾ പൂർണമായി പരിപാലിച്ചുകൊണ്ട് കൈമാറാം. പൂർണമായും നിക്ഷേപസൗഹൃദ ബില്ലാണിതെന്ന് ധനമന്ത്രി വ്യക്തമാക്കി.

ബാങ്കിങ് റെഗുലേറ്ററി അതോറിറ്റി മുൻപാകെ ബാങ്കുകൾ റിപ്പോർട്ട് ചെയ്യേണ്ട തീയതിയിൽ മാറ്റം. മാസത്തിലെ രണ്ടാമത്തെയും നാലാമത്തെയും വെള്ളിയാഴ്ചയ്ക്കുപകരം 15–ാം തീയതിയും മാസത്തിലെ അവസാന പ്രവൃത്തി ദിവസവും എന്നാക്കി.

FAMILY DENTAL Practice

9709 N. Milwaukee Ave, Glenview, Il-60025, (Northwest Corner of Milwaukee & Greenwood

Office: (847) 581-1418,
Fax: (847) 581-1445



GENERAL DENTIST, IMPLANT, ORTHODONTIC TREATMENT, GUM SURGERY, WISDOM TOOTH EXTRACTIONS

- WHITENING, VENEERS, BONDING, ROOT CANALS, GUM DISEASE, CLEANING, WHITE FILLINGS, DENTURES/PARTIALS, RELINE, CROWNS, BRIDGES, INTRA-ORAL CAMERA DIGITAL IMAGE, STATE OF THE ART STERILIZATION SYSTEM
- ORTHODONTICS (BRACES & INVISALIGN) for Children and Adult
- DISCOUNTS AVAILABLE



Dr. Susan Edukutharayil
B.D.S, D.D.S
(University of Illinois Graduate)
Practicing Dentistry in Chicago land area for the past 25 years!!

www.MyDentistToday.com

ACHIEVE REAL ESTATE GROUP, INC.

For All Your Real Estate Needs Please Call ...

THOMAS KURUVILLA KARIKULAM

Real Estate Broker

1-847-219-6050

834 Rand Rd Mount Prospect IL 60056



FULL TIME REALTOR

KERALA EXPRESS പ്രവാസി താളുകൾ

# ദർശന തിരുനാളിന് ഒരുങ്ങി സെ. മേരീസ് ക്നാനായ കത്തോലിക്കാ ഇടവക




**അനിൽ മറ്റത്തിക്കുന്നേൽ**

ചിക്കാഗോ: ചിക്കാഗോ സെ. മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിലെ ദർശനത്തിരുനാൾ ഓഗസ്റ്റ് 11 മുതൽ 19 വരെ ആഘോഷിക്കുന്നു. 11-ന് ഞായറാഴ്ച രാവിലെ പത്തു മണിക്കുള്ള ആഘോഷമായ കുർബാനയ്ക്ക് ശേഷം വികാരി ഫാ. സിജു മുടക്കോടിൽ തിരുനാൾ കൊടിയേറ്റിന് കാർമ്മികത്വം വഹിക്കും. ഇടവകയിലെ സെ. ജൂഡ് കൂടാരയോഗമാണ് ഇത്തവണത്തെ തിരുനാളിന് പ്രസുദേന്തിമാരാകുന്നത്. ഒരാഴ്ച നീണ്ടു നിൽക്കുന്ന തിരുനാളിന്റെ പ്രധാന ദിവസമായ ഓഗസ്റ്റ് 18-ന് നടത്തപ്പെടുന്ന റാസാ കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിക്കുന്നത് കോട്ടയം അതിരൂപതാംഗവും അൾജീരിയയുടെയും ടുണീഷ്യയുടെയും വത്തിക്കാൻ സ്ഥാനപതിയായി സേവനം അനുഷ്ഠിക്കുന്ന ആർച്ച്ബിഷപ് കുര്യൻ വയലുങ്കൽ പിതാവാണ്.

ആർച്ച്ബിഷപ് സ്ഥാനം ഏറ്റെടുത്തതിനു ശേഷം ആദ്യമായി ചിക്കാഗോയിലേക്ക് എത്തുന്ന വയലുങ്കൽ പിതാവ് ശനിയാഴ്ചത്തെ കലാസന്ധ്യ ഉദ്ഘാടനം ചെയ്യും.

ക്നാനായ റീജിയൻ ഡയറക്ടർ റവ. മോൺ. തോമസ് മുളവനാൽ, റവ. റെനി കട്ടേൽ (സെ. തെരേസാസ് ക്നാനായ ചർച്ച് വികാരി, റാന്നി) റവ. ഫാ. ജിതിൻ വല്ലാർകാട്ടിൽ, റവ.ഫാ. ജെറി മാത്യു (സെ. മേരീസ് മലങ്കര ഇടവക, ചിക്കാഗോ), റവ.ഫാ. ലിജോ കൊച്ചുപറമ്പിൽ (ക്രൈസ്റ്റ് ദി കിംഗ് ക്നാനായ ഇടവക ന്യൂജേഴ്സി), റവ. ഫാ. ബീബി തറയിൽ (സെ. മേരീസ് ക്നാനായ ഇടവക റോക്ക്ലാൻഡ്, ന്യൂയോർക്ക്), റവ. മോൺ. തോമസ് കടുകപ്പള്ളിൽ (കത്തീഡ്രൽ ഇടവക ചിക്കാഗോ), റവ.ഫാ. ബിൻസ് ചേത്തലിൽ (സേക്രഡ് ഹാർട്ട് ക്നാനായ ഇടവക ചിക്കാഗോ), റവ.ഫാ. ബോബൻ വട്ടംപുറത്ത് (സെ. ആന്റണീസ് ക്നാനായ ഇടവക, സാൻ അന്റോണിയോ), റവ.ഫാ. ജോഷി വലിയവീട്ടിൽ (സെ. മേരീസ് ക്നാനായ ഇടവക ഹൂസ്റ്റൺ) എന്നിവർ വിവിധ ദിവസങ്ങളിലെ തിരുക്കർമ്മങ്ങൾക്ക് നേതൃത്വം വഹിക്കും.

ജോജോ ഇടക്കരയുടെ നേതൃത്വത്തിലുള്ള തിരുനാൾ കമ്മിറ്റിയാണ് സിസ്റ്റർ സിൽവേരിയസ്, കൈക്കാരന്മാരായ സാബു കട്ടപ്പുറം, ബിനു പൂത്തുറയിൽ, ലൂക്കോസ് പൂഴിക്കുന്നേൽ, ജോർജ് മറ്റത്തിപ്പറമ്പിൽ, നിബിൻ വെട്ടിക്കാട്ടിൽ, അക്കൗണ്ടന്റ് ജെയിംസ് മന്നാകുളത്തിൽ, സെക്രട്ടറി സണ്ണി മേലേടം, പിആർഒ അനിൽ മറ്റത്തിക്കുന്നേൽ എന്നിവരോടൊപ്പം തിരുനാളിന് നേതൃത്വം നല്കുന്നത്. ഓഗസ്റ്റ് 16-ന് വെള്ളിയാഴ്ചത്തെ കൂടാര കലാസന്ധ്യയ്ക്ക് സിബി കൈതക്കത്തൊട്ടിയിലും ഓഗസ്റ്റ് 17-ന് ശനിയാഴ്ചത്തെ കലാസന്ധ്യയ്ക്ക് പ്രതിഭാ തച്ചേട്ട്, മന്നു തിരുനെല്ലിപ്പറമ്പിൽ എന്നിവരും നേതൃത്വം നല്കും.



മറ്റൊരു തിരുനാൾകൂടി ആഗതമായിരിക്കുന്ന ഈയവസരത്തിൽ നാളിതുവരെയും ദീർഘവീക്ഷണത്തോടെ ഇടവകയെ നയിച്ച മുൻ വികാരിമാരായിരുന്ന റവ.ഫാ. അബ്രാഹം മുത്തോലത്ത്, റവ.ഫാ. തോമസ് മുളവനാൽ, അസി. വികാരിമാർ, കൈക്കാരന്മാർ എന്നിവരെ നന്ദിയോടെ സ്മരിക്കുന്നതോടൊപ്പം വിശ്വാസ തീക്ഷ്ണതയിലും സമുദായ സ്നേഹത്തിലും വളരുന്ന ഒരു സമൂഹത്തെ കെട്ടിപ്പടുക്കുവാൻ ശക്തമായ പിന്തുണയും പ്രചോദനവും നല്കിക്കൊണ്ടിരിക്കുന്ന കോട്ടയം അതിരൂപതയുടെയും ചിക്കാഗോ സീറോമലബാർ രൂപതയുടെയും അഭി. പിതാക്കന്മാരെയും നന്ദിയോടെ ഓർക്കുന്നതായി ഇടവക വികാരി ഫാ. സിജു മുടക്കോടിൽ അറിയിച്ചു.

പരിശുദ്ധ പിതാവിന്റെ നൂൺഷ്യോ ആയി മെത്രാപ്പോലീത്താ സ്ഥാനം ഏറ്റെടുത്തതിനുശേഷം അഭി. കുര്യൻ വയലുങ്കൽ പിതാവ് ആദ്യമായി ചിക്കാഗോയിലേക്ക് പരിശുദ്ധ ദൈവമാതാവിന്റെ ദർശനത്തിരുനാളിന് മുഖ്യ കാർമ്മികനായി എത്തുന്നു എന്നത് ഈ ഇടവകജനത്തെ സംബന്ധിച്ചിടത്തോളം ഏറെ സന്തോഷം പകരുന്ന കാര്യമാണ് എന്നും പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോപണ ത്തിരുനാൾ ദർശനത്തിരുനാളായി തുടർച്ചയായ പതിനാലാം വർഷവും ആഘോഷിക്കുമ്പോൾ, ഈ തിരുനാളിൽ പങ്കെടുത്ത് അനുഗ്രഹങ്ങൾ പ്രാപിക്കുവാൻ പ്രസുദേന്തിമാരായ സെ. ജൂഡ് കൂടാരയോഗ അംഗങ്ങളോടും കൈക്കാരന്മാരോടും പാരിഷ് കൗൺസിൽ അംഗങ്ങളോടും കൂടാരയോഗങ്ങളോടും വിവിധ തിരുനാൾ കമ്മിറ്റികളോടും കൂടി ഏവരെയും ക്ഷണിക്കുന്നതായി വികാരി ഫാ. സിജു മുടക്കോടിൽ അറിയിച്ചു.

# ഇൻഡോപാക് ബാസ്കറ്റ്ബോൾ ടൂർണമെന്റ് നടത്തി

**മനോജ് അച്ചേട്ട്**

ചിക്കാഗോ: 37-ാമത് ഇൻഡോപാക് ബാസ്കറ്റ്ബോൾ ടൂർണമെന്റ് ഓഗസ്റ്റ് 2, 3, 4 തീയതികളിൽ സുപ്രീം ബാസ്കറ്റ്ബോൾ കോർട്ടായ അറോറയിൽ നടന്നു. കേരളാ എക്സ്പ്രസ് 17u ടീം നാലാം തലമുറ എക്സ്പ്രസ് ടീം ചാമ്പ്യൻസ് ഇന്ത്യയിൽ നിന്നുള്ള ഒന്നിലധികം ദേശീയതകളുള്ള യുണൈറ്റഡ് സ്റ്റേറ്റ്സിൽ നിന്നുള്ള നിരവധി ടീമുകൾക്കെതിരെ കളിച്ചു.

ഏകദേശം 40 വർഷങ്ങൾക്കു മുമ്പ് ആദ്യ ടീം കളിച്ചപ്പോൾ കേരളാ എക്സ്പ്രസ് അതിന്റെ വേരുകളിൽ ഉറച്ചുനിന്നു. ഒറിജിനൽ ടീം കുട്ടികളിൽ നിന്നുള്ള ഒന്നിലധികം തലമുറകളിലുള്ള കളിക്കാരെ അടിസ്ഥാനമാക്കിയുള്ളതാണ്. ടീം. ഒപ്പം അവർ ചേർത്തിട്ടുള്ള ചില പുതിയ സുഹൃത്തുക്കളും. ഹെഡ് കോച്ച് ജോർജ് പ്ലാമൂട്ടിൽ, അസിസ്റ്റന്റ് കോച്ചുമാരായ മനോജ് അച്ചേട്ട്, ലൂക്കാ ചിറയിൽ എന്നിവരെല്ലാം 40 വർഷം മുമ്പ് യഥാർത്ഥ ടീമിൽ കളിച്ചവരാണ്.

തുടർന്ന് ഷോൺ ചിറയിലിനൊപ്പം രണ്ടാം തലമുറ ടീമിലെ ചില യുവ പരിശീലകരെ ഉൾപ്പെടുത്തി മികച്ച പരിശീലക സംഘത്തെ ഉണ്ടാക്കാൻ സഹായിച്ചു. ടൂർണമെന്റിന്റെ മുഴുവൻ എംവിപിയും ചാമ്പ്യൻഷിപ് എംവിപിയും ടൂർണമെന്റ് എംവിപിയും തെരഞ്ഞെടുത്ത് രണ്ട് കളിക്കാർക്കൊപ്പം ടീം ഒന്നിലധികം ബഹുമതികൾ തെരഞ്ഞെടുത്തു. ടീം അംഗങ്ങൾ ആന്റണി പ്ലാമൂട്ടിൽ-ക്യാപ്റ്റൻ, ആന്റണി കുര്യൻ, തേജ് ജോൺസൺ. രോഹൻ തെലിൽ ഫൈനലിലെ മികച്ച കളിക്കാരൻ, അരുൺ രജീഷ് ബാബു ടൂർണമെന്റിലെ മികച്ച താരം, ഡെന്നി പ്ലാമൂട്ടിൽ, ജോസഫ് ചിറയിൽ, നിക്ക് ഉമാപതി, മാത്യു അച്ചേട്ട്, സാക് ചിറയിൽ, കീഗൻ വിറ്റിൽ.



# ഫോമാ കൺവൻഷൻ ചിത്രങ്ങളിലൂടെ...


































# ഫോമാ കൺവൻഷൻ ചിത്രങ്ങളിലൂടെ...

ഫോട്ടോ:
ഷിജോ പൗലോസ്


































# മലയാളി ലോ എൻഫോഴ്സ്മെന്റ് യുണൈറ്റഡ് സമ്മേളനം

മാർട്ടിൻ വിലങ്ങോലിൽ

ന്യൂയോർക്ക്: അമേരിക്കൻ മലയാളി ലോ എൻഫോഴ്സ്മെന്റ് യുണൈറ്റഡ് (എഎംഎൽഇയു) ന്യൂയോർക്കിലെ സ്റ്റാറ്റൻ ഐലൻഡിൽ സംഘടിപ്പിച്ച ദേശീയ സമ്മേളനം വൻവിജയമായി. പോലീസ് സേനയിൽ പ്രവർത്തിക്കുന്നവരെ ചടങ്ങിൽ ആദരിക്കുകയും പുതിയ അംഗങ്ങളെ സദസ്സിന് പരിചയപ്പെടുത്തുകയും ചെയ്തു.

സമ്മേളനത്തിൽ രാജ്യത്തെ ഏറ്റവും വലിയ പോലീസ് ഡിപ്പാർട്ടുമെന്റിന്റെ രണ്ടാമത്തെ കമാൻഡറായ ന്യൂയോർക്ക് പോലീസ് ഡിപ്പാർട്ടുമെന്റിൽ (എൻവൈപിഡി) നിന്നുള്ള ഫസ്റ്റ് ഡെപ്യൂട്ടി കമ്മീഷണർ ടാനിയ കിൻസെല്ല മുഖ്യാതിഥിയായി പങ്കെടുത്തു.

മികച്ച സേവനം കാഴ്ചവെച്ച എൻവൈപിഡി ഫോഴ്സ് ഇൻവെസ്റ്റിഗേഷൻ ഡിവിഷന്റെ കമാൻഡിംഗ് ഓഫീസർ ഇൻസ്പെക്ടർ രോഹൻ ഗ്രിഫിത്ത്, മലയാളി ഡെപ്യൂട്ടി ഇൻസ്പെക്ടർ ഷിബു മധു എന്നിവരെ ചടങ്ങിൽ ആദരിച്ചു.

റിച്ച്മണ്ട് കൗണ്ടി ക്രിമിനൽ കോർട്ടിൽ സുപ്രീംയർ ജഡ്ജായി പ്രൊമോഷൻ ലഭിച്ച ജഡ്ജ് ബിജു കോശിയേയും 2015-ൽ ആദ്യ സൗത്ത് ഏഷ്യൻ വനിതയായി നിയമനം ലഭിച്ച ജഡ്ജ് രാജ രാജേശ്വരിയേയും ചടങ്ങിൽ ആദരിക്കുകയുണ്ടായി.

അമേരിക്കയിലുടനീളം സേവനമർപ്പിക്കുന്ന മലയാളി പോലീസ് ഓഫീസർമാരുടെയും നിയമനിർവഹണ മേഖലയിൽ പ്രവർത്തിക്കുന്നവരെയും പ്രതിനിധീകരിക്കുന്ന ദേശീയ സംഘടനയാണ് അമേരിക്കൻ മലയാളി ലോ എൻഫോഴ്സ്മെന്റ് യുണൈറ്റഡ്. തുടക്കം മുതലുള്ള സംഘടനയുടെ കമ്യൂണിറ്റി സേവനങ്ങളും സന്നദ്ധപ്രവർത്തനങ്ങളും പ്രശംസനീയമാണ്.



കേരള മുഖ്യമന്ത്രി ന്യൂയോർക്ക് ടൈം സ്‌ക്വയർ സന്ദർശിച്ച വേളയിൽ പ്രവാസികേരളീയരുടെ സംഗമവേദിയായ ലോക കേരളസഭയ്ക്കും ഇതിന്റെ സംഘാടകർക്കും ഇവരുടെ സേവനങ്ങൾ മുതൽക്കൂട്ടായി.

ന്യൂയോർക്ക് പോലീസ് ഡിപ്പാർട്ടുമെന്റിൽ നിന്നുള്ള ലെഫ്റ്റനന്റ് നിധിൻ ഏബ്രഹാം (പ്രസിഡണ്ട്), മേരിലാൻഡിലെ ടകോമ പാർക്ക് പോലീസ് ഡിപ്പാർട്ടുമെന്റിൽ നിന്നുള്ള ഡെപ്യൂട്ടി ചീഫ് ഷിബു ഫിലിപ്പോസ് (വൈസ് പ്രസിഡണ്ട്), ന്യൂയോർക്ക്-ന്യൂജേഴ്സി പോർട്ട് അതോറിറ്റി പോലീസ് ഡിപ്പാർട്ടുമെന്റ് ലെഫ്റ്റനന്റ് നോബിൾ വർഗീസ് (സെക്രട്ടറി), ഫിലാഡൽഫിയ പോലീസ് ഡിപ്പാർട്ടുമെന്റിൽ നിന്നുള്ള സർജന്റ് ബ്ലെസ്സൻ മാത്യു (ട്രഷറർ), എഫ്ബിഐയിൽ നിന്നുള്ള സൂപ്പർവൈസറി സ്പെഷൽ ഏജന്റ് ഡാനിയൽ സോളമൻ (സർജന്റ് അറ്റ് ആംസ്) എന്നിവരടങ്ങുന്ന ബോർഡ് ഓഫ് കമ്മിറ്റിയാണ് സംഘടനയെ നയിക്കുന്നത്.



സമ്മേളനത്തിൽ നിധിൻ ഏബ്രഹാം സ്വാഗതം പറഞ്ഞു. നോബിൾ വർഗീസ് ചടങ്ങിൽ ആശംസകൾ അർപ്പിക്കുകയും അതിഥികൾക്ക് ഉപഹാരങ്ങൾ സമർപ്പിക്കുകയും ചെയ്തു.

മലയാളി കൂട്ടായ്മയ്ക്ക് താങ്ങും തണലുമായ സംഘടനയെ amle-united2020@gmail.com എന്ന ഇ-മെയിലിൽ ബന്ധപ്പെടാവുന്നതാണ്. വിവരങ്ങൾക്ക്: www.amleu.org

# അബ്ദുൾ പുന്നയൂർക്കുളത്തിനെ ഫൊക്കാന ആദരിച്ചു

സാംസി കൊടുമൺ

ന്യൂയോർക്ക്: ഫൊക്കാനയ്ക്കും മലയാള സാഹിത്യത്തിനും വേണ്ടിയുള്ള പ്രവർത്തനങ്ങളെ മാനിച്ച് അബ്ദുൾ പുന്നയൂർക്കുളത്തിനെ 'ഫൊക്കാന സേവന പുരസ്കാരം' നല്കി ആദരിച്ചു. 2022-ൽ ഫൊക്കാന പ്രസിഡണ്ട് ജോർജി വർഗീസും സെക്രട്ടറി സജിമോൻ ആന്റണിയും അവാർഡ് കമ്മിറ്റി കോ-ഓർഡിനേറ്റർ ഫിലിപ്പ് ഫിലിപ്പോസും ചെയർമാൻ ബെന്നി കുര്യനും കൂടി പ്രഖ്യാപിച്ചതായിരുന്നു ഈ പുരസ്കാരം.

കോവിഡാനന്തര കാലത്തെ യാത്രാക്ലേശത്താൽ നാട്ടിലായിപ്പോയ അബ്ദുൾ പുന്നയൂർക്കുളം 2024-ലാണ് പുരസ്കാരം ഏറ്റുവാങ്ങുന്നത്. വാഷിങ്ടൺ ഡിസിയിൽ നടന്ന സമ്മേളനത്തിലെ ഒരു പ്രത്യേക ചടങ്ങിൽവെച്ച് പുതുതായി തെരഞ്ഞെടുക്കപ്പെട്ട ഫൊക്കാന പ്രസിഡണ്ട് സജിമോൻ ആന്റണിയും സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താനും തോമസ് തോമസും ചേർന്ന് പുരസ്കാരം സമ്മാനിച്ചപ്പോൾ അബ്ദുളിന്റെ സുഹൃത്തുക്കൾ അതിനു സാക്ഷികളായി.

അബ്ദുൾ 2002 മുതൽ ഫൊക്കാനയ്ക്കും അവിടെ നടക്കുന്ന സാഹിത്യ സമ്മേളനങ്ങൾക്കും നല്കിയ സംഭാവനകളെ സജിമോൻ ആന്റണി പ്രത്യേകം പരാമർശിച്ചു. ഫൊക്കാനയുടെ പല ഉപ കമ്മിറ്റികളിലും സജീവമായിരുന്ന അബ്ദുൾ ഫൊക്കാന സാഹിത്യ സമ്മേളനങ്ങളുടെ അവിഭാജ്യ ഘടകമായിരുന്നു. ഫൊക്കാനയുടെ പല പരിപാടികളോടൊപ്പം അമേരിക്കൻ, കാനഡ എഴുത്തുകാരുടെ പുസ്തകങ്ങൾ ശേഖരിക്കുകയും അത് അർപ്പണ മനോഭാവത്തോടെ സമ്മേളനസ്ഥലങ്ങളിൽ പ്രദർശിപ്പിക്കുകയും ചെയ്യുന്നത് എഴുത്തിന് പുറമെയുള്ള വലിയൊരു സാഹിത്യ പ്രവർത്തനമാണെന്ന് സുഹൃത്തുക്കൾ അനുസ്മരിച്ചു.





# ഇൻഡോ-കനേഡിയൻ പെന്തെക്കോസ്തൽ കോൺഫറൻസ് സമാപിച്ചു

ഫിന്നി രാജു

ടൊറന്റോ: ജനപങ്കാളിത്തം കൊണ്ടും ആത്മസാന്നിദ്ധ്യം കൊണ്ടും അതിശക്തമായ വചനശുശ്രൂഷ കൊണ്ടും ശ്രദ്ധേയമായ ഒന്നാമത് പെന്തെക്കോസ്തൽ കോൺഫറൻസ് ഓഫ് ഇൻഡോ-കനേഡിയൻ (പിസിഐസി) കോൺഫറൻസ് അനുഗ്രഹമായി സമാപിച്ചു. മൂന്നുദിവസത്തെ കോൺഫറൻസിന് പാസ്റ്റർ ജോൺ തോമസ്, പാസ്റ്റർ ഫിന്നി ശാമുവേൽ, പാസ്റ്റർ വിത്സൺ കടവിൽ എന്നിവർ നേതൃത്വം നല്കി.

അമ്പതിലധികം വർഷങ്ങളായി കാനഡയിൽ പാർക്കുന്ന മലയാളി പെന്തെക്കോസ്ത് ദൈവമക്കളുടെ പ്രാർത്ഥനയുടെ മറുപടിയാണ് ഈ കോൺഫറൻസിന്റെ വിജയം. പതിനെട്ടു പേർ സുവിശേഷ വേലയ്ക്കു സമർപ്പിച്ച ഈ കോൺഫറൻസ് ദൈവമക്കളുടെ ഐക്യത്തിനും ദൈവദാസന്മാരുടെ ശാക്തീകരണത്തിനും കാരണമായി. ത്രിയേക ദൈവത്തിന്റെ സ്വർഗ്ഗീയ ഏകത്വത്തിലൂടെ ദൈവസഭയിലേക്ക് ഒഴുകുന്ന ആത്മീയ ഐക്യതയെ ഊന്നിപ്പറഞ്ഞുകൊണ്ടുള്ള ദൈവികദൂതുകൾ മുഴങ്ങിക്കേട്ടു. ദൈവസഭകളുടെ ഐക്യത അനിവാര്യമാണ്, ഒന്നാകുക എന്നത് ദൈവിക കല്പനയാണ്. ഒന്നാകാതെ ദൈവികപ്രവൃത്തി സഭകളിൽ നടക്കുകയില്ല. ഐക്യതയുടെ ദൈവശാസ്ത്രം വളരെ വ്യക്തമായി പാസ്റ്റർ ഷാജി എം. പോളും റെജി ശാസ്താംകോട്ടയും വിവിധ സെഷനുകളിൽ വിശദമായി വിവരിച്ചു. അമേരിക്കൻ മിഷനറിയായ പാസ്റ്റർ ഗ്ലെൻ ബെഡോസ്കിയും തന്റേതായ ശൈലിയിൽ നമ്മുടെ സംസ്കാരത്തെ ഉൾക്കൊണ്ടുകൊണ്ട് ഐക്യതയുടെ പ്രാധാന്യത്തെക്കുറിച്ചു വിനിമയം ചെയ്തു. കുട്ടികളുടെ ഇടയിലെ ശുശ്രൂഷ നാല് സെഷനുകളിലായി പാസ്റ്റർ ജോബിൻ പി. മത്തായിയുടെ നേതൃത്വത്തിൽ ടീം കിഡ്സ് ഭംഗിയായി ചെയ്തു.







വിവിധ സെഷനുകളിൽ പാസ്റ്റർമാരായ ഫിന്നി സാമുവേൽ, ബിനു ജേക്കബ്, സാം ഡാനിയേൽ, ഏബ്രഹാം തോമസ്, വിൽസൺ ചെറിയാൻ, സജി മാത്തൻ, സിസ്റ്റർ വത്സമ്മ ഏബ്രഹാം എന്നിവരും അവസാനത്തെ സെഷന് പാസ്റ്റർ ബാബു ജോർജ് കിച്ചനെർ നേതൃത്വം നല്കി. ആത്മനിറവിൽ പാസ്റ്റർ ജോൺ തോമസിനോട് ചേർന്ന് കാനഡയിലെ ദൈവദാസന്മാർ ഒരുമിച്ച് കർത്തൃമേശ ശുശ്രൂഷയ്ക്ക് നേതൃത്വം നല്കുകയും ചെയ്തു. 2026-ൽ കാൽഗറിയിൽ നടക്കുന്ന രണ്ടാമത് കോൺഫറൻസിന് പാസ്റ്റർ വിൽസൺ കടവിൽ നേതൃത്വം നല്കും.

# ട്രെയിനുകളിൽ കൂടുതൽ സുരക്ഷിതത്വത്തിനായി കവച് 4.0

ന്യൂഡൽഹി: ട്രെയിൻ സുരക്ഷയുമായി ബന്ധപ്പെട്ട ആശങ്കകൾ ഉയരുന്ന സാഹചര്യത്തിൽ കവച് 4.0 അവതരിപ്പിക്കാനൊരുങ്ങി റെയിൽവേ. കൂടുതൽ റൂട്ടുകളിലേക്ക് ഈ സംവിധാനം വ്യാപിപ്പിക്കാനുള്ള നടപടി ആരംഭിച്ചതായി കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് വ്യക്തമാക്കി. നിലവിൽ സർവീസ് നടത്തുന്ന ട്രെയിനുകളിൽ കവച് 3.2 ആണ് ഉപയോഗിക്കുന്നത്. എന്നാൽ സുരക്ഷ വർധിപ്പിക്കുന്നതിന്റെ ഭാഗമായാണ് പുതിയ സംവിധാനം സ്ഥാപിക്കുന്നത്. ട്രെയിനുകൾ തമ്മിലുള്ള കൂട്ടിയിടി ഒഴിവാക്കുന്ന സംവിധാനമാണ് കവച്. ഈ വർഷം ഒക്ടോബർ മുതൽ മുംബൈ-ചെന്നൈ, ചെന്നൈ-കൊൽക്കത്ത റൂട്ടുകളിൽ ഈ സംവിധാനം സ്ഥാപിക്കാൻ ആരംഭിക്കുമെന്നും ഇതിനായി ടെൻഡർ നടപടി ആരംഭിച്ചതായും മന്ത്രി വ്യക്തമാക്കി. മൂന്നു വർഷത്തിനുള്ളിൽ ഈ റൂട്ടുകളിൽ ഇതു പൂർത്തിയാക്കുമെന്നും അദ്ദേഹം പറഞ്ഞു. ഡൽഹി-കൊൽക്കത്ത, ഡൽഹി-മുംബൈ റൂട്ടുകളിൽ കവച് സ്ഥാപിക്കുന്ന പ്രവൃത്തി അടുത്ത മാർച്ചോടെ പൂർത്തിയാകും. ഈ സംവിധാനം കൂടുതൽ സുരക്ഷ ഉറപ്പുവരുത്തുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

ആദ്യഘട്ടമെന്ന നിലയിൽ 10,000 ട്രെയിൻ എഞ്ചിനുകളിലാണ് കവച് 4.0 സ്ഥാപിക്കുന്നത്. താത്കാലിക വേഗ നിയന്ത്രണങ്ങൾ, മെച്ചപ്പെട്ട ബ്രേക്കിംഗ് സംവിധാനം, കൃത്യമായ ലൊക്കേഷൻ, റെയിൽവേ സ്റ്റേഷനുകൾ തമ്മിലുള്ള ആശയവിനിമയം തുടങ്ങിയ കൂടുതൽ നൂതന സംവിധാനങ്ങൾ അടങ്ങിയതാണു കവച് 4.0 എന്ന് കേന്ദ്രമന്ത്രി വ്യക്തമാക്കി. ജൂലൈ 17-ന് റിസർച്ച് ഡിസൈൻ ആൻഡ് സ്റ്റാൻഡേർഡ് ഓർഗനൈസേഷൻ (ആർഡിഎസ്ഒ) കവചിന്റെ പുതിയ പതിപ്പ് അംഗീകരിച്ചതാണെന്നും മന്ത്രി പറഞ്ഞു.

ഒരേ പാതയിൽ ഓടിയെത്തുന്ന രണ്ടു ട്രെയിനുകൾ തമ്മിൽ കൂട്ടിയിടി ഒഴിവാക്കുന്ന സുരക്ഷാ സംവിധാനമാണ് കവച്. ട്രാഫിക് കോളീഷൻ അവോയിഡൻസ് സിസ്റ്റമെന്നും (ടിസിഎഎസ്) ഓട്ടോമാറ്റിക് ട്രെയിൻ പ്രൊട്ടക്ഷൻ സിസ്റ്റമെന്നും (എടിപിഎസ്) കവച് അറിയപ്പെടുന്നു.

# ബംഗ്ലാദേശിൽ മുഹമ്മദ് യൂനുസ് അധികാരമേറ്റു

ധാക്ക: ബംഗ്ലാദേശിൽ ഇടക്കാല സർക്കാരിന്റെ തലവനായി നൊബേൽ ജേതാവായ മുഹമ്മദ് യൂനുസ് സത്യപ്രതിജ്ഞ ചെയ്തു സ്ഥാനമേറ്റു. പ്രസിഡണ്ട് മുഹമ്മദ് ഷഹാബുദ്ദീന്റെ ഔദ്യോഗിക വസതിയിലായിരുന്നു ചടങ്ങ്. ഷെയ്ഖ് ഹസീന വിരുദ്ധ പ്രക്ഷോഭത്തിനു നേതൃത്വം നൽകിയ വിദ്യാർത്ഥിമുന്നണി നേതാക്കളായ നഹിദ് ഇസ്ലാം, അസിഫ് മഹ്മൂദ് എന്നിവരടക്കം 14 അംഗ ഉപദേശക സമിതിക്കാണു യൂനുസ് നേതൃത്വം നൽകുക. പാരിസിൽനിന്ന് ആഗസ്റ്റ് എട്ടിന് രാവിലെ ധാക്കയിൽ വിമാനമിറങ്ങിയ യൂനുസിനെ സ്വീകരിക്കാൻ മുതിർന്ന സൈനിക ഓഫീസർമാരും വിദ്യാർത്ഥിനേതാക്കളും എത്തിയിരുന്നു. 'വിദ്യാർത്ഥികൾ രാജ്യത്തെ രക്ഷിച്ചു; ഈ സ്വാതന്ത്ര്യം നാം സംരക്ഷിക്കും. വിദ്യാർത്ഥികൾ കാണിക്കുന്ന വഴിയിൽ നാം മുന്നേറും': യൂനുസ് പറഞ്ഞു.



ബംഗ്ലാദേശിൽ ഇടക്കാല സർക്കാരിന്റെ തലവനായി സത്യപ്രതിജ്ഞ ചെയ്തശേഷം മുഹമ്മദ് യൂനുസ് (വലത്) പ്രസിഡണ്ട് മുഹമ്മദ് ഷഹാബുദ്ദീനു ഹസ്തദാനം നൽകിയപ്പോൾ.

ഇടക്കാല സർക്കാരിൽ ഷെയ്ഖ് ഹസീനയുടെ പാർട്ടിയായ അവാമി ലീഗിനു പ്രാതിനിധ്യമില്ല. ഷെയ്ഖ് ഹസീന രാജിവെച്ചതിനുശേഷം ആഗസ്റ്റ് അഞ്ച് മുതൽ രാജ്യവ്യാപകമായി നടന്ന അക്രമങ്ങളിൽ ഇതിനകം 232 പേർ കൊല്ലപ്പെട്ടെന്നു മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ഇതിനുപുറമേ, ജൂലൈ പകുതിയോടെ ആരംഭിച്ച സർക്കാർവിരുദ്ധ പ്രക്ഷോഭത്തിൽ 328 പേർ കൊല്ലപ്പെട്ടു.

ഗാസിപുരിൽ കാശിംപുർ അതീവ സുരക്ഷാ ജയിലിൽനിന്ന് 209 തടവുകാർ കടന്നുകളഞ്ഞു. ഇവരെ തടയാൻ ജയിൽ ഗാർഡുമാർ നടത്തിയ വെടിവെപ്പിൽ ആറ് തടവുകാർ കൊല്ലപ്പെട്ടു.

രാജ്യം വിടാൻ ശ്രമിച്ച അവാമി ലീഗിന്റെ രണ്ട് നേതാക്കൾ ആഗസ്റ്റ് എട്ടിന് അറസ്റ്റിലായി. ബംഗ്ലാദേശിൽ ജനാധിപത്യം പുനഃസ്ഥാപിക്കപ്പെട്ടാലുടൻ ഷെയ്ഖ് ഹസീന തിരിച്ചെത്തുമെന്നു മകൻ സജീബ് വസീദ് ഫെയ്സ്ബുക് പോസ്റ്റിൽ പറഞ്ഞു. രാജ്യത്തെ സംഘർഷം പാക്കിസ്ഥാൻ ചാരസംഘടനയായ ഐഎസ്ഐ ആളിക്കത്തിക്കുകയാണെന്നും സജീബ് ആരോപിച്ചു.

# സെപ്റ്റം. 3-ന് രാജ്യസഭാ തെരഞ്ഞെടുപ്പ്

ന്യൂഡൽഹി: ഒഴിവ് വരുന്ന 12 രാജ്യസഭാ സീറ്റുകളിലേക്കുള്ള തെരഞ്ഞെടുപ്പ് സെപ്റ്റംബർ മൂന്നിന് നടക്കും. ഈ മാസം 21-നകം വിജ്ഞാപനം പുറപ്പെടുവിക്കണമെന്നും 22-ന് നാമനിർദേശങ്ങൾ സൂക്ഷ്മപരിശോധന നടത്തുമെന്നും തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

അസം, മധ്യപ്രദേശ്, മഹാരാഷ്ട്ര, ത്രിപുര എന്നീ സംസ്ഥാനങ്ങളിൽ ഓഗസ്റ്റ് 26-നും ബിഹാർ, ഹരിയാന രാജസ്ഥാൻ, തെലങ്കാന, ഒഡീഷ എന്നീ സംസ്ഥാനങ്ങളിൽ ഓഗസ്റ്റ് 27-നുമാണ് പത്രിക പിൻവലിക്കാനുള്ള അവസാന തീയതി. അസം, ബിഹാർ എന്നിവിടങ്ങളിൽ രണ്ട് വീതം സീറ്റുകളും ഹരിയാന, മധ്യപ്രദേശ്, മഹാരാഷ്ട്ര, രാജസ്ഥാൻ, ത്രിപുര, തെലങ്കാന, ഒഡീഷ എന്നിവിടങ്ങളിൽ ഓരോ സീറ്റുകളും ഒഴിവുണ്ട്.

അതേസമയം മയൂർഭഞ്ജിലെ കുദുമി ഗോത്രത്തെ പ്രതിനിധീകരിക്കുന്ന മമത മൊഹന്ത ബിജെപിയിൽ നിന്നും രാജ്യസഭയിൽ നിന്നും രാജിവെച്ചു.

# വിശ്വാസത്തിന്റെ പ്രതീകമായി റോക്ക്‌ലാൻഡ് ഇടവകയിൽ കൊടിമരം ആശീർവദിച്ചു

ന്യൂയോർക്ക്: ഭാരതീയ പാരമ്പര്യത്തിന്റെയും സീറോമലബാർ സഭയുടെയും അഭിമാനം ഉയർത്തി റോക്ക്‌ലാൻഡ് വെസ്ലി ഹിൽസിലുള്ള ഹോളി ഫാമിലി സീറോമലബാർ ചർച്ചിന്റെ കൊടിമരം ചിക്കാഗോ രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ട് വെഞ്ചരിച്ചു. ഇതേത്തുടർന്ന് ഈ മാസം 16, 17, 18 തീയതികളിൽ നടക്കുന്ന പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാളിന്റെ കൊടിയേറ്റവും നടത്തി.

സ്വർണ്ണനിറത്തിലുള്ള കൊടിമരം സൂര്യപ്രഭയിൽ വെട്ടിത്തിളങ്ങുന്നത് കാണാൻ മനോഹരമായിരുന്നു. പള്ളിയുടെ വിശാലമായ മുൻഭാഗത്ത് റോഡിനോടു ചേർന്നാണ് കൊടിമരം സ്ഥാപിച്ചിരിക്കുന്നത്. കൊടിമരം സ്ഥാപിക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയ വികാരിയായിരുന്ന ഫാ. റാഫേൽ അമ്പാടൻ, ഇപ്പോഴത്തെ വികാരി ഫാ. സ്റ്റീഫൻ കണിപ്പള്ളിൽ എന്നിവരുടെ സഹകാർമ്മികത്വത്തിൽ ബിഷപ് അർപ്പിച്ച ദിവ്യബലിക്ക് ശേഷമായിരുന്നു ഇടവകയുടെ ചരിത്രത്തിൽ നാഴികക്കല്ലായി മാറിയ കൊടിമരം വെഞ്ചരിപ്പ്. കൊടിമരം നമ്മുടെ വിശ്വാസവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്ന് ബിഷപ് വിശദീകരിച്ചു.

ഹൈന്ദവാചാരപ്രകാരം ക്ഷേത്രങ്ങളിൽ കൊടിമരം സ്ഥാപിക്കുന്നു. പിന്നീടത് ക്രൈസ്തവരും പിന്തുടരാൻ തുടങ്ങി. കൊടി ഒരു രാജ്യത്തിന്റെ പ്രതീകമാണ്. ക്രൈസ്തവർക്കാകട്ടെ അത് സ്വർഗ്ഗരാജ്യത്തിന്റെ പ്രതീകമാണ്: മാർ ജോയി ആലപ്പാട്ട് ചൂണ്ടിക്കാട്ടി. ഈ ഇടവകയിൽ ഇനിയും ഉണ്ടാകാനിരിക്കുന്ന വികസനത്തിന്റെ തുടക്കമാണിതെന്നും അദ്ദേഹം പറഞ്ഞു.

ഫ്ളാഗ് പോൾ അമേരിക്കയിൽ ഓരോ സ്ഥാപനങ്ങൾക്ക് മുന്നിലുണ്ടെങ്കിലും ഇതുപോലൊരു കൊടിമരം അമേരിക്കൻ പള്ളികൾക്ക് ഇല്ലെന്ന് ഫാ. റാഫേൽ ചൂണ്ടിക്കാട്ടി. നമ്മുടെ വിശ്വാസത്തിന്റെ ഭാഗമായ മാർത്തോമ്മാ കുരിശും കൊടിമരത്തിനു മുകളിലായി സ്ഥാപിച്ചിരിക്കുന്നു. കൊടിമരം കാണുന്നവർക്ക് ഇതൊരു കത്തോലിക്കാ പള്ളിയാണെന്ന് ഒറ്റനോട്ടത്തിൽ വ്യക്തമാകും.

കൊടിമരം സംഭാവന ചെയ്യുകയും നാട്ടിൽനിന്ന് അത് നിർമ്മിച്ച് ഇവിടെ കൊണ്ടുവന്ന് സ്ഥാപിക്കുകയും ചെയ്ത എടത്വ കൊച്ചുപഴയമഠം കുടുംബത്തെയും നേതൃത്വം നല്കിയ സണ്ണി ജെയിംസിനെയും ഭാര്യ ഡോളിയെയും ബിഷപ്പും വൈദികരും അഭിനന്ദിക്കുകയും നന്ദി പറയുകയും ചെയ്തു. പണച്ചെലവ് മാത്രമല്ല, ഇതു സ്ഥാപിക്കുന്നതിനു വേണ്ടി മാസങ്ങളായി സണ്ണി ജെയിംസ് നടത്തിയ ത്യാഗനിർഭരമായ പ്രവർത്തനങ്ങളും അവർ അനുസ്മരിച്ചു. ഈ ത്യാഗങ്ങൾ വിസ്മരിക്കപ്പെടുകയില്ല.



മനുഷ്യരെ സഹായിക്കുന്നതാണ് പള്ളി പണിയേക്കാൾ അഭികാമ്യമെന്ന് അറിയാമെങ്കിലും കുട്ടനാട്ടുകാരൻ എന്ന നിലയിൽ പള്ളിയുമായുള്ള തങ്ങളുടെ അഭേദ്യ ബന്ധത്തിന്റെ പ്രതിഫലനമാണ് ഈ കൊടിമരമെന്ന് സണ്ണി ജെയിംസ് പറഞ്ഞു. ഇതു നിർമ്മിച്ച മാന്നാറിലെ അനന്തൻ ആചാരി, ഇരുമ്പു പണി ചെയ്തവർ, സ്റ്റോൺ വർക്ക് ചെയ്തവർ തുടങ്ങി ഇത് ഇൻസ്റ്റാൾ ചെയ്ത ഒക്‌ലഹോമയിലെ മലയാളി സ്ഥാപനം വിത്സൺ കൺസ്ട്രക്ഷൻസ് വരെയുള്ളവരോട് നന്ദിയുണ്ട്. ഇതിനുള്ള അനുമതി ലഭിക്കുന്നതിനു കൗണ്ടി ലെജിസ്ലേറ്റർ ഡോ. ആനി പോൾ, ഇടവകാംഗം സന്തോഷ് മണലിൽ അടക്കം ചിലർ സഹായിക്കുകയുണ്ടായി. ഫാ. റാഫേലിനും ഫാ. സ്റ്റീഫനും അദ്ദേഹം നന്ദി പറഞ്ഞു. തനിക്ക് എല്ലാ വിധ പിന്തുണയും നല്കിയ ഫാ. സ്റ്റീഫൻ ആചാര്യ ശ്രേഷ്ഠനാകട്ടെ എന്ന് അദ്ദേഹം ആശംസിച്ചു.



അമേരിക്കയിലെ ക്രൈസ്തവ ദേവാലയങ്ങളിൽ സ്ഥാപിച്ച ഏറ്റവും ഉയരം കൂടിയതാണ് ഈ കൊടിമരമെന്നു കരുതുന്നു. പിച്ചളയും (ബ്രാസ്) മറ്റും ചേർന്നുള്ള ഓട് കൊണ്ട് നിർമ്മിച്ച കൊടിമരം കേരളത്തിലെ ക്ഷേത്രങ്ങളിലും ക്രൈസ്തവ ദേവാലയങ്ങളിലും കാണപ്പെടുന്ന അതേ മാതൃകയിലാണ്. ശബരിമലയിലെ പതിനെട്ടാം പടിയുടെയും മറ്റും അറ്റകുറ്റപ്പണി കോടതി ഏല്പിച്ചു കൊടുത്തിട്ടുള്ള മാന്നാറിലെ അനന്തൻ ആചാരിയാണ് ഈ കൊടിമരവും നിർമ്മിച്ചത്. ചിക്കാഗോ മാർത്തോമ്മാശ്ലീഹാ കത്തീഡ്രലിലെ കൊടിമരവും ഇദ്ദേഹം തന്നെയാണ് നിർമ്മിച്ചത്. കൊടിമരം കപ്പലിൽ കണ്ടെയിനറിൽ ഇവിടെ എത്തിക്കുകയായിരുന്നു. ജിഐ പൈപ്പിൽ ഓട് പൊതിഞ്ഞാണ് കൊടിമരം നിർമ്മിക്കുക. ഉയരം 36 അടി. അതിൽ കുരിശിന്റെ ഉയരം കൂടി ആകുമ്പോൾ ഉയരം 42 മുതൽ 45 അടി വരെയാകുമെന്ന് ഇടവകാംഗവും ബിസിനസുകാരനുമായ ജെയിംസ് (സണ്ണി) കൊച്ചുപഴയമഠം പറഞ്ഞു. ചിക്കാഗോയിലേതിനേക്കാൾ രണ്ടടിയെങ്കിലും ഉയരം കൂടുതലുണ്ട്. കൊടിമരത്തിൽ കൊത്തുപണികളുമുണ്ട്. കൊടിമരം ഉറപ്പിച്ചിരിക്കുന്ന കരിങ്കൽ കെട്ടും കേരളത്തിൽനിന്നു കൊണ്ടുവന്നതാണ്. അതിൽ എട്ടു പുണ്യവാന്മാരുടെ ചിത്രങ്ങൾ ആലേഖനം ചെയ്തിരിക്കുന്നു.

# ഡോ. യു.പി.ആർ മേനോന് ഇന്ത്യ പ്രസ്ക്ലബ് സ്വീകരണം നല്കി

പി.പി. ചെറിയാൻ

ഡാളസ്: യുക്രെയിനിൽ റഷ്യൻ അധിനിവേശത്തിന്റെ ആരംഭത്തിൽ ഇന്ത്യൻ സമൂഹത്തിന് പ്രത്യേകിച്ച് ഇന്ത്യയിൽ നിന്നുമുള്ള മെഡിക്കൽ വിദ്യാർത്ഥികൾക്ക് അത്താണിയായി മാറിയ, ഇന്ത്യയിലും വിദേശത്തും ഓർത്തോപീഡിക് സർജനായി പ്രവാസി മലയാളികളുടെ അഭിമാനമായ ഡോ. യു.പി.ആർ. മേനോനും പത്നി നതാലിയ മേനോനും ഇന്ത്യ പ്രസ്ക്ലബ് ഓഫ് നോർത്ത് ടെക്സാസ് ഊഷ്മള സ്വീകരണം നല്കി. ഡാളസിൽ ഹ്രസ്വ സന്ദർശനത്തിന് എത്തിച്ചേർന്നതായിരുന്നു ഇന്ത്യൻ ഫാർമസ്യൂട്ടിക്കൽ മാനുഫാക്ചേഴ്സ് അസോസിയേഷന്റെ (ഐപിഎംഎ) പ്രസിഡണ്ടായി പ്രവർത്തിക്കുന്ന യു.പി.ആർ. മേനോൻ.



ഓഗസ്റ്റ് 6-ന് ചൊവ്വാഴ്ച വൈകിട്ട് 7-ന് മെസ്കിറ്റ് 'കറി ലീഫ്' റെസ്റ്റോറന്റിൽ ചേർന്ന യോഗം വയനാട് ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ സ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചു. ഒരു നിമിഷത്തെ മൗന പ്രാർത്ഥനയ്ക്കുശേഷം ആരംഭിച്ച യോഗത്തിൽ പ്രസിഡണ്ട് സണ്ണി മാളിയേക്കൽ അദ്ധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡണ്ട് സിജു വി. ജോർജ് സ്വാഗതമാശംസിച്ചു. പ്രസിഡണ്ട് സണ്ണി മാളിയേക്കൽ നടത്തിയ ആമുഖ പ്രസംഗത്തിൽ കേരളത്തിൽ വിദ്യാർത്ഥിജീവിതം ആരംഭിച്ചതു മുതൽ അമ്പതു വർഷം യു.പി.ആർ മേനോനുമായി നീണ്ടുനിന്ന സൗഹൃദത്തിന്റെ സ്മരണകൾ പങ്കുവെച്ചു.

തുടർന്ന് യുക്രെയിൻ യുദ്ധത്തെക്കുറിച്ചും ഇന്ത്യൻ ഇടപെടലുകളെക്കുറിച്ചും താൻ വഹിച്ച പങ്കിനെക്കുറിച്ചും മേനോൻ തന്റെ പ്രസംഗത്തിൽ പ്രതിപാദിച്ചു. സദസ്സിൽനിന്നും ഉയർന്ന ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ചുള്ള അന്വേഷണങ്ങൾക്ക് വിശദമായ മറുപടി ഡോ. യു.പി.ആർ മേനോൻ നല്കി. ഇന്ത്യാ പ്രസ്ക്ലബ് നോർത്ത് ടെക്സാസ് സംഘടിപ്പിച്ച ഈ ചടങ്ങിൽ പങ്കെടുക്കാൻ കഴിഞ്ഞതിൽ താൻ അഭിമാനിക്കുന്നുവെന്നും എല്ലാവർക്കും നന്ദി അറിയിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.

സാംസ്കാരിക പ്രവർത്തകനും കാൻസർ സ്പെഷലിസ്റ്റുമായ ഡോ. എം.വി. പിള്ള, കേരള അസോസിയേഷൻ പ്രസിഡണ്ട് പ്രദീപ് നാഗനൂലിൽ, ഗാർലാൻഡ് സിറ്റി സീനിയർ സിറ്റിസൺ അഡ്വൈസറി ബോർഡ് അംഗം പി.സി. മാത്യു, സന്തോഷ് കാപ്പൻ, ജയ്സി രാജു, ഷാജി എം, ദീപക്, കേരളാ എക്സ്പ്രസ് പത്രാധിപർ രാജു തരകൻ, സജി, ഇന്ത്യാ പ്രസ്ക്ലബ് ഓഫ് നോർത്ത് ടെക്സാസ് അംഗങ്ങളായ ബെന്നി ജോൺ, അനശ്വർ മാമ്പിള്ളി, തോമസ് ചിറമേൽ തുടങ്ങിയ നിരവധി പേർ അദ്ദേഹത്തിന് ആശംസകൾ അറിയിച്ചു സംസാരിച്ചു.

തുടർന്ന് സദസ്സിൽ നിന്നും ഉയർന്ന ചോദ്യങ്ങൾക്ക് വിശദമായ മറുപടി ഡോ. യു.പി.ആർ മേനോൻ നല്കി. ഇന്ത്യാ പ്രസ്ക്ലബ് ഓഫ് നോർത്ത് ടെക്സാസ് സെക്രട്ടറി ബിജിലി ജോർജ് നന്ദി രേഖപ്പെടുത്തി. തുടർന്ന് ഡിന്നറും സംഘടിപ്പിച്ചിരുന്നു.

# ഫോമാ കൺവൻഷൻ സമാപിച്ചു

ചിക്കാഗോ: അമേരിക്കൻ മലയാളികളുടെ സംഘടനകളുടെ സംഘടനയായ ഫോമായുടെ അന്തർദ്ദേശീയ കൺവൻഷൻ പുണ്ട കാനയിൽ സമാപിച്ചു. ചിറ്റയം ഗോപകുമാർ, അഡ്വ. മോൻസ് ജോസഫ്, അഡ്വ. മാത്യു കുഴൽനാടൻ എന്നിവർ മു

**ജോസ് കണിയാലി**

ഖ്യാതിഥികളായിരുന്നു. ആയിരത്തിലധികം കാണികൾ പങ്കെടുത്ത വിപുലമായ ബാങ്ക്വറ്റോടുകൂടി നടന്ന സമാപന പരിപാടികൾ നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ ഉദ്ഘാടനം ചെയ്തു. ഫോമാ പ്രസിഡന്റ് ഡോ. ജേക്കബ് തോമസ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ വിവിധ രംഗങ്ങളിലെ പ്രഗത്ഭ വ്യക്തികൾക്ക് ഏർപ്പെടുത്തിയ പുരസ്കാരങ്ങൾ മുൻമന്ത്രി അഡ്വ. മോൻസ് ജോസഫ് എം.എൽ.എ, അഡ്വ. മാത്യു കുഴൽനാടൻ എന്നിവർ വിതരണം ചെയ്തു.



ഫോമായുടെ സ്ഥാപകനായ ശശിധരൻ നായരെ മോൻസ് ജോസഫ് എംഎൽഎ ആദരിച്ചു. മുൻ പ്രസിഡന്റുമാരായ ജോൺ ടൈറ്റസ്, ബെന്നി വാച്ചാച്ചിറ, ജോർജ് മാത്യു, ബേബി ഊരാളിൽ എന്നിവരെ മൂവാറ്റുപുഴ എംഎൽഎ മാത്യു കുഴൽനാടൻ ആദരിച്ചു. മുൻ പ്രസിഡന്റുമാരായ ഫിലിപ്പ് ചാമത്തിൽ, അനിയൻ ജോർജ്, ഡോ. ജേക്കബ് തോമസ് തുടങ്ങിയവരെ മുൻ ഡിജിപി ടോമിൻ തച്ചങ്കരി ആദരിച്ചു. സാജ് ഗ്രൂപ്പ് ചെയർമാൻ സാജൻ വർഗീസ്, ചലച്ചിത്ര സംവിധായകൻ കെ. മധു, കൺവൻഷൻ ചെയർമാൻ കുഞ്ഞ് മാലിയിൽ, ഫോമാ ജനറൽ സെക്രട്ടറി ഓജസ് ജോൺ, ട്രഷറർ ബിജു തോണിക്കടവിൽ, വൈസ് പ്രസിഡന്റ് സണ്ണി വള്ളിക്കളം, ജോ. സെക്രട്ടറി ഡോ.ജെയ്മോൾ ശ്രീധർ, ജോ. ട്രഷറർ ജെയിംസ് ജോർജ് തുടങ്ങിയവർ പ്രസംഗിച്ചു. തുടർന്ന് പ്രൗഢഗംഭീരമായ കലാസന്ധ്യ നടന്നു. ഫോമായുടെ പുതിയ ഭരണ സമിതി ബേബി മണക്കുന്നേലിന്റെ നേതൃത്വത്തിൽ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റെടുത്തു. എക്സിക്യൂട്ടീവ് ഭാരവാഹികളും റീജിയണൽ ഭാരവാഹികളും ചടങ്ങിൽ സത്യപ്രതിജ്ഞ ചെയ്തു.




ഫോമായുടെ ഭാവി പരിപാടികൾ കൂടുതൽ ശക്തമാക്കി മാറ്റുവാൻ എല്ലാ റീജിയണുകളേയും സംഘടിപ്പിച്ചുകൊണ്ട് ഫലപ്രദമായ കർമ്മപരിപാടികൾക്ക് രൂപം നൽകുമെന്ന് പ്രസിഡന്റ് ബേബി മണക്കുന്നേൽ അറിയിച്ചു. ഫോമയുടെ നേതൃത്വത്തിൽ വയനാട്ടിൽ ദുരിതമനുഭവിക്കുന്ന ജനങ്ങളെ സഹായിക്കുന്നതിന് വേണ്ടതെല്ലാം ചെയ്യുമെന്ന് സ്ഥാനമൊഴിയുന്ന ഫോമാ പ്രസിഡന്റ് ഡോ. ജേക്കബ് തോമസ് അറിയിച്ചു. ഇപ്പോൾ 10 വീടുകൾ നിർമ്മിച്ചു നൽകും. തുടർന്ന് ജനപ്രതിനിധികളുമായി ആലോചിച്ച് പദ്ധതികൾ നടപ്പിലാക്കുമെന്നും അദ്ദേഹം പറഞ്ഞു. അവാർഡ് കമ്മിറ്റി ചെയർമാൻ തോമസ് കോശി, കോ-ചെയർ ചാക്കോ കോയിക്കലേട്ട്, കമ്മിറ്റിയംഗങ്ങളായ ലൂക്കോസ് പൈനുങ്കൽ, മേഴ്സി സാമുവൽ, വിൽസൺ ഊഴത്തിൽ, ലാലി കളപ്പുരയ്ക്കൽ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

**ചിത്രങ്ങൾ: ഷിജോ പൗലോസ്**

# എസ്.എം.സി.സി. നാഷണൽ ഡയറക്ടർക്ക് സ്വീകരണം

**ജോയി കുറ്റ്യാനി**

മയാമി: ചിക്കാഗോ സീറോ മലബാർ കാത്ത്‌ലിക് കോൺഗ്രസ്സിന്റെ (എസ്.എം.സി.സി.) രൂപതാ ഡയറക്ടറായി നിയമിതനായ റവ. ഫാ. ജോർജ് ഇളമ്പാശ്ശേരിയെ ഔവർ ലേഡി ഓഫ് ഹെൽത്ത് കോറൽ സ്പ്രിങ്ങ്സ് ദേവാലയത്തിൽ ഇടവകസമൂഹം സ്നേഹാദരവുകൾ നൽകി അനുമോദിച്ചു.

ചിക്കാഗോ സീറോ മലബാർ രൂപതയുടെ രജതജൂബിലി നിറവിൽ എത്തിനിൽക്കുന്ന അത്മായ സംഘടനയായ എസ്.എം.സി.സി.യുടെ പുതിയ നാഷണൽ ഡയറക്ടറും ഇപ്പോൾ കോറൽ സ്പ്രിങ്ങ്സ് ഫൊറോന ദേവാലയ വികാരിയും കൂടിയായ ഫാ. ജോർജ് ഇളമ്പാശ്ശേരിയെ രൂപതാ ബിഷപ്പ് മാർ ജോയി ആലപ്പാട്ടാണ് നിയമിച്ചിരിക്കുന്നത്.

ഒരു വ്യാഴവട്ടത്തിലധികമായി ചിക്കാഗോ രൂപതയിലെ ഡിട്രോയിറ്റ് സെന്റ് തോമസ്, ഡാളസ്സ് സെന്റ് തോമസ്, ന്യൂയോർക്ക് - ബ്രോങ്ക്സ് സെന്റ് തോമസ് തുടങ്ങിയ ദേവാലയങ്ങളിൽ ഫാ. ജോർജ് വികാരിയായി സ്തുത്യർഹമായ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

2013-ൽ ഡിട്രോയിറ്റ് സെന്റ് തോമസ് ചർച്ച് വികാരിയായിരുന്നപ്പോൾ എസ്.എം.സി.സി.യുടെ നാഷണൽ കോൺഫറൻസും യങ്ങ് പ്രൊഫഷണൽ മീറ്റും വിജയകരമായി സംഘടിപ്പിക്കുവാൻ ഫാ. ജോർജ് നേതൃത്വം കൊടുത്തിരുന്നു.



അമേരിക്കയിൽ എത്തുന്നതിനുമുമ്പ് പാലാ രൂപതയിലെ വിവിധ പള്ളികളിൽ സേവനമനുഷ്ഠിച്ചിരുന്നു.

കേരളത്തിലെ പ്രശസ്തമായ സെന്റ് ജൂഡ് ദേവാലയങ്ങളിൽ ഒന്നായ പാലാ-കിഴതടിയൂർ സെന്റ് ജൂഡ് ദേവാലയത്തിന്റെ മനോഹരമായ നിർമ്മാണം പൂർത്തീകരിച്ചതും ഫാ. ഇളമ്പാശ്ശേരിയായിരുന്നു.

എസ്.എം.സി.സി. കോറൽ സ്പ്രിങ്ങ്സ് ചാപ്റ്റർ നേതൃത്വം നൽകി സംഘടിപ്പിച്ച അനുമോദന സ്വീകരണത്തിൽ എസ്.എം.സി.സി. ചാപ്റ്റർ പ്രസിഡന്റ് മത്തായി വെമ്പാല ഇടവക സമൂഹത്തിനുവേണ്ടി പൂച്ചെണ്ട് നൽകി ആദരിച്ചു.

എസ്.എം.സി.സി. നാഷണൽ ട്രഷറർ ജോസ് സെബാസ്റ്റ്യൻ, നാഷണൽ കമ്മിറ്റി മെമ്പർ സജി സക്കറിയാസ്, ചാപ്റ്റർ സെക്രട്ടറി മനോജ് ജോർജ്, ട്രഷറർ ജോബി പൊന്നുംപുരയിടം, സാജു വടക്കേൽ; ജോർജ് ജോസഫ്, ബാബു കല്ലിടുക്കിൽ, ജോ കുരുവിള, എസ്.എം.സി.സി. ഭാരവാഹികളും ട്രസ്റ്റിമാരും ചേർന്ന് പരിപാടികൾക്ക് നേതൃത്വം നൽകി.

# കൊച്ചിയിലെ അവസാന ജൂതവനിതയും ഓർമ്മയായി



മട്ടാഞ്ചേരി: കൊച്ചിയിലെ അവസാനത്തെ ജൂതവനിത ക്വീനി ഹലേഗ്വ (89) ഓർമ്മയായി. പരേതനായ സാമുവൽ എച്ച്. ഹലേഗയുടെ പത്നിയും പരേതനായ വ്യാപാരപ്രമുഖൻ എസ്. കോഡറുടെ മകളുമായിരുന്നു ക്വീനി. കൊച്ചിയെയും കൊച്ചിക്കാരെയും മക്കളെക്കാളുപരി സ്നേഹിച്ച ക്വീനിയുടെ ഭൗതികശരീരം ജ്യൂ സ്ട്രീറ്റിലെ ജൂത സെമിത്തേരിയിൽ ഭർത്താവിന്റെ കബറിടത്തിനരികെ സംസ്കരിച്ചു. 2012 മുതൽ 18 വരെ സിനഗോഗ് വാർഡനായിരുന്ന ക്വീനി മാനേജിങ് ട്രസ്റ്റിയുമായിരുന്നു.

വനിതയായി ക്വീനിയും പുരുഷനായി ബന്ധു കീത്തും മാത്രമായിരുന്നു മട്ടാഞ്ചേരിയിലുണ്ടായിരുന്നത്. ഇനി കീത്ത് ഹലേഗ്വ മാത്രം. ചേർത്തല താലൂക്കിലെ ഏറ്റവും വലിയ ഭൂവുടമയായിരുന്നു അവർ. എസ്. കോഡറുടെ മകൾ എന്ന നിലയിൽ ബിസിനസ് രംഗത്തും ക്വീനി വ്യക്തിമുദ്ര പതിപ്പിച്ചു. കൊച്ചിയിൽ ആദ്യമായി വൈദ്യുതി വിതരണം ആരംഭിച്ചതും ബോട്ട് സർവീസ് നടത്തിയതും എസ്. കോഡറിന്റെ നേതൃത്വത്തിലായിരുന്നു.

ഫോർട്ട് കൊച്ചിയിലെ കോഡർ ഹൗസിൽ ജനിച്ച ക്വീനി, സാമുവേൽ ഹലേഗ്വയെ വിവാഹം കഴിച്ചതോടെയാണ് മട്ടാഞ്ചേരി ജൂത ടൗണിലേക്ക് എത്തിയത്. മക്കൾ വിദേശത്തേക്ക് ക്ഷണിച്ചെങ്കിലും കൊച്ചി വിട്ടുപോകാൻ അവർ താല്പര്യപ്പെട്ടില്ല.

വാഗ്ദത്ത ഭൂമിയായ ഇസ്രായേലിൽ പോയിട്ടുണ്ടെങ്കിലും മട്ടാഞ്ചേരിയുടെ മണ്ണിലേക്ക് തന്നെ മടങ്ങണമെന്നായിരുന്നു അവരുടെ ആഗ്രഹം. യുഎസിൽ താമസിക്കുന്ന മക്കൾ ഫിയോണയും ഡോ. ഡേവിഡും മരണസമയത്ത് അടുത്തുണ്ടായിരുന്നു. മരുമക്കൾ: അലൻ, സിസ.

# മരിക്കുന്നത് ലാഭം എന്നു പറയാൻ ആർക്കു സാധിക്കും

**എൽസി ബേബി**

**പൗ**ലോസ് ശ്ലീഹാ ഫിലിപ്പിയായിലുള്ള വിശ്വാസികളോട് പ്രസ്താവിച്ച വാക്കുകളാണ് മേലുദ്ധരിച്ചത്. യിസ്രയേൽ ഗൃഹത്തിൽ ബെന്യാമിൻ ഗോത്രത്തിൽ ജാതനായ ശൗൽ എന്ന യുവാവ് ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികളെ ഉന്മൂലനം ചെയ്യുവാൻ അന്നത്തെ യഹൂദപ്രമാണികളിൽ നിന്നും പുരോഹിതന്മാരിൽ നിന്നും അധികാരപത്രം വാങ്ങി പള്ളികളിലും പൊതുസ്ഥലങ്ങളിലും ക്രിസ്തുവിശ്വാസികളെ ഉപദ്രവിച്ചും കൊന്നും യെരൂശലേമിൽ നിന്നും ദമാസ്കസിലേക്ക് പോകുംവഴി യേശുക്രിസ്തു അദ്ദേഹത്തെ തന്റെ ഒരുത്തമ സഭാസ്നേഹിയാക്കി രൂപാന്തരപ്പെടുത്തിയ വിസ്മയകരമായ കഥ തിരുവചനത്തിലുണ്ടല്ലോ.

താൻ ആരെ ഉപദ്രവിക്കുന്നുവോ അവരുടെ ഉപദേഷ്ടാവായി, പ്രമാണിയായി, അപ്പോസ്തലനായി ഉയർത്തപ്പെട്ട ശൗൽ എന്ന യുവാവ് പൗലോസ് ശ്ലീഹയായി മാനസാന്തരപ്പെട്ടതിനു ശേഷം ജീവിതാന്ത്യം വരെ യേശുക്രിസ്തുവിന്റെ സുവിശേഷത്തിനു സാക്ഷ്യം വഹിച്ചുകൊണ്ട് യെരുശലേമിലും യഹൂദിയായിലും ഏഷ്യാമൈനറിലും യൂറോപ്പിലും സഞ്ചരിച്ച് സുവിശേഷം ഘോഷിച്ചതിന്റെ ഫലമായി അനേകർ മാനസാന്തരപ്പെട്ട് ക്രിസ്തുവിശ്വാസികളായി തീരുക മാത്രമല്ല, ക്രിസ്തുവിനു വേണ്ടി കണക്കില്ലാത്ത ഉപദ്രവങ്ങളും കഷ്ടങ്ങളും സഹിച്ച്, പീഡിപ്പിക്കപ്പെട്ട് റോമാ പടയാളികളാൽ ബന്ധിക്കപ്പെട്ട് കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ട കഥ തിരുവചനത്തിലും സഭാചരിത്രത്തിലും ദൈവാത്മാവ് രേഖപ്പെടുത്തിയിട്ടുണ്ട്. തിരുവചനത്തിൽ താൻ എഴുതിച്ചേർത്ത 14 ലേഖനങ്ങൾ വായിച്ചു പഠിക്കേണ്ടതാകുന്നു. മാത്രമല്ല, എഫേസോസിൽ ഇരണോസിന്റെ പാഠശാലയിൽ രണ്ട് സംവത്സരത്തോളം ഒരു വേദാദ്ധ്യാപകനായി അനേകരെ തിരുവചനം പഠിപ്പിച്ചു. തന്റെ മൂന്ന് മിഷ്യനറി യാത്രയിലൂടെ ഏഷ്യാമൈനറിലും യൂറോപ്പിലും മറ്റു പല രാജ്യങ്ങളിലും സുവിശേഷം ഘോഷിച്ച് സഭകൾ സ്ഥാപിച്ച് അവരെ ഭരിക്കുവാൻ തക്ക മൂപ്പന്മാരെയും അദ്ധ്യക്ഷന്മാരെയും അഭിഷേകം ചെയ്ത് അഭ്യസിപ്പിച്ച ക്രിസ്തുവിന്റെ ശ്രേഷ്ഠ അപ്പോസ്തലൻ താൻ കൂടാരപ്പണി ചെയ്ത് ആരെയും ബുദ്ധിമുട്ടിക്കാതെ തന്റെ ജീവിതസന്ധാരണം കണ്ടെത്തി എന്നത് പ്രശംസനീയം തന്നെ. താൻ അനുഭവിച്ച പോരാട്ടത്തിന്റെയും കഷ്ടതകളുടെയും ഒരു പട്ടിക തിരുവചനത്തിൽ നിന്നും ഉദ്ധരിക്കട്ടെ:

പലരും ജഡപ്രകാരം പ്രശംസിക്കുകയാൽ ഞാനും പ്രശംസിക്കും. അവർ എബ്രായരോ ഞാനും അതെ. അവർ യിസ്രയേല്യരോ, ഞാനും അതെ. അവർ അബ്രഹാമിന്റെ സന്തതിയോ ഞാനും അതെ. ക്രിസ്തുവിന്റെ ശുശ്രൂഷകരോ? ഞാൻ ബുദ്ധിഭ്രമമായി സംസാരിക്കുന്നു. ഞാൻ അധികം ഏറ്റവുമധികം അദ്ധ്വാനിച്ചു. അധികംപ്രാവശ്യം തടവിലായി, അനവധി അടികൊണ്ടു. പലപ്പോഴും പ്രാണഭയത്തിലായി. യഹൂദരാൽ ഞാൻ ഒന്നു കുറയെ നാല്പത് അടി അഞ്ചുവട്ടം കൊണ്ടു. മൂന്നുവട്ടം കോലിനാൽ അടികൊണ്ടു. ഒരിക്കൽ കല്ലേറു കൊണ്ടു. മൂന്നുവട്ടം കപ്പൽച്ഛേദത്തിൽപ്പെട്ടു. ഒരു രാപ്പകൽ വെള്ളത്തിൽ കഴിഞ്ഞു. ഞാൻ പലപ്പോഴും യാത്ര ചെയ്തു. നദികളിലെ ആപത്ത്, കള്ളന്മാരാലുള്ള ആപത്ത്, സ്വജനതകളാലുള്ള ആപത്ത്, ജാതികളാലുള്ള ആപത്ത്, പട്ടണത്തിലെ ആപത്ത് കാട്ടിലെ ആപത്ത്, കടലിലെ ആപത്ത്, കള്ളസഹോദരന്മാരാലുള്ള ആപത്ത്. അദ്ധ്വാനം, പ്രയാസം, പലവട്ടം ഉറക്കിളപ്പ്, പൈദാഹം, പലവട്ടം പട്ടിണി, ശീതം, നഗ്നത എന്നീ അസാധാരണ സംഗതികൾ ഭവിച്ചതു കൂടാതെ എനിക്ക് ദിവസേന സർവ്വ സഭകളേക്കുറിച്ചുള്ള ചിന്താഭാരം എന്ന തിരക്കും ഉണ്ട്.

ഇന്ന് ക്രിസ്ത്യാനികൾ എന്നഭിമാനിക്കുന്ന എത്ര സഭാദ്ധ്യക്ഷന്മാർക്ക്, സുവിശേഷകന്മാർക്ക്, ഉപദേഷ്ടാക്കന്മാർക്ക് ഇങ്ങനെ ഒരനുഭവം പറയാൻ കഴിയുമോ? ഇത്രയുമൊക്കെ കഷ്ടങ്ങളനുഭവിച്ച് ക്രിസ്തുവിന്റെ വിശ്വസ്ത അപ്പോസ്തലനായി സേവചെയ്ത കർത്തൃദാസന് പറയാനുള്ളത് "എങ്കിലും ഞാൻ ആകുന്നത് ദൈവകൃപയാൽ ആകുന്നു. എന്നോടുള്ള അവന്റെ കൃ



ലേഖിക

പ വ്യർത്ഥമായതുമില്ല...ഞാനല്ല എന്നോടു കൂടെയുള്ള ദൈവകൃപയത്രെ!" എത്ര നല്ല സാക്ഷ്യം. വേറൊരിടത്ത് "എനിക്ക് ശക്തി നല്കിയ ക്രിസ്തുയേശു എന്ന നമ്മുടെ കർത്താവ് എന്നെ വിശ്വസ്തൻ എന്നെണ്ണി ശുശ്രൂഷകനാക്കിയത് കൊണ്ട് ഞാൻ അവനെ സ്തുതിക്കുന്നു. മുമ്പെ ഞാൻ ദൂഷകനും ഉപദ്രവിയും നിഷ്ഠൂരനും ആയിരുന്നു. എങ്കിലും അവിശ്വാസത്തിൽ അറിയാതെ ചെയ്തതാകകൊണ്ട് എനിക്ക് കരുണ ലഭിച്ചു. നമ്മുടെ കർത്താവിന്റെ കൃപ യേശുക്രിസ്തുവിലുള്ള വിശ്വാസത്തോടും സ്നേഹത്തോടും കൂടെ അത്യന്തം വർദ്ധിച്ചുമിരിക്കുന്നു. ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നുള്ളതു വിശ്വാസ്യവും എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനം തന്നെ. ആ പാപികളിൽ ഞാൻ ഒന്നാമൻ. എന്നിട്ടും യേശുക്രിസ്തു നിത്യജീവനായിക്കൊണ്ട് തന്നിൽ വിശ്വസിപ്പാനുള്ളവർക്ക് ദൃഷ്ടാന്തത്തിനായി സകല ദീർഘക്ഷമയും ഒന്നാമനായ എന്നിൽ കാണിക്കേണ്ടതിന് എനിക്ക് കരുണ ലഭിച്ചു." ഇതുപോലെ വിശ്വസ്തതയോടും നിർമ്മല മനസ്സാക്ഷിയോടും കൂടെ പരസ്യമായി പ്രസ്താവിപ്പാൻ കഴിവുള്ള എത്ര ക്രിസ്ത്യാനികൾ കാണും?

ഈ വിശുദ്ധ ശ്ലീഹാ റോമൻ കാരാഗൃഹത്തിൽ തന്റെ മരണത്തെ മുമ്പിൽ കണ്ടുകൊണ്ട് പറഞ്ഞ ചില വാക്കുകളാണ് പ്രാരംഭവാക്യമായി കുറിച്ചിരിക്കുന്നത്. മരണത്തെക്കുറിച്ച് തനിക്ക് യാതൊരു ഭയവുമില്ല. എന്നു മാത്രവുമല്ല, "ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവും ആകുന്നു." അതിന്റെ വിശദീകരണം പറയുന്നത് 'എന്നാൽ ജഡത്തിൽ ജീവിക്കുന്നത് എന്റെ വേലക്ക് ഫലം വരുമെങ്കിൽ ഏതു തെരഞ്ഞെടുക്കേണ്ടൂ എന്നു ഞാനറിയുന്നില്ല. ഇവ രണ്ടിനാലും ഞാൻ ഞെരുങ്ങുന്നു. വിട്ടുപിരിഞ്ഞു ക്രിസ്തുവിനോടു കൂടെയിരിപ്പാൻ എനിക്ക് കാംക്ഷയുണ്ട്. അത് അത്യുത്തമമല്ലോ.' എന്തൊരു ധൈര്യം. താൻ ഇന്നു മരിച്ചാൽ ക്രിസ്തുവിനോടു കൂടെ ആയിരിക്കും എന്ന് ഉറപ്പുള്ള ഏതു ക്രിസ്തുവിശ്വാസിക്ക് അങ്ങനെ പറയാൻ സാധിക്കും. അഥവാ സാധിച്ചാലും മരിക്കാൻ ആർക്കും ഇഷ്ടമില്ല. അത് എത്ര മാത്രം നീട്ടിക്കിട്ടുമോ അത്രയും നീട്ടിക്കിട്ടേണ്ടതിനായി ആശുപത്രികളേയും ഡോക്ടേഴ്സിനെയും അഭയം പ്രാപിക്കുവാനാണ് പലരുടെയും ശ്രമം.

പൗലൂസ് ശ്ലീഹാ തന്റെ നിര്യാണകാലം അടുത്തു എന്നറിഞ്ഞപ്പോൾ അരുമ ശിഷ്യനായ തിമോത്തിയോട് പറഞ്ഞ വാക്കുകൾ ശ്രദ്ധിക്കുക: "ഞാനോ ഇപ്പോൾത്തന്നെ പാനീയ യാഗമായി ഒഴിക്കപ്പെടുന്നു. എന്റെ നിര്യാണകാലവും അടുത്തിരിക്കുന്നു. ഞാൻ നല്ല പോർ പൊരുതി, ഓട്ടം തികച്ചു, വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു. അതു നീതിയുള്ള ന്യായാധിപനായ കർത്താവ് ആ ദിവസത്തിൽ എനിക്കു നല്കും." എത്രനല്ല, എത്രവലിയ, എത്രയോ ഭാഗ്യകരമായ പ്രത്യാശ! പൗലോസ് ശ്ലീഹായുടെ ജീവിതവും ഉപദേശങ്ങളും പഠിപ്പിക്കലുകളും മറ്റും ഏതൊരു വ്യക്തിക്കും പഠിക്കാവുന്നതും അനുകരിക്കാവുന്നതുമാകുന്നു.

സുവിശേഷ ഘോഷണത്തിന്റെ പേരിൽ, ക്രിസ്ത്യാനി എന്നതിന്റെ പേരിൽ നീറോ ചക്രവർത്തിയുടെ മൂർച്ചയേറിയ വാളിന് തന്റെ കഴുത്തു വെച്ചു കൊടുത്ത ഈ പുണ്യപുരുഷന്റെ ജീവിതാനുഭവങ്ങൾ നമുക്ക് മാതൃകയായി അനുകരിക്കാം. നമുക്ക് ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവും എന്നെണ്ണിക്കൊണ്ട് നമ്മുടെ നാളുകൾ കഴിക്കുവാൻ വലിയവനായ കർത്താവ് നമ്മെ സഹായിക്കട്ടെ!

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 83.96 |
| യൂറോ | 91.74 |
| സ്റ്റെർലിംഗ്പൗണ്ട് | 107.14 |
| സ്വിസ് ഫ്രാങ്ക് | 96.69 |
| സിംഗപ്പൂർ ഡോളർ | 63.40 |
| കനേഡിയൻ ഡോളർ | 61.19 |
| ഒമാൻ റിയാൽ | 218.11 |
| ബഹ്റൈൻ ദിനാർ | 222.77 |
| സൗദി റിയാൽ | 22.37 |
| യു.എ.ഇ. ദിർഹം | 22.86 |
| കുവൈത്ത് ദിനാർ | 274.11 |





## ഇനിയെന്റെ സ്വപ്ന ചിറകിന് ആരുതരും വർണ്ണങ്ങൾ

**സണ്ണി മാളിയേക്കൽ**

ഉരുൾപൊട്ടി ഒഴുകിയ നീർച്ചാലിൽ നാം അകന്നുപോയോ...
നിർവികാരനായി നിസ്സഹായനായി നോക്കിനിൽക്കെ
ഒഴുകി ഒലിച്ചുപോയ ജീവിതങ്ങൾ...
കൂട്ടരും കൂടും കുടുക്കയും തുടച്ചു മാറ്റപ്പെട്ടപ്പോൾ...
ദയം തകർന്നു നോവേറെയായി.
മരവിച്ച മനുഷ്യജന്മങ്ങളിൽ നിന്നും ഒരു തേങ്ങൽ...
ആരു പറയും ആരോട് പറയും ഞാൻ എന്റെ കഥകൾ... കഥനങ്ങൾ
സ്വപ്നങ്ങൾ, സ്വപ്നങ്ങൾ മാത്രമായിരുന്നു
മരണങ്ങൾ മരണങ്ങൾ സത്യമായിരുന്നു
ഇനിയെന്റെ സ്വപ്ന ചിറകിന് ആരുതരും വർണ്ണങ്ങൾ...



# എസ്.എം.സി.സി. ഫാമിലി കോൺഫറൻസ് രജിസ്ട്രേഷൻ കിക്ക് ഓഫ്

മയാമി: സീറോ മലബാർ കാത്തലിക് കോൺഗ്രസ്സിന്റെ (എസ്.എം.സി.സി.) രജതജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് 2024 സെപ്റ്റംബർ 27 മുതൽ 29 വരെ ഫിലാഡൽഫിയയിൽ നടക്കുന്ന നാഷണൽ സീറോ മലബാർ കുടുംബസംഗമത്തിന്റെ രജിസ്ട്രേഷൻ കിക്ക് ഓഫ് സെറിമണി കോറൽ സ്പ്രിങ്ങ്സ് ഔവർ ലേഡി ഓഫ് ഹെൽത്ത് ഫൊറോന ദേവാലയത്തിൽ വച്ച് നടത്തി.





എസ്.എം.സി.സി. കോറൽ സ്പ്രിങ്ങ്സ് ചാപ്റ്ററിന്റെ നേതൃത്വത്തിൽ നടത്തിയ രജിസ്ട്രേഷൻ കിക്ക് ഓഫ് ചടങ്ങിൽ ഈ ഇടവകയിൽനിന്ന് നാഷണൽ ഫാമിലി കോൺഫറൻസിലേക്കുള്ള ആദ്യ രണ്ട് രജിസ്ട്രേഷൻ ഫോമുകൾ ഫൊറോനാ വികാരിയും, എസ്.എം.സി.സി. നാഷണൽ ഡയറക്ടറുമായ ഫാ. ജോർജ് ഇളമ്പാശ്ശേരി, ജോ കുരുവിള ഫാമിലിയിൽ നിന്നും, ഡേവിസ് പുളിക്കൻ ഫാമിലിയിൽ നിന്നും ഏറ്റുവാങ്ങി. ചിക്കാഗോ സീറോ മലബാർ രൂപതയിലെ അത്മായ സംഘടനയായ സീറോ മലബാർ കാത്തലിക് കോൺഗ്രസ്സിന്റെ വിപുലമായ രജതജൂബിലി ആഘോഷങ്ങൾക്കും, ദേശീയ കുടുംബ സംഗമത്തിനും ഈ വർഷം വേദിയാകുന്നത് ഫിലാഡൽഫിയ സീറോ മലബാർ ദേവാലയമാണ്.

ബിഷപ്പ് മാർ ജോയി ആലപ്പാട്ടിന്റെ ആത്മീയ നേതൃത്വത്തിൽ അമേരിക്കയിലെ എല്ലാ സീറോ മലബാർ ഇടവകകളുടെയും; മിഷനുകളുടെയും സഹകരണത്തോടെ നടത്തപ്പെടുന്ന ഈ മൂന്നുദിവസത്തെ കുടുംബസംഗമത്തിൽ സഭാപിതാക്കന്മാരും, വൈദികരും, സന്യസ്തരും, അത്മായനേതാക്കളും പങ്കെടുക്കുന്നു. കോറൽ സ്പ്രിങ്ങ്സ് ആരോഗ്യമാതാ ഇടവകയിൽ നിന്നും അനേകം കുടുംബങ്ങൾ എസ്.എം.സി.സി. നാഷണൽ ഫാമിലി കോൺഫറൻസിൽ പങ്കെടുക്കുവാൻ മുന്നോട്ടുവരുന്നതായി എസ്.എം.സി.സി. ചാപ്റ്റർ ഭാരവാഹികൾ പങ്കുവച്ചു.

എസ്.എം.സി.സി. കോറൽ സ്പ്രിങ്ങ്സ് ചാപ്റ്റർ പ്രസിഡന്റ് മത്തായി വെമ്പാല, സെക്രട്ടറി മനോജ് ജോർജ, ട്രഷറർ ജോബി പൊന്നുംപുരയിടം, നാഷണൽ ട്രഷറർ ജോസ് സെബാസ്റ്റ്യൻ, നാഷണൽ കമ്മിറ്റി മെമ്പർ സജി സക്കറിയാസ്, എസ്.എം.സി.സി. ഭാരവാഹികളായ ബാബു കല്ലിടുക്കിൽ, സാജു വടക്കേൽ, ഡെന്നി ജോസഫ്, സൈമൺ പാറത്താഴം, പ്രിൻസ്മോൻ ജോസഫ്, ഷിബു ജോസഫ്, ജോസ് വടാപറമ്പിൽ, ടോമി ദേവസ്യ, ജോർജ് ജോസഫ്, രഞ്ജൻ പുളിമൂട്ടിൽ തുടങ്ങിയവർ നേതൃത്വം നൽകി.


# ഇന്ത്യൻ നേഴ്സസ് അസോസിയേഷൻ ഓഫ് മിഷിഗൺ പിക്നിക് നടത്തി

ഡിട്രോയിറ്റ്: ഇന്ത്യൻ നേഴ്സസ് അസോസിയേഷൻ ഓഫ് മിഷിഗണി (INAM) ന്റെ വാർഷിക പിക്നിക് ഓഗസ്റ്റ് 10-ന് ശനിയാഴ്ച വാറനിൽ ഉള്ള Halmich Park-ൽ വെച്ച് നടത്തപ്പെട്ടു. അനേകം നേഴ്സുമാർ ഈ പിക്നിക്കിൽ വന്നു സംബന്ധിച്ചു.

2006 മുതൽ INAM മിഷിഗണിൽ ആരംഭിച്ച് പ്രവർത്തിച്ചുവരുന്നു. INAM, National Association of Indian Nurses in America-(NAINA) യിൽ അഫിലിയേറ്റഡാണ്. ഇതിലെ അംഗങ്ങൾക്ക് Grand Canyon University, Waldun University, Post University, Chamberlain Universityഎന്നിവിടങ്ങളിൽ നിന്നും ട്യൂഷൻ ഡിസ്കൗണ്ട് ലഭിക്കുന്നതാണ്. സൗജന്യമായി സിഇയു (Continuing Education) ലഭിക്കുന്നതാണ്. ഈ അസോസിയേഷനിലേക്ക് എല്ലാ നേഴ്സുമാരെയും സ്വാഗതം ചെയ്യുന്നു.

കൂടുതൽ വിവരങ്ങൾക്ക്: INAM President Ann Mathews (734 634 8069), Saraja Samuel (248 320 4018)



## ഹിൻഡൻബർഗ് ആരോപണം

# പാർലമെന്റ് സംയുക്തസമിതി അന്വേഷിക്കണം: കോൺഗ്രസ്

ന്യൂഡൽഹി: സെബി ചെയർപേഴ്സൺ മാധബി പുരി ബുച്ചിന് അദാനി ഗ്രൂപ്പിന്റെ വിദേശത്തെ ഷെൽ കമ്പനികളിൽ നിക്ഷേപമുണ്ടെന്ന ഹിൻഡൻബർഗ് റിസർച്ചിന്റെ വെളിപ്പെടുത്തൽ പാർലമെന്റിന്റെ സംയുക്ത സമിതി അന്വേഷിക്കണമെന്ന് കോൺഗ്രസ്, അദാനിയുടെ ഓഹരിത്തട്ടിപ്പിനെക്കുറിച്ച് അന്വേഷിക്കുന്നതിൽ 'സെബി' കാണിക്കുന്ന വിമുഖത സുപ്രീംകോടതിയുടെ വിദഗ്ധസമിതി വരെ ചൂണ്ടിക്കാട്ടിയതാണെന്നും കോൺഗ്രസ് ആരോപിച്ചു.

ഗൗതം അദാനിയുടെ സഹോദരൻ വിനോദ് അദാനിക്കും അദ്ദേഹത്തിന്റെ കൂട്ടാളികൾക്കും പങ്കുള്ളതും ബെർമുഡയും മൗറീഷ്യസും ആസ്ഥാനമായുള്ളതുമായ ഓഫ്ഷോർ ഫണ്ടുകളിൽ സെബി ചെയർപേഴ്സൺ മാധബി പുരി ബുച്ചും അവരുടെ ഭർത്താവും നിക്ഷേപം നടത്തിയതായി ഹിൻഡൻബർഗ് ഗവേഷണ വെളിപ്പെടുത്തലുകൾ കാണിക്കുന്നു.

മാധബി പുരി ബുച്ച് സെബി ചെയർപേഴ്സണായതിന് പിന്നാലെ അദാനി രണ്ട് തവണ ഇവരുമായി കൂടിക്കാഴ്ച നടത്തിയതും ഈ അവസരത്തിൽ പുതിയ ചോദ്യങ്ങളുയർത്തുന്നു.

അദാനി അഴിമതിയിൽ സെബി നടത്തുന്ന അന്വേഷണത്തിലെ എല്ലാ വൈരുധ്യങ്ങളും ഇല്ലാതാക്കാൻ കേന്ദ്ര സർക്കാർ ഇടപെടണം. ഇന്ത്യയിലെ ഏറ്റവും ഉയർന്ന ഉദ്യോഗസ്ഥർ ഉൾപ്പെട്ട അഴിമതിയാരോപണത്തിന്റെ യാഥാർഥ്യം പുറത്തുകൊണ്ടുവരാൻ പാർലമെന്റിന്റെ സംയുക്ത സമിതി രൂപീകരിക്കണമെന്നും കോൺഗ്രസ് ജനറൽ സെക്രട്ടറി ജയറാം രമേശ് പറഞ്ഞു. 'അദാനി മെഗാ കുംഭകോണം' എന്നാണ് ഹിൻഡെൻബർഗ് പുറത്തുവിട്ട റിപ്പോർട്ടിനെക്കുറിച്ച് അദ്ദേഹം പ്രതികരിച്ചത്. അദാനി ഗ്രൂപ്പ് കമ്പനികളിൽ വിദേശത്തുനിന്ന് വൻതോതിലുള്ള നിക്ഷേപത്തിന് ഉപയോഗിച്ച വിദേശനിക്ഷേപ സ്ഥാപനങ്ങളിൽ മാധബി പുരി ബുച്ചിനും ഭർത്താവ് ധവാൽ ബുച്ചിനും നിക്ഷേപമുണ്ടായിരുന്നുവെന്നാണ് ഹിൻഡൻബർഗ് റിസർച്ചിന്റെ ആരോപണം. ഇവർക്ക് നിക്ഷേപമുണ്ടായിരുന്നതിന്റെ തെളിവായി വിസിൽബ്ലോവർ രേഖകളും പുറത്തുവിട്ടിരുന്നു.

# നട്‌വർ സിങ് അന്തരിച്ചു



ന്യൂഡൽഹി: മുൻ വിദേശകാര്യമന്ത്രി കെ. നട്‌വർ സിങ് (93) അന്തരിച്ചു. നയതന്ത്ര മേഖലയിൽ നിന്ന് രാഷ്ട്രീയത്തിൽ പ്രവേശിച്ച നട്‌വർ സിങ് മൻമോഹൻ സർക്കാരിൽ വിദേശകാര്യ മന്ത്രിയായിരുന്നു. 1984-ൽ രാജ്യം പത്മഭൂഷണൽ നല്കി ആദരിച്ചു. 1953-ൽ ഇന്ത്യൻ ഫോറിൻ സർവീസിൽ ചേർന്ന നട്‌വർ സിങ് പാക്കിസ്ഥാനിൽ അംബാസഡറായി പ്രവർത്തിച്ചു. ചൈന, യുഎസ്, യുകെ എന്നിവിടങ്ങളിൽ പ്രധാന പദവികൾ വഹിച്ചിട്ടുണ്ട്. ചേരിചേരാ ഉച്ചകോടിയുടെ സെക്രട്ടറി ജനറലായും കോമൺവെൽത്ത് ഗവൺമെന്റ് തലവന്മാരുടെ യോഗത്തിന്റെ ചീഫ് കോ-ഓർഡിനേറ്ററായും പ്രവർത്തിച്ചു.

1984-ൽ കോൺഗ്രസിൽ ചേർന്ന സിങ് ഭരത്പൂർ മണ്ഡലത്തിൽനിന്ന് വിജയിച്ചു. 1989 വരെ കേന്ദ്ര സഹമന്ത്രിയായി. ഇറാഖ് എണ്ണ അഴിമതിയെക്കുറിച്ച് അന്വേഷിച്ച യുഎൻ വോൾക്കർ കമ്മിറ്റി റിപ്പോർട്ടിൽ നട്‌വർ സിങ്ങിന്റെ പേരും ഉൾപ്പെട്ടതോടെ 2005-ൽ മന്ത്രിസഭയിൽ നിന്നും കോൺഗ്രസിൽ നിന്നും രാജിവെച്ചു.

മുൻ പ്രധാനമന്ത്രിമാരായിരുന്ന ഇന്ദിരാഗാന്ധി, രാജീവ് ഗാന്ധി എന്നിവരുമായി അടുത്ത ബന്ധമുണ്ടായിരുന്ന നട്‌വർ സിങ്, അഴിമതി ആരോപണം ഉയർന്നപ്പോൾ സോണിയ ഗാന്ധി തന്നെ പിന്തുണച്ചില്ലെന്നു പരാതിപ്പെട്ടായിരുന്നു കോൺഗ്രസ് വിട്ടത്.

മികച്ച എഴുത്തുകാരൻ കൂടിയായ നട്‌വർ നിരവധി പുസ്തകങ്ങൾ രചിച്ചു. 'ദി ലെഗസി ഓഫ് നെഹ്റു: എ മെമ്മോറിയൽ ട്രിബ്യൂട്ട്', 'മൈ ചൈന ഡയറി 1956-88', ആത്മകഥയായ 'വൺ ലൈഫ് ഈസ് നോട്ട് ഇനഫ്' എന്നിവയാണ് പ്രധാന പുസ്തകങ്ങൾ.

കഥ

# മഴയുടെ നടനം



ലിറ്റിമോൾ മുളയ്ക്കൽ

മഴ തനിക്ക് എന്നുമൊരു ദൗർബല്യമായിരുന്നു. താൻ എന്നും കാണാൻ കൊതിച്ചിരുന്ന കാഴ്ച.

ഒരു സായാഹ്നം. സൂര്യൻ മറയാൻ മടിച്ചു നില്ക്കുന്നു. എങ്കിലും കാർമേഘങ്ങൾ ഒറ്റക്കെട്ടായി സൂര്യനെ മറച്ചു.

ആർത്ത് ഉല്ലസിച്ച് അവൾ വരുന്നു-മഴ!

ആ കാഴ്ച സുന്ദരമായിരുന്നു.

ഓരോ മഴത്തുള്ളിയും വെള്ള മുല്ല മൊട്ടു കണക്കേ അടർന്നുവീണുകൊണ്ടിരുന്നു. ലക്ഷ്യമില്ലാത്ത തണുത്ത കാറ്റ് ചൂളംവിളിയോടെ കടന്നുപോകുന്നു.

ആകാശത്ത് എവിടെയോ ഗാനമേളയ്ക്കുള്ള ഒരുക്കം കണക്കേ വാദ്യോപകരണങ്ങൾ പരിശോധിക്കുന്നു. അതിൽ തബല, ഗിത്താർ, ഹാർമോണിയം, വീണ എല്ലാം ഉണ്ട്.

മഴ...! മഴ...!!

എന്നാൽ, തന്റെ എല്ലാ മനക്കോട്ടകളും തകർത്ത് അവൾ പൊടുന്നനെ നിലച്ചു. താൻ സ്തംബ്ധയായി ഇരിക്കവേ തന്റെ 'കൂട്ടുകാരി' കാര്യം ഗ്രഹിച്ച് വീണ്ടും നടനം തുടങ്ങി. സകല ശക്തിയും സമാഹരിച്ച് അവൾ നൃത്തം വെച്ചു. പിന്നീട് മെല്ലെ മെല്ലെ തളരാൻ തുടങ്ങി.

കാലുകൾ ഇടറുന്നു...

ചുവടുകൾ തെറ്റുന്നു...

തോൽവി സമ്മതിച്ച് അവൾ തന്റെ കളിയുടെ ആക്കം കുറച്ചു. എങ്കിലും തനിക്കുവേണ്ടി അവൾ ചുവടുകൾ ഉറപ്പിക്കാൻ ശ്രമിക്കുന്നുണ്ട്. ചെറുകാറ്റ് കളിയാക്കലോടെ വീണ്ടും കടന്നുപോയി. ആകാശത്ത് വീണ്ടും ഇടിമുഴക്കം.

മന്ത്രോച്ചാരണം ഉച്ചത്തിലാകുന്നു.

മഴ...അവൾ നിലച്ചു.

എങ്കിലും മിഴികളിൽ നിന്ന് കണ്ണീർ കണങ്ങൾ ഇറ്റുവീണുകൊണ്ടിരുന്നു.

ചെമ്പോത്ത് ഈണത്തിൽ എവിടെയോ ഒച്ച വെക്കുന്നു. ആകാശത്തെ മന്ത്രോച്ചാരണം ഇനിയും നിലച്ചിട്ടില്ല. ഉച്ചത്തിലുള്ള ഗർഗരങ്ങൾ കേൾക്കാം.

ഇനി തന്റെ കൂട്ടുകാരി എന്നുവരും? ഒത്തിരി കഥകളുമായി അവൾ വരും. ഓർമ്മയുടെ മണിച്ചെപ്പിൽ എത്രയോ തവണ അവൾ വന്നുപോയിരിക്കുന്നു. ഒത്തിരി കദനകഥകളുമായി...എല്ലാം ഞാൻ മൂളി കേൾക്കുമായിരുന്നു.

അവൾ വീണ്ടും വരും. എനിക്ക് ഉറപ്പുണ്ട്. അത്രമാത്രം ഞാൻ അവളെ സ്നേഹിക്കുന്നു. അവൾ തന്നെയും.

## നിക്ഷേപമുണ്ടെന്ന് ഹിൻഡൻബർഗ്

(3-ാം പേജിൽനിന്നും)

അന്വേഷണത്തിന് സെബി തയ്യാറാകാതിരുന്നത് ഈ ബന്ധം കാരണമാണെന്നും പുറത്തുവിട്ട അന്വേഷണ റിപ്പോർട്ടിൽ പറയുന്നു.

2023 ജനുവരിയിൽ അദാനി ഗ്രൂപ്പിന്റെ വൻ തിരിമറികൾ പുറത്തുകൊണ്ടുവന്ന ഓഹരിവിപണിയിലെ ഷോർട്ട് സെല്ലർ കൂടിയാണ് ഹിൻഡൻബെർഗ് റിസർച്ച്. അദാനി ഗ്രൂപ്പ് വലിയ തോതിൽ കൃത്രിമം നടത്തിയെന്ന് ഗ്രൂപ്പിന്റെ കീഴിലുള്ള ഏഴ് കമ്പനികളുടെ മൂല്യം പെരുപ്പിച്ചു കാണിച്ചുവെന്നുള്ള 2023-ലെ റിപ്പോർട്ട് വന്നതിനെത്തുടർന്ന് കമ്പനിയുടെ ഓഹരികൾ കുത്തനെ ഇടിഞ്ഞിരുന്നു. അദാനി എന്റർപ്രൈസസിന്റെ പ്രധാന ഓഹരിവില്പനയ്ക്ക് തൊട്ടുമുമ്പ് വന്ന ഹിൻഡൻബർഗിന്റെ റിപ്പോർട്ടിനെത്തുടർന്ന് കമ്പനിയുടെ വിപണിമൂല്യത്തിൽ 86 ബില്യൻ ഡോളറിന്റെ ഇടിവുണ്ടായിരുന്നു.

മൗറീഷ്യസ്, യുഎഇ, കരീബിയൻ രാജ്യങ്ങൾ എന്നിവിടങ്ങളിൽ അദാനി കുടുംബവുമായി ബന്ധപ്പെട്ട വ്യാജ (ഷെൽ) കമ്പനികൾ വഴിയാണ് വിപണിയിൽ അദാനി കമ്പനികൾ കൃത്രിമം നടത്തിയതെന്നായിരുന്നു ഹിൻഡൻബർഗിന്റെ കണ്ടെത്തൽ. രണ്ട് വർഷത്തെ അന്വേഷണ ഫലങ്ങൾ ഉൾപ്പെടുത്തിയ 129 പേജുള്ള റിപ്പോർട്ട് ഇന്ത്യയിലും ആഗോള വിപണികളിലും കോളിളക്കം സൃഷ്ടിച്ചിരുന്നു.

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ചങ്ങാതിയായ അദാനിയുടെ തട്ടിപ്പുകൾക്ക് കേന്ദ്ര സർക്കാരിന്റെ ഒത്താശയുണ്ടെന്ന് പ്രതിപക്ഷം ആരോപിച്ചത് രാഷ്ട്രീയമായും കോളിളക്കമുണ്ടാക്കി.

അദാനി ഗ്രൂപ്പുമായി പങ്കാളിത്തമുണ്ടെന്ന് ആരോപണമുള്ള കൊടക് മഹീന്ദ്ര ബാങ്കിനെതിരെ രംഗത്തെത്തിയതിനു പിന്നാലെ ഹിൻഡൻബർഗ് റിസേർച്ചിന് ഇന്ത്യയിലെ സെബി (സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ) നോട്ടീസ് നല്കിയതും വിവാദമായിരുന്നു. ഇന്ത്യൻ നിയന്ത്രണങ്ങൾ ലംഘിച്ചുവെന്ന് ആരോപിച്ചായിരുന്നു അമേരിക്കൻ കമ്പനികൾക്കെതിരെ സെബിയുടെ നോട്ടീസ്. കൊടക് ബാങ്കും അദാനി ഗ്രൂപ്പുമായുള്ള ഇടപാടുകൾ ഹിൻഡൻബർഗ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു.

എന്നാൽ, ഹിൻഡൻബർഗ് റിസർച്ചും ന്യൂയോർക്ക് ഹെഡ്ജ് ഫണ്ട് മാനേജർ മാർക്ക് കിംഗ്ഡനും തമ്മിലുള്ള ബന്ധവും സെബി നോട്ടീസിലുണ്ട്. കൊടക് മഹീന്ദ്ര ഇൻവെസ്റ്റ്മെന്റ് ലിമിറ്റഡിൽ കാര്യമായ നിക്ഷേപം നടത്തിയിരുന്ന കിംഗ്ഡൺ ക്യാപ്റ്റലിന് ഹിൻഡൻബർഗിന്റെ അദാനി റിപ്പോർട്ടിന്റെ പകർപ്പ് മുൻകൂർ ലഭിച്ചതായി സെബി വെളിപ്പെടുത്തി.

ഇതേസമയം സെബിയുടെ നോട്ടീസ് വിഡ്ഢിത്തമാണെന്നും സൂക്ഷ്മപരിശോധനയിൽ നിന്ന് അദാനിയെപ്പോലെയുള്ള വൻകിട ഇന്ത്യൻ വ്യവസായികളെ സെബി സംരക്ഷിക്കുകയാണെന്നും ഹിൻഡൻബർഗ് ആരോപിച്ചു.

## കേരളത്തിൽനിന്ന് ആരുമില്ല

(4-ാം പേജിൽനിന്നും)

അടിസ്ഥാനത്തിലാണു വഖഫ് നിയമഭേദഗതി വ്യവസ്ഥകൾ രൂപീകരിച്ചതെന്നു മന്ത്രി പറഞ്ഞു. തമിഴ്നാട്ടിലെ തിരുച്ചിറപ്പള്ളിയിൽ ഒരു ഗ്രാമം മുഴുവൻ വഖഫ് ഭൂമിയായി പ്രഖ്യാപിച്ചതായി പരാതി ഉയർന്നു. ഗുജറാത്തിലെ സൂറത്ത് മുനിസിപ്പൽ കോർപറേഷൻ ആസ്ഥാനം വഖഫ് വകയായി പ്രഖ്യാപിക്കപ്പെട്ടു.

വഖഫ് ബോർഡുകളിൽ അച്ചടക്കം കൊണ്ടുവരണമെന്നു ശിപാർശ ചെയ്യുന്ന 1976-ലെ റിപ്പോർട്ടും കൂടുതൽ പ്രാതിനിധ്യം നിർദേശിക്കുന്ന സച്ചാർ സമിതി റിപ്പോർട്ടും മന്ത്രി ചൂണ്ടിക്കാട്ടി.

ഷിയ, സുന്നി, ബോഹ്റ, അഗാഖനി വിഭാഗങ്ങൾക്കു വഖഫ് ബോർഡുകളിൽ പ്രാതിനിധ്യം നൽകാനുള്ള നിർദിഷ്ടവ്യവസ്ഥയെ മന്ത്രി ന്യായീകരിച്ചു.

ചെറുവിഭാഗങ്ങളെ വലിയവിഭാഗം ഞെരിച്ചമർത്തുന്നതു പാർലമെന്റിന് അനുവദിക്കാനാകില്ല. വഖഫ് ബോർഡിൽ മുസ്‌ലിം വിഭാഗത്തിനു പുറത്തുള്ളവരെ ഉൾപ്പെടുത്തണം, വഖഫ് സ്വത്തുക്കൾ സർവേ ചെയ്യാനുള്ള അധികാരം സർവേ കമ്മീഷനിൽനിന്ന് ജില്ലാ കളക്ടറേറ്റിലേക്കു കൈമാറണം, ബോർഡിന്റെ സിഇഒ സ്ഥാനത്തേക്കുള്ള വ്യക്തിയെ വഖഫിനു പകരം സംസ്ഥാനസർക്കാർ നാമനിർദേശം ചെയ്യും എന്നതടക്കം നാല്പതോളം ഭേദഗതികൾ കൊണ്ടുവരാനാണ് ബില്ലിലൂടെ കേന്ദ്രസർക്കാർ ശ്രമിച്ചത്.

അധികാരം കൈയാളുന്ന ഒരു ചെറുവിഭാഗത്തിനു വേണ്ടിയാണു പ്രതിപക്ഷം വാദിക്കുന്നതെന്ന് ആരോപിച്ച മന്ത്രി, വഖഫ് അധികാരികളെപ്പറ്റി മുസ്‌ലിംകൾക്കിടയിൽത്തന്നെ വിയോജിപ്പുണ്ടെന്നും ചൂണ്ടിക്കാട്ടി. ബില്ലിലെ വ്യവസ്ഥകൾ മതസ്വാതന്ത്ര്യം ഹനിക്കുന്നതോ ഭരണഘടനാവിരുദ്ധമോ അല്ല. സംസ്ഥാന വഖഫ് ബോർഡുകൾ മാഫിയകളായി മാറിയെന്നു പ്രതിപക്ഷത്തെ പല നേതാക്കളും തന്നോടു സ്വകാര്യമായി പറഞ്ഞിട്ടുണ്ടെന്നു കിരൺ റിജിജു അവകാശപ്പെട്ടു. പേര് വെളിപ്പെടുത്തി അവരുടെ രാഷ്ട്രീയ ഭാവി കളയാൻ താൻ ആഗ്രഹിക്കുന്നില്ലെന്നും അദ്ദേഹം പറഞ്ഞു. സിപിഎം, ടിഎംസി, എൻസിപി (ശരദ് പവാർ), സമാജ്‌വാദി പാർട്ടി തുടങ്ങിയ പാർട്ടികളും ബില്ലിനെ എതിർത്തു. എന്നാൽ, എൻഡിഎ സഖ്യകക്ഷികളായ ടിഡിപി, ജെഡിയു എന്നിവ ബില്ലിനെ അനുകൂലിച്ചു. ബിൽ നിയമമമായാൽ വഖഫ് ഇടപാടുകളിലും സ്വത്തു തർക്കങ്ങളിലും തീരുമാനമെടുക്കാൻ ജില്ലാ കളക്ടർക്ക് അധികാരം ലഭിക്കും.

## കേന്ദ്രസഹായം നൽകും: മോദി

(3-ാം പേജിൽനിന്നും)

കുഞ്ഞുങ്ങൾക്കൊപ്പമാണെന്നും ഇന്ത്യ ആരെയും കൈവിടില്ലെന്നും പ്രധാനമന്ത്രി ഉറപ്പുനൽകി.

അവലോകനയോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ആവശ്യപ്പെട്ട കാര്യങ്ങളോടെല്ലാം വളരെ അനുകൂലമായി പ്രധാനമന്ത്രി പ്രതികരിച്ചതിനെ കേരളം പ്രതീക്ഷയോടെയാണ് കാണുന്നത്. ദുരന്തത്തിന്റെ വ്യാപ്തി പ്രധാനമന്ത്രിക്കു ബോധ്യമായിട്ടുണ്ടെന്നും ഒപ്പമുണ്ടാകുമെന്ന ഉറപ്പിൽ കേരളം വിശ്വസിക്കുന്നതായും അവലോകന യോഗത്തിൽ പങ്കെടുത്ത മന്ത്രിമാരായ കെ. രാജനും പി.എ. മുഹമ്മദ് റിയാസും പറഞ്ഞു. ദേശീയദുരന്തമായി പ്രഖ്യാപിക്കാനുള്ള സാധ്യതയും പ്രധാനമന്ത്രി മനസ്സിലാക്കിയിട്ടുണ്ടാകുമെന്ന് ഇരുവരും പറഞ്ഞു.

നിശ്ചയിച്ചതിലും ഒന്നര മണിക്കൂറിലേറെ വയനാട്ടിൽ ചെലവഴിച്ചതിനു ശേഷമാണ് പ്രധാനമന്ത്രി മടങ്ങിയത്. ദുരന്തമേഖലയിൽ ഹെലികോപ്റ്ററിൽ നിരീക്ഷണം നടത്തിയതിനു ശേഷം കൽപറ്റയിൽ ഇറങ്ങിയ അദ്ദേഹം തുടർന്ന് മുണ്ടക്കൈ, ചൂരൽമല പ്രദേശത്തേക്ക് എത്തി.

ചൂരൽമലയിൽനിന്ന് 700 മീറ്ററോളം നടന്ന് വെള്ളാർമല സ്കൂളിനു സമീപത്തും പിന്നീട് മുണ്ടക്കൈയിലേക്കുള്ള ബെയ്‌ലി പാലത്തിനടുത്തും നരേന്ദ്രമോദി എത്തി.

തുടർന്നു ദുരിതാശ്വാസ ക്യാംപിലുള്ളവരെയും ആശുപത്രിയിൽ കഴിയുന്നവരെയും നേരിൽക്കണ്ടു. ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ, മുഖ്യമന്ത്രി പിണറായി വിജയൻ, കേന്ദ്രമന്ത്രി സുരേഷ് ഗോപി, ചീഫ് സെക്രട്ടറി ഡോ. വി. വേണു എന്നിവരും ഹെലികോപ്റ്ററിലുണ്ടായിരുന്നു.

# SEEKING BRIDEGROOM

*USA settled Christian family seeking proposal for their 38-year-old daughter who was born in Sultanate of Oman and moved to US at the age of 10 in 1997. She is 5'3", born again, baptized and in fellowship with a Pentecostal Church in Florida. She has Law degree and currently working with State of Florida government since several years. We are looking for a born again, educated boy from US or Canada. Those who are interested please text, whatsapp at **863-709-6031** or email to: **mathewg1956@gmail.com**

*Knanaya Catholic parents invite proposals for their daughter Age: 25 yrs. (DOB: December, 1998) Height 5'1". Born in Kerala and lived in Mumbai. Then brought up in the US from the age of 9. Education: BSN and currently working as RN (travel nurse) and pursuing MSN. Seeking alliances from parents of well-educated and professionally qualified Knanaya Catholic boys brought up in the US. Please Contact: **516-554-5698 or 516-554-5681**

*Parents settled in the USA invite marriage proposals for their 27 year old American born Roman Catholic daughter, 5 feet 6 inches height, currently completing MD/ PhD program in a reputable university in the USA from physicians or similarly educated men raised in the USA. Very caring and family oriented. If interested, please email: **medqis@gmail.com** or contact **(908) 764-0342.**

*42 years old, 5'4, Christian woman, born in Kerala, raised in the US, American Citizens, and working as a certified teacher. She is seeking a proposal for a man who has a strong relationship with God, trustworthy, honest, faithful, compassionate, responsible, mature, financially stable ambitious, willingness to mutually make compromises, great communication and understanding. Interested parties please respond via email: **mallugurl81@gmail.com.**

*Pentecostal Parents invite proposals for their daughter, who is an MBBS Doctor and a Public Health Master's graduate from the American University of Armenia, now pursuing her Foreign Medical Licensing. She is 32 (17.2.1992/Height 5'4) with medium skin tone. She born in State of Qatar, Middle East and brought up in India. We are seeking suitable alliances from Christian - US, Canada, UK, Australia, New Zealand, Switzerland, Middle East who are Professionally qualified Doctors, CPAs, IT Professionals, Engineers with Masters. If interested please contact **+91 8592955555 / +91 8943677777** or **mathewkws@gmail.com** with recent pictures and details.

*Pentecostal parents inviting proposals for their daughter (31 years, 2/10/1992, Hight 5'6) pursuing Ph. D program in Mechanical Engineering, University of North Carolina in USA, currently working as Teaching assistant at the same university from parents of professionally qualified spiritual boys from USA. If interested, please contact **+91 9142050975 / +91 9744797000** or **thomasnidheerickal@gmail.com.**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

*Roman Catholic parents invite proposals for their daughter, who is a chemical engineering Ph.D. student at a reputed college. She is 26 years old and is 5'3" with a fair complexion. She is born and brought up in the USA. We are seeking suitable alliances from professionally qualified Doctors, CPAs, IT professionals, and Engineers with masters, born and raised in the USA, who are Catholics, family-oriented, and God fearing. Interested please respond with details including a recent picture to: **chry7851@gmail.com**

*Pentecostal parents settled in US inviting proposal for their daughter born and brought up in USA, 34yrs, 5'8", Doctor of Pharmacy working as a clinical pharmacist. We are seeking a professionally qualified spiritual boy from the same faith. If interested please contact **206 234 5555**, Email: **wmathew1@comcast.net**

*Immigrant Mar Thoma parents invite marriage proposal for their daughter in Kerala (27 yrs.) MSc, B.Ed., from parents of Mar Thoma or Orthodox boys in the US. She is very beautiful, God fearing and family oriented. Please contact at **ajohn1192@gmail.com** with picture and details.

*The Pentecostal family settled in Texas invites a proposal for their daughter, who will start her MD residency in California in June 2024. Age 25 (November 4, 1998), 5'4", God-fearing, baptized, fair & a US citizen from parents of a Pentecostal boy, with a professional career and from the US. Please email complete details and pictures to **risinginspirit@yahoo.com.**

*Pentecostal Family, residing in the US, is inviting proposals for their born again, baptized daughter (30/ 5'4). Born and brought up in California, she works as an Optometrist (Eye Doctor). She is God fearing and Family oriented. Seeking suitable proposals from parents of Pentecostal ,Family oriented and professional boys preferably based in the US. Please respond with photo and details to **shajeepmathew@gmail.com** or contact **1-972- 342-4297.**

*Pentecostal parents settled in the USA invite proposal for their daughter, 28 year old, 5' 2": born again, water baptized and leading a model christian life. Born and brought up in the USA. Masters in Speech Language Pathology. Seeking suitable proposals from qualified boys from the USA or Canada. Please respond with details and pictures to **foreverulove2023@gmail.com** or **469-371-7023**.

# SEEKING BRIDE

*Pentecostal parents settled in USA prayerfully invite proposal for their son born and brought up in USA. He is 31 (August 03-1993) year old 5'5", architect, employed as project manager in an architectural firm in the northeast, born again, baptized, spirit filled and very active with church and gospel work. Seeking suitable alliance from parents of qualified born-again, baptized, spirit filled girl with good moral and spiritual values and professionally qualified, preferably born in the US. Please respond to **jehovahnissi2024@yahoo.com** with recent pictures and details.

*Pentecostal parents seeking proposals for their born again, baptized son (US born, 31/ 5' 7") He is now working as a Doctor in California. Inviting proposals from born again and profession qualified girls preferably born in the US. Please call/ send info with picture. **253 332 0868**. email: **molyvt@yahoo.com.**

*Pentecostal parents settled in USA invite proposal for their son born and brought up in US. He is 28 year old with 5'11", engineer with masters degree, born again, spiritual and very active with church. We are seeking qualified, family oriented, born-again and God fearing girl with good moral and spiritual values. Interested please respond to **hiswillforme01@gmail.com** with recent pictures and details.

*Uncle and aunt settled in USA invites proposals from USA for their nephew, 29 years old, (154 lbs, 5'6") itinerant preacher and prophet, traveling nations, training and equipping next generation leaders for the Kingdom of God. Owner of resort and campsite. Those who are fully committed to ministry, contact WhatsApp **+91 9946477146**

*Well to do, healthy, Christian widower (80) seeking a mature, single, Christian lady or widow. Text me to start the conversation first to get to know each other. Phone number **(830)624-5533.**

*Marthoma parents with strong religious back ground seeking proposals for their son, 32 years, 5' 8", born and brought up near New York City, working in an Investment banking group, pursuing CFA. Parents of professional girls born and brought up in US from any Christian denomination may please respond with details to **go2mathew@gmail.com.**

*Pentecostal parents invite proposal for their son (September 1996, 5"7) born and brought up in US, born again, baptized, spirit filled, actively involve in church ministry, medical student starting his residency in the mid of 2025. From the parents of girl*s who have similar field or are professionally qualified. Please send recent pictures and full details to **ifhiswill2021@gmail.com.**

*Professionally qualified Pentacostal boy working and studying in USA (fair/36/ 78kg/182cm/ divorced) seeking suitable proposal from parents of born again, spirit filled and professionally qualified girls live in United States. Contact: **(832) 340-0672**

*Double board certified physician currently working as a Medical Director at the VA. Beyond the realm of medicine, I prioritize strong family values and faith. I'm seeking a meaningful connection with someone who shares these principles, someone who values integrity, compassion, and growth. If you're ready to embark on a journey of companionship rooted in mutual respect and shared beliefs, I'd love to hear from you. Age 45 and 5' 7". Please respond with details and recent picture to **pvcglorytogod@gmail.com**

*Brother settled in the U.S. invites marriage proposal for Knanaya Catholic widower (U.S. returned, doing business, 2 sons, 1 in Canada & other one in Bangalore), 55, 5'8", 150lb from Knanya women or widows with or without children. Please contact us on **+1 863-447-0691 or email at joscoveneers@gmail.com.**

*Pentecostal parents are searching for a suitable match for their son, born in August 1991, 5'10" tall, an Attorney with a Juris Doctor degree. He works in Corporate Compliance and Privacy at a major hospital in the USA. He is dedicated to his church and enthusiastic about mission work. If interested please send details and recent pictures

WhatsApp: **+91 9810701777.**

Email: **glorya9307@gmail.com**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

## SEEKING BRIDEGROOM CONTD.....

*Roman Catholic parents invite proposals for their daughter who is working as Pham-D. She is 38 and 5'-3" fair complex. She is born and brought up in U.S.A. We are seeking suitable alliance from professionally qualified Engineers, Doctors, Pharmacists, MBA accountants , IT professionals born and raised in U.S.A. who are Catholics and God-fearing and family oriented. Interested please respond with details including a recent picture to: **cyriac78@hotmail.com**

*Pentecostal parents settled in USA invite proposal for their daughter 28 years old, 5' born again, baptized and spirit filled. Born and brought up in USA. Masters in Accounting, working as a corporate senior tax accountant, pursuing CPA. Parents of qualified boys ( from USA or Canada) with good spiritual background may please respond with details and pictures to **smat16ab@gmail.com**

# നിര്യാതരായി

## ഇ.ടി. കുര്യൻ

**പള്ളം:** മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ പിതൃസഹോദരിയും നാട്ടകം ഗ്രാമപഞ്ചായത്ത് പ്രഥമ വനിതാപ്രസിഡണ്ടുമായ പരേതയായ അമ്മിണി തോമസിന്റെ മകൻ ഇടത്തുംപടിക്കൽ ഇ.ടി. കുര്യൻ (മോൻ-69) അന്തരിച്ചു. എസ്ബിഐ റിട്ട. മാനേജർ, ഇടവക ട്രസ്റ്റി, ഇടത്തുംപടിക്കൽ കുടുംബയോഗം വൈസ് പ്രസിഡണ്ട് എന്നീ നിലകളിൽ പ്രവർത്തിച്ചു. ഭാര്യ എണ്ണശേരി ചിറക്കുഴയിൽ ഡോ. ഷേർലി കുര്യൻ (റിട്ട. പ്രിൻസിപ്പൽ കെ.ജി. കോളജ് പാമ്പാടി). മക്കൾ: സച്ചു തോമസ് (ആക്സിസ് ബാങ്ക്), സന്തു കുര്യൻ (യുഎസ്), സത്യു പുന്നൻ. മരുമക്കൾ: സോജി സോബിച്ചൻ, സൗമ്യ സോബിച്ചൻ.

**പാമ്പാടി:** പാടത്തുമാപ്പിള കുടുംബാംഗം ഇട്ടിയാനിക്കൽ (ഇട്ടിമാണിയിൽ) വിമുക്തഭടൻ പരേതനായ ഇ.വി. വർഗീസിന്റെ ഭാര്യ സി.എം. കുഞ്ഞൂഞ്ഞമ്മ (80) അന്തരിച്ചു.

**തൊടുപുഴ:** പ്രമുഖ ഹോട്ടൽ വ്യവസായി മുട്ടം മാടയ്ക്കൽ എം.ടി. അഗസ്റ്റിൻ (കുട്ടിയച്ചൻ-74) അന്തരിച്ചു.

**തിരുവല്ല:** വൊക്കേഷണൽ എച്ച്എസ്എസ് റിട്ട. പ്രിൻസിപ്പൽ വള്ളംകുളം നിലയ്ക്കത്താനത്ത് എം.കെ. രാമചന്ദ്രൻ നായർ (88) അന്തരിച്ചു.

## മേരിക്കുട്ടി വർഗീസ്

**ഇത്തിത്താനം:** കുന്നുംപുറത്ത് പരേതനായ കെ.എ. വർഗീസിന്റെ (കെഎസ്ഇബി റിട്ട. ഉദ്യോഗസ്ഥൻ) ഭാര്യ മേരിക്കുട്ടി വർഗീസ് (92) അന്തരിച്ചു. പുഴവാത് വാഴേപറമ്പിൽ കുടുംബാംഗമാണ്. മക്കൾ: അമ്മിണി സെബാസ്റ്റ്യൻ, കെ.വി. അഗസ്റ്റിൻ, കെ.വി. കുര്യാക്കോസ് (യുഎസ്), പരേതനായ കെ.വി. മാത്യു, കുഞ്ഞുമോൾ ജോസി. മരുമക്കൾ: പരേതനായ സെബാസ്റ്റ്യൻ പോളക്കളം (പുറപ്പുഴ), ഏലിയാമ്മ മാമ്പുത്തറ (പള്ളിക്കുന്ന്), ആനി ആനക്കല്ലുങ്കൽ (പാമ്പാടി), ബിനി നിരപ്പേൽ (തൊടുപുഴ), ജോസി മെതിക്കളം (ചങ്ങനാശേരി).

**തിരുവനന്തപുരം:** കുട്ടനാട്ടിലെ കായൽരാജാവ് എന്നറിയപ്പെട്ടിരുന്ന മുരിക്കൻ ജോസഫിന്റെ മകൾ ഡോ. ലില്ലി മുരിക്കൻ (75) അന്തരിച്ചു.

**പാത്താമുട്ടം:** കുറിച്ചി ഗവ. ഹൈസ്കൂൾ റിട്ട. അധ്യാപകൻ പടിയറ വള്ളിക്കാട്ടായ പടിയറയിൽ പി.സി. ചാണ്ടപ്പിള്ള (കുഞ്ഞച്ചൻ-83) അന്തരിച്ചു.

**എരുമേലി:** മലങ്കര ഓർത്തഡോക്സ് സഭയിൽ സീനിയർ വൈദികൻ കനകപ്പലം തോപ്പിൽ ഫാ. ടി.ജി. സ്റ്റീഫൻ (95) അന്തരിച്ചു.

**കോട്ടയം:** തൈപ്പറമ്പിൽ പരേതനായ പ്രഫ. ടി.വി. ദേവസ്യയുടെ (എസ്ബി കോളജ്) ഭാര്യ അന്നമ്മ ദേവസ്യ (84) അന്തരിച്ചു.

## ബ്രിജിറ്റ് മാത്യു

**വെള്ളിയാമറ്റം:** ഇളംദേശം സെ. ജോസഫ്സ് എൽപി സ്കൂൾ റിട്ട. അധ്യാപിക കുളത്തിങ്കൽ ബ്രിജിറ്റ് മാത്യു (82) അന്തരിച്ചു. ആലക്കോട് മണ്ണാറാത്ത് കുടുംബാംഗമാണ്. ഭർത്താവ് കെ.എ. മാത്യു (റിട്ട. എച്ച്.എം.). മക്കൾ: എയിൻസ്, സിസ്റ്റർ റോണിയ, അജേഷ് (യുഎസ്). മരുമക്കൾ: കാഞ്ഞിരപ്പള്ളി വെട്ടിയാങ്കൽ റെന്നി (സൗദി), പെരിങ്ങഴ നടുക്കുടിയിൽ പ്രീത (യുഎസ്).

**കാരാപ്പുഴ:** താഴത്തേക്കുറ്റ് വീട്ടിൽ മോളി ജോൺ (70) അന്തരിച്ചു.

**പാലാരിവട്ടം:** മാടമ്പിൽ സാറാമ്മ ലെയ്നാർഡ് (82) അന്തരിച്ചു.

**മുട്ടുചിറ:** കലയന്താനത്ത് പൈലോയുടെ ഭാര്യ ത്രേസ്യാമ്മ (കുഞ്ഞമ്മ-69) അന്തരിച്ചു.

**മുത്തോലി:** കടപ്ലാമറ്റം സെ. ആന്റണീസ് ഹൈസ്കൂൾ റിട്ട. അധ്യാപകൻ കുറവിലങ്ങാട് പാറ്റാനിയിൽ സിറിയക് (86) അന്തരിച്ചു.

**പുതുവേലി:** കോട്ടയം അതിരൂപതാംഗം ഫാ. ജോർജ് വണ്ടന്നൂർ (89) അന്തരിച്ചു.

**അമ്പലപ്പുഴ:** ചലച്ചിത്ര പിന്നണിഗായകൻ കെ.എസ്. സുദീപ്കുമാറിന്റെ പിതാവും കവിയും ഗ്രന്ഥകാരനും ഗവേഷകനും സാംസ്കാരിക പ്രവർത്തകനുമായിരുന്ന പുന്നപ്ര പറവൂർ സിതാരയിൽ കൈനകരി സുരേന്ദ്രൻ (78) അന്തരിച്ചു.

**കവിയൂർ:** മഞ്ഞാടിയിൽ ലിസി ഐപ് (82) അന്തരിച്ചു.

**പയസ്മൗണ്ട്:** വടക്കേ ചിറയാത്ത് പരേതനായ തൊമ്മൻ തോമസിന്റെ ഭാര്യ മേരി തോമസ് (മറിയക്കുട്ടി-89) അന്തരിച്ചു.

**തിടനാട്:** പുള്ളോലിക്കുഴിയിൽ യോഹന്നാൻ തോമസ് (കുട്ടപ്പൻ-73) അന്തരിച്ചു.

**കുറവിലങ്ങാട്:** നസ്രത്ത്ഹിൽ മഴുവഞ്ചേരി പരേതനായ ജോസഫ് ഫ്രാൻസിസിന്റെ ഭാര്യ മേരി ജോസഫ് (70) അന്തരിച്ചു.

**ഇരവിപേരൂർ:** നെല്ലാട് കുറ്റിയിൽ അന്നമ്മ ഏബ്രഹാം (86) അന്തരിച്ചു.

**കൊഴുവനാൽ:** പറമ്പകത്ത് സ്കറിയ മത്തായി (90) അന്തരിച്ചു.

**ചങ്ങനാശേരി:** വാഴപ്പള്ളി പാലാത്ര പി.പി. മാത്യുവിന്റെ (പഞ്ചാബ് നാഷണൽ ബാങ്ക് റിട്ട. ഉദ്യോഗസ്ഥൻ) ഭാര്യ ചങ്ങനാശേരി സെ. ജോസഫ്സ് സ്കൂൾ റിട്ട. അധ്യാപിക അന്നമ്മ ജേക്കബ് (ഗ്രേസ്-73) അന്തരിച്ചു.

**പനമറ്റം:** പൊൻകുന്നം എസ്ഡി യുപിഎസ് റിട്ട. അധ്യാപിക പറപ്പിള്ളാത്ത് പങ്കജാക്ഷിയമ്മ (93) അന്തരിച്ചു.

**കാനം:** കൊന്നയ്ക്കൽ അഞ്ചനാട് റെജി ജോർജിന്റെയും വിൻസിയുടെയും മകൻ ജോയൽ എ. റെജി (20) അന്തരിച്ചു.

## മേരി ജോസഫ്

**വാഴക്കുളം:** നടുക്കര കുറുപ്പുമഠത്തിൽ മേരി (90) അന്തരിച്ചു.പാലാ കൈതോലിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ കെ.എം. ജോസഫ്. മക്കൾ: ഷേർളി, ഷാജൻ (യുഎസ്), ഷീല, സോഫി, ജോമോൻ, ലിഡിയ, റോബിൻ (യുകെ), പരേതയായ റ്റാൻസി.

**കായംകുളം:** ആലപ്പുഴ ജില്ലാ കോൺഗ്രസ് കമ്മിറ്റി വൈസ് പ്രസിഡണ്ടും ആലപ്പി സഹകരണ സ്പിന്നിംഗ് മിൽ മുൻ ചെയർമാനുമായിരുന്ന അഡ്വ. പി.എസ്. ബാബുരാജ് (62) അന്തരിച്ചു.

**തിരുവാർപ്പ്:** നേര്യന്തറ പരേതനായ എൻ.എസ്. ഈപ്പന്റെയും മറിയാമ്മ ഈപ്പന്റെയും മകൻ റോയി ഈപ്പൻ (കൊച്ചുമോൻ-54) നൈജീരിയയിൽ അന്തരിച്ചു.

## വർഗീസ് ഏബ്രഹാം



**തിരുവല്ല:** തിരുമൂലപുരം കറുകകുന്നേൽ വർഗീസ് ഏബ്രഹാം (70) അന്തരിച്ചു. സംസ്കാരം തിരുമൂലപുരം ചർച്ച് ഓഫ് ഗോഡ് സഭയുടെ ആഭിമുഖ്യത്തിൽ ഓഗസ്റ്റ് 13-ന്. റെയ്ച്ചൽ വർഗീസാണ് ഭാര്യ. മക്കൾ: സന്തോഷ് വർഗീസ് (ഹൂസ്റ്റൺ), സോണി വർഗീസ് (ദോഹ), സുനിൽ വർഗീസ് (ഹൂസ്റ്റൺ). മരുമക്കൾ: പ്രിയ, ബ്ലെസി, പ്രയിസി.

**മാന്നാനം:** പുളിങ്കാലായിൽ പരേതനായ വർക്കിയുടെ ഭാര്യ ചിന്നമ്മ വർക്കി (92)അന്തരിച്ചു.

**ഭരണങ്ങാനം:** ഇരവിപേരൂർ സെ. ജോൺസ് റിട്ട. അധ്യാപകൻ ആർക്കാട്ട് എ.ഇ. വർക്കി (73) അന്തരിച്ചു.

**എലിക്കുളം:** ഏറത്ത് എ.വി. തോമസിന്റെ ഭാര്യ അച്ചാമ്മ തോമസ് (86) അന്തരിച്ചു.

**തിരുവാർപ്പ്:** മണലേലായ തെക്കനാംപാടത്ത് ഉലഹന്നാൻ തോമസ് (തങ്കച്ചൻ-75) അന്തരിച്ചു.

**പാക്കിൽ:** മധ്യകേരള മഹായിടവക സീനിയർ റിട്ട. വൈദികൻ റവ. പി.എം. ഡേവിഡ് (90) അന്തരിച്ചു.

**ചങ്ങനാശേരി:** വാഴപ്പള്ളി പഞ്ചായത്ത് മുൻ പ്രസിഡണ്ട് കുരിശുമ്മൂട് കോട്ടയ്ക്കപ്പറമ്പിൽ ജോർജ് ഫ്രാൻസിസ് (അപ്പച്ചൻകുട്ടി-76) അന്തരിച്ചു.

**കോട്ടയം:** അക്കര കുടുംബാംഗമായ ജോൺ സി. ചെറിയാന്റെ ഭാര്യ ആലീസ് ജോൺ (73) അന്തരിച്ചു.

## കെ.എൽ. തോമസ്

**കിടങ്ങൂർ:** കോയിത്തുരുത്തിൽ കെ.എൽ. തോമസ് (68) അന്തരിച്ചു. ഭാര്യ പുന്നത്തുറ ചുണ്ടമലകുന്നേൽ ത്രേസ്യാമ്മ. മക്കൾ: ക്രിസ്റ്റീന (യുഎസ്), ക്രിസ്റ്റോ, ജസ്റ്റിൻ (യുഎസ്). മരുമക്കൾ: മാത്യു മങ്ങാട്ട് കൂടല്ലൂർ (യുഎസ്), ലിജ പുത്തൻപുരയിൽ (തൊടുപുഴ), അൻവി നെല്ലിക്കാട്ടിൽ ഉഴവൂർ (യുഎസ്).

**പാതാമ്പുഴ:** മന്നം ആട്ടപ്പാട്ട് വർക്കി ചാക്കോ (78) അന്തരിച്ചു.

**തോട്ടയ്ക്കാട്:** മറ്റത്തിൽ എം.ജെ. ജോർജ്കുട്ടി (68) അന്തരിച്ചു.

**കിടങ്ങൂർ സൗത്ത്:** മാളിയേക്കൽ ചിന്നമ്മ സ്കറിയ (94) അന്തരിച്ചു.

**കുറിച്ചി:** ഈശ്വരപറമ്പിലായ കൊല്ലംപറമ്പിൽ കുര്യാക്കോസ് മാത്യു (അപ്പാപ്പി-83) അന്തരിച്ചു.

**കോതനല്ലൂർ:** മങ്ങാട്ടുകുന്നേൽ ഏലിയാമ്മ കോര (85) അന്തരിച്ചു.

**മണിപ്പുഴ:** എരുമേലി മണിപ്പുഴ കിഴക്കേതിൽ പാസ്റ്റർ ജോൺ തോമസ് (ബാബു-64) അന്തരിച്ചു.

**തൃശൂർ:** റിട്ട. അധ്യാപകനും ചിത്രകാരനുമായ ചേർപ്പ് ഊരകം എറാട്ടുകുന്നേൽ വാരിയത്ത് രാജഗോപാല വാരിയർ (96) അന്തരിച്ചു.

**മീനടം:** പകലോമറ്റം വെട്ടിക്കാട്ടുകുന്നേലായ മാട്ടേൽ കക്കാട്ട് പരേതനായ ഫാ. കെ.എസ്. ജേക്കബിന്റെ ഭാര്യയും മീനടം സെ. മേരീസ് യുപിഎസ് പ്രഥമ പ്രധാനാദ്ധ്യാപികയുമായ മേരി ജേക്കബ് (88) അന്തരിച്ചു.

**തുരുത്തി:** പുത്തൻപുരക്കൽ ലീലാമ്മ തോമസ് (68) അന്തരിച്ചു.

**അറക്കുളം:** നെല്ലിക്കത്താഴത്ത് റോസമ്മ ജോസഫ് (67) അന്തരിച്ചു.

**പനമ്പള്ളി നഗർ:** കോതമംഗലം എം.എ കോളജ് റിട്ട. അദ്ധ്യാപിക എച്ച്ബി130-അമൃതശ്രീയിൽ ഡോ. എസ്.ഗിരിജാദേവി (77) അന്തരിച്ചു.

**തൃക്കോതമംഗലം:** മുളവന ജോസഫ് മത്തായി (ജോസുകുട്ടി-84) അന്തരിച്ചു.

**ചങ്ങനാശേരി:** പണ്ടകശാലക്കടവ് ചമ്പക്കുളം പരേതനായ സി.സി. ആന്റണിയുടെ മകൻ സി.എ. ഷൈജു (52) അന്തരിച്ചു.

**മോനിപ്പള്ളി:** മുണ്ടിയാനിപ്പുറത്ത് (സ്നേഹതീരം) മറിയക്കുട്ടി വർക്കി (93) അന്തരിച്ചു.

**ആലപ്പുഴ:** തത്തംപള്ളി തോണിപുരയ്ക്കൽ ഏലിയാമ്മ ജോസഫ് (ലൂസിയാമ്മ-72) അന്തരിച്ചു.

**കൊച്ചി:** ജേക്കബ്സ് ഗ്രൂപ്പ് സ്ഥാപകൻ കൊച്ചാപ്പിള്ളി കെ.ഒ. ജേക്കബ് (83) അന്തരിച്ചു.

**ഇലഞ്ഞി:** ആലപുരം കുമ്പളാംതടത്തിൽ ഷെമീറ്റ് പീറ്റർ (56) അന്തരിച്ചു.

## കെ.ജെ. ജേക്കബ്

**കുമളി:** അട്ടപ്പള്ളം കളപ്പുരയ്ക്കൽ കെ.ജെ. ജേക്കബ് (അപ്പച്ചൻ-83) അന്തരിച്ചു. ഭാര്യ പരേതയായ മോളി. മകൾ: അനിത ജേക്കബ് (യുഎസ്).

**കളത്തിൽപടി:** കോലത്ത് കോയിക്കമണ്ണിൽ കെ.എം. വർഗീസിന്റെയും മറിയാമ്മയുടെയും മകൻ അരുൺ മാത്യു വർഗീസ് (34) അന്തരിച്ചു.

**ഇത്തിത്താനം:** മലകുന്നം പ്രതീഷ് ഭവനിൽ എയർഫോഴ്സ് റിട്ട. ഉദ്യോഗസ്ഥൻ പി.എം. ചന്ദ്രശേഖരൻ നായർ (പി.എം.സി നായർ-79) അന്തരിച്ചു.

**മണർകാട്:** കൃപാനഗർ കൈതാരം വീട്ടിൽ ഓമന ബാബുരാജ് (64) അന്തരിച്ചു.

**മരങ്ങോലി:** പട്ടർകാലായിൽ പി.ടി. വർക്കി (വാവച്ചൻ-87) അന്തരിച്ചു.

**മോനിപ്പള്ളി:** ഹെൽത്ത് സർവീസ് റിട്ട. ഉദ്യോഗസ്ഥൻ പത്തുപറയിൽ കെ.സി. ഗോപാലൻ (83) അന്തരിച്ചു.

**കോട്ടയം:** വിസിറ്റേഷൻ സന്യാസിനി സമൂഹാംഗം സിസ്റ്റർ ഡോറത്തി (87) അന്തരിച്ചു.

**തെള്ളകം:** രജിസ്ട്രേഷൻ വകുപ്പ് റിട്ട. ഉദ്യോഗസ്ഥൻ കുമാരസദനം കെ.കെ. സുകുമാരൻ (സുകുമാർ കുന്നുംപുറം-71) അന്തരിച്ചു.

**കുറവിലങ്ങാട്:** കർമ്മലീത്താ മഠാംഗം സിസ്റ്റർ ടെർസീന (പെണ്ണമ്മ-84) അന്തരിച്ചു.

**പാലാ:** നെച്ചിപ്പുഴൂർ വരാച്ചേരിൽ റിട്ട. ഹെൽത്ത് ഇൻസ്പെക്ടർ വി.ടി. തോമസ് (രാജു-77) അന്തരിച്ചു.

**തിരുവല്ല:** നെടുമ്പ്രം ജിഎച്ച്എസ് റിട്ട. പ്രധാനാദ്ധ്യാപിക മുത്തൂർ അംബാ സദനത്തിൽ ടി.എസ്. ശ്യാമളാദേവി (77) അന്തരിച്ചു.

**മാറിയിടം:** പെരികലത്തിൽ തോമസ് തൊമ്മി (95) അന്തരിച്ചു.

**തൃശൂർ:** സിഎംസി കോൺഗ്രിഗേഷൻ വിമല പ്രോവിൻസിന്റെയും മേരിമാതാ അങ്കമാലി പ്രോവിൻസിന്റെയും മുൻ പ്രൊവിൻഷ്യൽ സുപ്പീരിയറും റിട്ട. അദ്ധ്യാപികയുമായ കൈപ്ര മഠാംഗം സിസ്റ്റർ ബൊറോമിയോ (97) അന്തരിച്ചു.

**വൈത്തിരി:** സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി കോഴിക്കോട് സഭാംഗം സിസ്റ്റർ നിർമ്മല (87) അന്തരിച്ചു.

**വാകത്താനം:** പുതുപ്പള്ളി അദ്ധ്യാപക അർബൻ സഹകരണ ബാങ്ക് റിട്ട. ഉദ്യോഗസ്ഥൻ തൃക്കോതമംഗലം കിഴക്കേ കാഞ്ഞിരക്കാട്ട് കെ.പി. മത്തായി (റെജി ഫിലിപ്പോസ്-59) അന്തരിച്ചു.

**താഴത്തങ്ങാടി:** മരയ്ക്കാരുപറമ്പിൽ വർഗീസ് ജോസഫിന്റെ ഭാര്യ കെ.കെ. മറിയാമ്മ (അമ്മാൾ-62) അന്തരിച്ചു.

**കൂടല്ലൂർ:** പേരുമാലിൽ മാത്യു കുര്യാക്കോസ് (ജോയി-67) അന്തരിച്ചു.

## ഏലമ്മ ജോർജ്

**പുന്നവേലി:** അട്ടക്കുളത്ത് ഏലമ്മ ജോർജ് (92) അന്തരിച്ചു. നീരേറ്റുപുറം തിരുതാടി പുന്നിപറമ്പിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ എ.എം. ജോർജ്. മക്കൾ: ജെസി, ജിജി, അജിത്ത് (യുഎസ്). മരുമക്കൾ: മാവേലിക്കര വഴിപാടി പോളച്ചിറയ്ക്കൽ പുത്തൻവീട് പരേതനായ അനി, നീലമ്പാറ പൊയ്കയിൽ റജി, നീരേറ്റുപുറം പ്ലാമൂട്ടിൽ ജോളി (യുഎസ്).

**ചങ്ങനാശേരി:** തൃക്കൊടിത്താനം അയർക്കാട്ടുവയൽ പുന്നംപറമ്പിൽ ജോസഫ് ദേവസ്യ (ബാബുക്കുട്ടി-73) അന്തരിച്ചു.

**പാരിപ്പള്ളി:** ദുബായ് ഖലീജ് ടൈംസ് കോപ്പി എഡിറ്റർ പാരിപ്പള്ളി പാമ്പുറം ചെരാതിൽ സി. സിനുബാൽ (അനു സിനു-48) അന്തരിച്ചു.

## കെ.സി. വർക്കി

**മോനിപ്പള്ളി:** കരികിലാംതടത്തിൽ കെ.സി. വർക്കി (പാപ്പച്ചൻ-91) അന്തരിച്ചു. മക്കൾ: ആൻസി (ഇഞ്ചത്തൊട്ടി), മേരി (ജഗദൽപൂർ), ജിം. ജോർജ് (ബെംഗ്ളൂരു), ജോമോൻ, ടെസി, ലിജി (യുഎസ്). മരുമക്കൾ: വർക്കിച്ചൻ കാഞ്ഞിരത്തിങ്കൽ (പരീക്കണ്ണി), ജോസഫ് ചില്ലയ്ക്കൽ (ടിവിപുരം), ജിജമ്മ ജി. മാധവത്ത് (മരങ്ങാട്ടുപിള്ളി), ടെസി ജോമോൻ ഇല്ലിക്കമുറിയിൽ (അണക്കര), മാത്യു പീറ്റർ ഉറുമ്പിപ്പാറ (ഇലഞ്ഞി), ഐസി ജോസഫ് ഞായർകുളം (പള്ളിക്കത്തോട്).

**മണർകാട്:** ആമലക്കുന്നേൽ ബീന (42) അന്തരിച്ചു.

**ഏറ്റുമാനൂർ:** നടയ്ക്കൽ ഏലിയാമ്മ വർക്കി (79)അന്തരിച്ചു.

**നിലമ്പൂർ:** നാടക-ചലച്ചിത്ര നടി കോവിലകത്ത്മുറി നികുഞ്ജത്തിൽ വിജയലക്ഷ്മി ബാലൻ (83) അന്തരിച്ചു.

**ആലപ്പുഴ:** എസ്ബിഐ റിട്ട. ഫീൽഡ് ഓഫീസർ തത്തംപള്ളി മഠം റോഡ് വെനീസ് 56 കാട്ടുവള്ളി കെ.എക്സ് സേവ്യർ (79) അന്തരിച്ചു.

**തിരുവമ്പാടി:** താമരശേരി സെ. മേരീസ് പ്രോവിൻസ് അംഗം സിസ്റ്റർ റോസ്മേരി (79) അന്തരിച്ചു.

**ആറുമാനൂർ:** എഫ്സിസി കോൺഗ്രിഗേഷൻ ചങ്ങനാശേരി ദേവമാതാ പ്രൊവിൻസ് ആറുമാനൂർ സെ. ഫ്രാൻസിസ് ഭവനാംഗം സിസ്റ്റർ ജോസിലിൻ (80) അന്തരിച്ചു.

**ആർപ്പൂക്കര:** കുരിശുംമൂട്ടിൽ വിമുക്തഭടൻ കെ.ഡി. ചാക്കോ (80) അന്തരിച്ചു.

**വാകത്താനം:** പുത്തൻചന്ത വടശ്ശേരിലായ ചിറത്തലാട്ട് പരേതനായ സി.എൻ. ഏലിയാസിന്റെ ഭാര്യ ശോശാമ്മ ഏലിയാസ് (90) അന്തരിച്ചു.

**തെള്ളകം:** കുന്നത്ത് ടോമി സിറിയക് (57) അന്തരിച്ചു.

**കൈപ്പുഴ:** തേനാകരയിൽ ഫിലിപ്പ് (78) അന്തരിച്ചു.

## വസ്തു വില്പനയ്ക്ക്

കോട്ടയം സംക്രാന്തി-ചെമ്മനംപടി ആറ്റുമാലി റോഡരുകിൽ river frontage ഉള്ളതും വെള്ളം കയറാത്തതുമായ 22.5 സെന്റ് വസ്തു മൊത്തമായോ പ്ലോട്ടുകളായോ വില്പനയ്ക്ക്. കോട്ടയം മെഡിക്കൽ കോളജിലേക്ക് 1200 മീറ്റർ മാത്രം.

**ഫോൺ: + 91 7012562340**

**Email - vidya99@yahoo.com**

## HOUSING PLOTS FOR SALE AT MONIPPALLY

മോനിപ്പള്ളി-ഇലഞ്ഞി റൂട്ടിൽ കല്ലിടുക്കി കവലയ്ക്കു സമീപം മെയിൻ റോഡിൽ നിന്നും 30 മീറ്റർ അകത്തായി പഞ്ചായത്ത് റോഡിന്റെ സൈഡിൽ 70 സെന്റും 54 സെന്റും ഉള്ള രണ്ട് പ്ലോട്ടുകൾ വില്പനയ്ക്ക്.

**Whatsapp +1 630 903 7680**

Two residential plots of 70 cents and 54 cents at Monippally (just 30 Mtrs from Monippally-Elanji Road and on the side of Panchayat Rd) for immediate sale. Serious buyers please contact

**Cell/Whatsapp +1 630 903 7680**

## LIVE IN CAREGIVER WANTED IN CT

Looking for live in help in Stamford, CT area for elderly mother. She is healthy but needs help for daily living assistance (meals, bathing, dressing). Have car for use for Dr appointments, driving preferable.

**Call/Text Ann at**

**614-353-5145**

## ഉപകാരസ്മരണ



പരിശുദ്ധ കന്യകേ, രക്ഷകന്റെ മാതാവേ, പാപികളുടെയും രോഗികളുടെയും ദുഃഖിതരുടെയും, ദരിദ്രരുടെയും, അഗതികളുടെയും ആശ്രയമേ, ത്രിയേക ദൈവത്തിനു പ്രസാദിക്കപ്പെട്ട മാതാവേ, ജീവിതത്തിൽ വിവിധ പ്രതിസന്ധികളാലും പ്രശ്നങ്ങളാലും ഏറെ കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. അമ്മയോട് അപേക്ഷിക്കുന്നവരെ ഒരുനാളും ഉപേക്ഷിക്കയില്ലെന്ന് ഞാൻ പൂർണ്ണമായും വിശ്വസിക്കുന്നു. നിന്നെ അഭയംപ്രാപിക്കുന്ന ദുഃഖിതരുടെ ആശ്വാസത്തിനായി, നിന്റെ പ്രിയപുത്രനിൽ നിന്നും നിനക്ക് വിശേഷവിധിയായി കിട്ടിയിട്ടുള്ള വരദാനങ്ങളെ ഈ അവസരത്തിൽ ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ... (ആവശ്യം പറയുക) അമ്മയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. എത്രയും ദയയുള്ള മാതാവേ, ഈ ആവശ്യം അമ്മയുടെ തൃക്കരങ്ങളിൽ സമർപ്പിക്കുന്നു. എന്റെ ഈ ആവശ്യത്തിൽ എന്നെ സഹായിക്കണമെന്ന് വിനയത്തോടും കണ്ണുനീരോടും കൂടി വിശ്വാസപൂർവ്വം ഞാൻ അപേക്ഷിക്കുന്നു. പരിശുദ്ധ അമ്മയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അമ്മയുടെ മഹത്വത്തെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമ്മീൻ.

നന്മ നിറഞ്ഞ മറിയമേ, നിനക്കു സമാധാനം.....

*Inserted by: Firm Believer, Atlanta*

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കു എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചു തരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവീക ദാനം തരുകയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയക്ക് ഞാൻ നന്ദി പറയുന്നു. എത്രയോ വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്നു അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലഎന്നു ഞാൻ തീർത്തു പറയുന്നു. നിത്യ മഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിൽ വിധേയപ്പെട്ടു കൊണ്ട് ഞാൻ അങ്ങയോട് മാപ്പ് ചോദിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മുന്നു ദിവസം അടുപ്പിച്ചു ചെല്ലുക. മുന്നു ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിന് മുൻപ് താഴെ പറയുന്ന രണ്ടു കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാദ്ധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും

2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും.

ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടി ആണ്. താമസിച്ചതിന് ക്ഷമാപണം.

*Inserted by: Firm Believer, New York*

## SEEKING A LIVE-IN CAREGIVER IN NASHVILLE, TENNESSEE

Seeking a live-In caregiver in Nashville, Tennessee, for my 75-year-old mother. She is mobile with the help of a walker, and needs help with daily activities and household work including cooking. Accommodation, food and attractive salary offered.

**Please contact**

**shinakp@gmail.com** or

call **615-423-7332**

## LAND FOR SALE

**ARUNOOTTIMANGALAM, 5KM NORTH OF KADUTHURUTHY, KOTTAYAM DISTRICT**

1.8 acres near st. joseph's church, facing main rd. ( 270ft), back borders old paddy field so well water available.

**Contact:** USA- **630-209-5535,**
KERALA- **9447572102**

## LIVE IN CARETAKER (FEMALE) NEEDED IN THE CHICAGO AREA

Needed in the Chicago area: Live in caretaker (female) to care for a 90-year-old mom. Call or text

**317-709-2317**

## ഉപകാരസ്മരണ



### വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Chicago*

## ഉപകാരസ്മരണ



### വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Chicago*

Visit Our Website: www.keralaexpress.com for Classified Advt.

# കാണാത്ത തീരങ്ങൾ

ജോയ്സി

## കഥ ഇതുവരെ

**പത്രപ്രവർത്തകനായ സന്ദീപും സുന്ദരിയായ അല്ലിമയും പ്രണയത്തിലായിരുന്നു. വിവാഹാലോചന വന്നപ്പോൾ സന്ദീപിന്റെ അച്ഛൻ ഹൈക്കോടതി ജഡ്ജി ജയദേവൻ നമ്പ്യാർ ജാതകത്തിനു നിർബന്ധം പിടിച്ചു. അല്ലിമ ദത്തുപുത്രിയാണെന്ന് അച്ഛൻ രാജഗോപാലിനു പറയേണ്ടിവരുന്നു. അല്ലിമയുടെ ജനനസമയവും മാതാപിതാക്കളെയും കണ്ടുപിടിക്കാനുള്ള അന്വേഷണവുമായി പോണ്ടിച്ചേരിയിലെത്തിയ സന്ദീപും ബന്ധുവായ കിഷോറും അല്ലിമയെ പ്രസവിച്ചത് മുത്തശ്ശിയുടെ അനുജത്തി മല്ലികച്ചിറ്റയുടെ മകൾ മാളവികയാണെന്നു മനസ്സിലാക്കി. ബസ് കണ്ടക്ടറായിരുന്ന ചന്ദ്രബാബുവിനെ പ്രണയിച്ച് രജിസ്റ്റർ വിവാഹം കഴിച്ച മാളവിക, ഭർത്താവിന്റെ കുടുംബത്തോടൊപ്പം നാടുവിട്ടുപോകുകയായിരുന്നു. പിന്നീട് ചന്ദ്രബാബുവിനെ കാണാതായി. അഞ്ജനയുടെ ഭർത്താവ് ഡിവൈഎസ്പിയായ ഹേമചന്ദ്രനായിരുന്നു അതിനു പിന്നിൽ. അല്ലിമയുടെ മാതാപിതാക്കളുടെ തിരോധാനവുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും സന്ദീപ് പരമ്പരയായി പത്രത്തിൽ പ്രസിദ്ധീകരിച്ചു. അതോടെ കേസ് പുനരന്വേഷണം തുടങ്ങി. ഹേമചന്ദ്രനും ബാലകൃഷ്ണമേനോനുമൊക്കെ പ്രതിയായി. കല്ലാറ്റുപടിക്കലെ തോട്ടത്തിൽ മണ്ണുമാന്തി ഉപയോഗിച്ചു നടത്തിയ പരിശോധനയിൽ അസ്ഥികളും മറ്റും കണ്ടെടുത്തു. പോലീസ് അന്വേഷിച്ചെത്തിയപ്പോൾ ബാലകൃഷ്ണമേനോൻ സ്വയം വെടിവെച്ചു മരിക്കുന്നു....**

**109**

ഫോണിൽ സംസാരിച്ചുകൊണ്ടു കാറിനുള്ളിലിരുന്ന കാഞ്ഞിരപ്പള്ളി ഡിവൈഎസ്പി ജോർജ് ജോസഫ് കുളത്തിങ്കൽ പെട്ടെന്ന് ഫോൺ നിർത്തി ഡോർ തുറന്നിറങ്ങി.

സിറ്റൗട്ടിലുണ്ടായിരുന്ന പൊൻകുന്നം സിഐ അടക്കം എല്ലാവരും വീട്ടിനകത്തേക്ക്, തുറന്നുകിടന്ന വാതിലിലേക്കു പരിഭ്രാന്തരായി നോക്കുന്നുണ്ടായിരുന്നു.

എന്താണു സംഭവിച്ചതെന്ന് ആർക്കും മനസ്സിലായില്ല. അകത്തേക്കു കടന്നുചെല്ലാനുള്ള ധൈര്യം ഉണ്ടായതുമില്ല.

"ബാലകൃഷ്ണമേനോനെ കൂടാതെ ഇവിടെ മറ്റാരെങ്കിലും ഉണ്ടോ?" ഡിവൈഎസ്പി ചോദിച്ചു.

"സർ അറിയില്ല." സിഐ പറഞ്ഞു.

"ഇവിടെ വീട്ടിനുള്ളിൽ തോക്ക് സൂക്ഷിച്ചിട്ടുണ്ടോ?"

ആരും ഉത്തരം പറഞ്ഞില്ല.

"എടോ തനിക്കറിയില്ലേ. ഇവിടെ ലൈസൻസുള്ള റിവോൾവറോ റൈഫിളോ ഉണ്ടോന്ന്." മണിമല എസ്ഐയുടെ നേർക്ക് ഡിവൈഎസ്പി തട്ടിക്കയറി.

"ഒരു പിസ്റ്റളൊണ്ട് സാർ. ഇലക്ഷനൊക്കെ വരുമ്പോ സ്റ്റേഷനിൽ സറണ്ടർ ചെയ്യാറൊണ്ട്. പിന്നെ ഹേമചന്ദ്രൻ സാറിന്റെ സർവീസ് റിവോൾവർ..."

"നിങ്ങൾ അകത്തു കയറി നോക്കൂ, എന്താ സംഭവിച്ചതെന്ന്."

പിടിക്കപ്പെടുന്ന നേരത്ത് സമനില തെറ്റുന്ന കുറ്റവാളികൾ, പോലീസുകാരുടെ നേർക്കു കണ്ണുംപൂട്ടി ആക്രമണം അഴിച്ചുവിട്ട സംഭവങ്ങൾ ഒട്ടേറെ നടന്നിട്ടുള്ളതിനാൽ ജാഗ്രതയോടെയും ഭയത്തോടെയുമാണ് സിഐയും മറ്റ് പോലീസുകാരും വീട്ടിനുള്ളിലേക്കു കടന്നത്. ഇരിപ്പുമുറിയും ഹാളും പിന്നിട്ട് അവർ ഊണുമുറി, കിച്ചൺ എന്നിവയെയും കിടപ്പറകളെയും വേർതിരിക്കുന്ന ഇടനാഴിയിൽ എത്തി. അവിടെയെങ്ങും ആളനക്കമില്ല.

മുറികളുടെയും വാതിൽ അടഞ്ഞു കിടന്നു. പോലീസുദ്യോഗസ്ഥർ ഓരോ വാതിലും അതീവ ജാഗ്രതയോടെ മെല്ലെ തുറന്നു നോക്കി. ഒരു വാതിൽ മാത്രം അകത്തുനിന്നു പൂട്ടിയതായി കണ്ടു. അതിൽ തള്ളുകയും മുട്ടിവിളിക്കുകയും ചെയ്തെങ്കിലും പ്രതികരണമൊന്നും ഉണ്ടായില്ല.

പോലീസുകാർ തിരികെ പോയി ഡിവൈഎസ്പിയെ വിവരം ധരിപ്പിച്ചു. ജഗന്നാഥക്കുറുപ്പിനെ വീട്ടിനുള്ളിലേക്കു കൂട്ടിക്കൊണ്ടുപോയി പൂട്ടിയിട്ടിരിക്കുന്ന മുറി ബാലകൃഷ്ണമേനോന്റേതു തന്നെ എന്ന് പോലീസ് ഉറപ്പാക്കി.

വീടിനു പുറമേ നിന്ന് ജനാലയിൽ കൂടി അകത്തെ കാഴ്ച കാണാൻ പോലീസ് ശ്രമിച്ചെങ്കിലും ജനാലവിരികൾ കാഴ്ചയെ തടസ്സപ്പെടുത്തി. ജനാലച്ചില്ല് പൊട്ടിക്കാൻ ഡിവൈഎസ്പി അനുവാദം നൽകി. ഒരു ജനാലയുടെ ചില്ലുപൊട്ടിച്ച് കൊളുത്തുകൾ നീക്കി, കർട്ടൻ വകഞ്ഞുമാറ്റി.

മുറിക്കുള്ളിൽ കിടക്കയിൽ ഒരാൾ പാതി കമിഴ്ന്നു കിടക്കുന്നതായി കാണപ്പെട്ടു. ഒരു കൈ തറയിലേക്ക് തൂങ്ങിക്കിടന്നു.

അതേ വശത്തുതന്നെ ഒരു പിസ്റ്റൾ വീണുകിടപ്പുണ്ടായിരുന്നു! ഡിവൈഎസ്പി ജോർജ് ജോസഫ്, കിടപ്പറയുടെ വാതിൽ ബലം പ്രയോഗിച്ച് തുറക്കാൻ അപ്പോൾത്തന്നെ നിർദേശം നൽകി.

*** *** ***

സന്ദീപ്, കിഷോറിനെയും കൂട്ടി കാഞ്ഞിരപ്പള്ളിക്കു പോകാൻ തയാറെടുക്കുകയായിരുന്നു. അതിനിടയിൽ അല്ലിമയുടെ ഫോൺ വന്നു.

"സന്ദുവേട്ടൻ എപ്പോഴാ പോരുന്നെ?"

"അര മണിക്കൂറിനകം പുറപ്പെടും."

"ഒന്നു കാണണംന്ന് അച്ഛൻ പറഞ്ഞിരുന്നു. ഇവിടെ വരോ?"

"വരും, അച്ഛനെവിടെ?"

"ഇന്ന് ഓഫീസിൽ പോണംന്നുപറഞ്ഞ് റെഡിയാകുന്നു."

"ഓക്കെ. എന്തെങ്കിലും ടെൻഷനുണ്ടോ?"

"എനിക്കോ, എനിക്ക് ടെൻഷനേ ഒള്ളൂ."

"എന്താ?"

"ഇപ്പോ സന്ദുവേട്ടൻ മണിമലയ്ക്കു പോകുവല്ലേ? അതൊരു ടെൻഷൻ. പിന്നെ വരാൻ പോകുന്ന സംഭവങ്ങളെപ്പറ്റിയൊള്ള പേടി."

"ഇനിയെന്തു വരാനാ?"

"എനിക്കറിയില്ല സന്ദുവേട്ടാ. അവരെയെല്ലാം പോലീസ് പിടിച്ച് ജയിലിലടയ്ക്കില്ലേ. അവർക്കെല്ലാം ഇപ്പോ സന്ദുവേട്ടനോടല്ലേ വിരോധം. കേസിന്നൊക്കെ അവരെങ്ങനെങ്കിലും തലയൂരിപ്പോകുമായിരിക്കും. എന്നിട്ട് സന്ദുവേട്ടനോടു പകതീർക്കുമോന്നാ..."

"അങ്ങനെയൊക്കെ ഭയന്ന് ജീവിക്കാൻ പറ്റ്വോ? എന്നെയോ നിന്നെയോ ഇല്ലാതാക്കിയിട്ട് അവർക്കു രക്ഷപ്പെടാൻ പറ്റ്വോ? അവർക്കു ജീവിക്കണ്ടേ." അതിനിടയിൽ ഫോൺകാൾ വരുന്നതുകണ്ട് സന്ദീപ് പറഞ്ഞു: "അല്ലി എനിക്ക് കോൾ വരുന്നു. കട്ടു ചെയ്യുവാ. ഞാനങ്ങോട്ട് വന്നോളാം."

"ശരി..."

സന്ദീപ് കട്ട്ചെയ്തിട്ട് അടുത്ത കോൾ അറ്റൻഡ് ചെയ്തു. പത്രത്തിന്റെ കോട്ടയം ന്യൂസ് ഡെസ്കിൽനിന്ന് സാബു ജോസാണ് വിളിച്ചത്.

"സന്ദീപ് ഇപ്പോ ഒരു ബ്രേക്കിങ് ന്യൂസ് കിട്ടിയിട്ടുണ്ട്."

"എന്താ?"

"നിങ്ങളുടെ റിലേറ്റീവ് അല്ലായിരുന്നോ ബാലകൃഷ്ണമേനോൻ. ചന്ദ്രബാബു കൊലക്കേസിലെ പ്രതികളിലൊരാൾ. അയാൾ മരിച്ചു." സന്ദീപ് ഒരു നിമിഷം നടുങ്ങി നിന്നു.

"ബാലമ്മാമ?"

"അയാൾ സൂയിസൈഡ് ചെയ്തു. ഇപ്പോ കിട്ടിയ വിവരമാണ്. റിവോൾവറെടുത്ത് തന്നെത്താൻ വെടിവെച്ചു."

"എനിക്ക്... എനിക്കിതു വിശ്വസിക്കാൻ പറ്റുന്നില്ല."

"പോലീസ് അറസ്റ്റ് ചെയ്യാൻ വീട്ടിൽ ചെന്നപ്പോഴാരുന്നു സംഭവം. ഡ്രസ് മാറി വരാന്നു പറഞ്ഞ് പോലീസിനെ പുറത്തു നിർത്തീട്ട് കക്ഷി അകത്തുകയറി. പിന്നെ വെടിയൊച്ചയാ കേട്ടത്. പോലീസ് വാതിൽ പൊളിച്ച് അകത്തു കേറി നോക്കുമ്പഴേക്കു കഴിഞ്ഞു. ഓകെ. ഇതു പറയാൻ വിളിച്ചതാ. ഇപ്പോ എവിടെയാണ്?"

"എറണാകുളത്താണ്..."

"ദെൻ സീയു വെക്കട്ടെ." കോൾ കട്ടായി.

"എന്താ സന്ദുവേട്ടാ?" കിഷോർ ജിജ്ഞാസാഭരിതനായി.

"ബാലമ്മാമ സൂയിസൈഡ് ചെയ്തെന്ന്."

"ആ പ്രായം ചെന്ന മനുഷ്യനോ?" കിഷോർ അന്ധാളിപ്പിൽ ചോദിച്ചു.

സന്ദീപ് തലയാട്ടി.

"എവിടുന്നു കിട്ടി തോക്ക്. അഥവാ കിട്ടിയാലും ബുള്ളറ്റ് വേണ്ടേ. വെടിവെക്കാൻ അറിയണ്ടേ."

"ബാലമ്മാമ എക്സ് മിലിട്ടറിയായിരുന്നു."

സന്ദീപ് സംസാരിച്ചുകൊണ്ടുതന്നെ ഫോണിൽ നമ്പറെടുത്ത് ഡയൽ ചെയ്തു.

മറുവശത്തുനിന്ന് ഹലോ കേട്ടപ്പോൾ അവൻ ചോദിച്ചു: "അമ്മേ അച്ഛനെവിടെ?"

"കോടതീലോട്ട് പോകാനൊരുങ്ങുന്നു."

"അമ്മേ ഒരു മോശം വാർത്തയുണ്ട്. ബാലമ്മാമ ആത്മഹത്യ ചെയ്തു. അച്ഛനോടു ഞാനെങ്ങനെ പറയും. അമ്മ പറയണേ."

"മണിമലയിലെ ബാലമ്മാമയോ?"

രാജശ്രീയുടെ സ്വരത്തിൽ പരിഭ്രാന്തി കലർന്നിരുന്നു.

"അതേ..."

"എന്താ മോനെ നീയീ പറയുന്നെ?"

"എനിക്കിപ്പോ കിട്ടിയ വിവരമാ. വേറൊന്നും അറിയില്ല."

"ശ്ശൊ. ഞാനെങ്ങനെ പറയും സന്ദൂ. അച്ഛനിതൊരു ഷോക്കാവും."

"എന്നാൽ ശരി. അച്ഛൻ അധികം വൈകാതെ അറിഞ്ഞോളും - അമ്മ പറയണ്ട."

"നീയിപ്പം എവിടെയാ... എപ്പഴാ ഇങ്ങോട്ട് വരുന്നെ?"

"എന്റെ ജോലി തീർന്നില്ലമ്മേ. ഞാൻ അങ്കിളിന്റെ വീട്ടിലാ. ഉടനെ കാഞ്ഞിരപ്പള്ളിക്കു പോകും. ഞാൻ പിന്നെ വിളിക്കാം." സന്ദീപ് കോൾ കട്ട് ചെയ്തിട്ട് കിഷോറിനെ നോക്കി. കിഷോർ അന്തംവിട്ടു നിൽക്കുകയാണ്.

"സന്ദുവേട്ടാ, നമുക്കു കുഴപ്പം വല്ലതും വരോ?"

"കിച്ചൂ സംഗതി ഇത്രേയുള്ളൂ. ആ മനുഷ്യൻ ദുരഭിമാനിയായിരുന്നു. ചന്ദ്രബാബുവിന്റെ കൊലക്കേസ് തന്നെ ദുരഭിമാനക്കൊലയായിരുന്നല്ലോ. ഇനിയീ വയസ്സുകാലത്ത് കൊലക്കേസ് പ്രതിയാകാനും ജയിലിൽ കിടക്കാനും ബാലമ്മാമേടെ അഭിമാനം സമ്മതിച്ചില്ല. പിന്നെ അതേപ്പറ്റി ഓർത്ത് നമ്മൾ വിഷമിക്കേണ്ട ആവശ്യമില്ല. കർമഫലം എന്നൊന്ന് ഉണ്ടല്ലോ. ഞാനിപ്പോ അല്ലീടെ വീട്ടിലൊന്നു പോയിട്ടുവരാം. നീ കാറിറക്കി നിർത്തിക്കോ."

സന്ദീപ് സുധാകരൻ നായരുടെ വീട്ടിൽനിന്ന് ഇറങ്ങി. അഞ്ചാം നമ്പർ റിങ് റോഡിലേക്കു പ്രവേശിച്ച് എതിർവശത്ത് മൂന്നാമത്തെ വില്ലയ്ക്കുനേരെ നടന്നു. രാജഗോപാൽ ഓഫീസിൽ പോകാനൊരുങ്ങി സിറ്റൗട്ടിൽ നിൽപുണ്ടായിരുന്നു. വാതിൽക്കൽ അല്ലിമയും.

"വാ..." രാജഗോപാൽ സന്ദീപിനെ ഹാളിലേക്ക് ആനയിച്ചു.

"ഞാൻ കാണണമെന്നു പറഞ്ഞത് - ഇതുവരെ അറസ്റ്റ് ഒന്നും റിപ്പോർട്ട് ചെയ്തു കണ്ടില്ല. എന്നുവെച്ചാ ഇന്നലെയും ആരെയും അറസ്റ്റ് ചെയ്തിട്ടില്ല! ചന്ദ്രബാബുവിന്റെ മരണം കൊലപാതകമാണെന്ന് ഉറപ്പായി. കൊലചെയ്തത് ആരൊക്കെയാണെന്നു വ്യക്തമായി. ഇനി നമുക്കവിടെ എന്തെങ്കിലും ചെയ്യാനുണ്ടോ - ഇല്ലല്ലോ. ഇനി പോലീസിനും കോടതിക്കും മാത്രമല്ലേയുള്ളൂ അവിടെ കാര്യം."

"അങ്കിൾ എന്താ ഉദ്ദേശിക്കുന്നെ?"

"നമ്മൾ ഇനി ഒരു കാര്യത്തിലും തലയിടാൻ പോകണ്ടെന്നു തന്നെ. എല്ലാം ചൂണ്ടിക്കാണിച്ചുകൊടുത്തില്ലേ. ഇതിൽ കൂടുതലെന്താണ്?"

"അങ്കിൾ പറഞ്ഞത് ശരിയാ. ചന്ദ്രബാബു കൊലക്കേസ് ഇനി പോലീസും കോടതീംകൂടി നോക്കിക്കൊള്ളും. പക്ഷേ, ഒരാളേ കൂടി കണ്ടുകിട്ടാനൊണ്ടല്ലോ അങ്കിളേ."

"ഇനി ആരെ?"

"മാളവിക എന്നൊരു സ്ത്രീയൊണ്ടായിരുന്നല്ലോ. അല്ലിയെ പ്രസവിച്ച അമ്മ."

"അതും ഇതുപോലൊക്കെയായിരിക്കും. എവിടെങ്കിലും കുഴിച്ചുമൂടീട്ടുണ്ടാവും. നമ്മൾ ഇനി അതിന്റെ പിന്നാലെ പോകണോ. എന്തുകിട്ടാൻ വേണ്ടിയാ? ഒരു സ്കെലിറ്റനും കൂടി കിട്ടിയേക്കാം. അതിനു വേണ്ടിയാണോ?"

"അങ്കിളെന്താ ഇത്രേം അപ്സെറ്റാകുന്നെ?"

"സീ സന്ദീപ് നമുക്കെന്താ വേണ്ടിയിരുന്നത്. അതു കിട്ടിയില്ലേ? അല്ലിയുടെ ഡേറ്റോഫ് ബർത്ത്. ഫാമിലി ബാക്ക്ഗ്രൗണ്ട്സ്. അച്ഛനും അമ്മയും ആര്? ഇപ്പോ ആകക്കൂടി എല്ലാം കലങ്ങി മറിഞ്ഞപോലെ തോന്നുന്നു. ശാന്തതയില്ല."

"അല്ലിയുടെ അമ്മ ജീവിച്ചിരിപ്പുണ്ടെങ്കിലോ. അതറിയണ്ടേ. കണ്ടുപിടിക്കണ്ടേ." സന്ദീപ് ചോദിച്ചു.


"യാതൊരു സാധ്യതേം ഇല്ല." രാജഗോപാൽ പ്രതീക്ഷയില്ലാതെ പറഞ്ഞു.

"ഒണ്ടെങ്കിലോ?"

"എങ്ങനെ കണ്ടുപിടിക്കും?" സന്ദീപ് മറുപടി പറയാതെ അല്ലിമയെ നോക്കി.

"വേണ്ടേ?" അവൻ ചോദിച്ചു. "വിളിച്ചോണ്ടുവരാനോ, കൂടെ കൂട്ടാനോ, മകളാണെന്ന് വെളിപ്പെടുത്താനോ അല്ല. ഒന്നു കാണണ്ടേ."

"ജീവിച്ചിരിപ്പുണ്ടെങ്കി ഒന്നു കാണണംന്നുണ്ട്." അല്ലിമ പറഞ്ഞു.



"ആ സ്നേഹം കിട്ടാൻ വേണ്ടിയല്ല. ആ കൂടെ ജീവിക്കാൻ വേണ്ടിയല്ല. ഞാനുണ്ടെന്നറിഞ്ഞാ ആ ജീവിതം തകർന്നു പോകുമെങ്കിൽ നേരിട്ട് കാണുകപോലും വേണ്ട. ഒളിഞ്ഞ് കണ്ടാലും മതി."

"നീ ഒരിക്കലും ഇങ്ങനൊരു ആഗ്രഹം പറഞ്ഞിട്ടില്ലല്ലോ മോളെ?"

"എനിക്കറിയില്ലാരുന്നല്ലോ അച്ഛാ അവരു രണ്ടുപേരും ഇത്രയധികം സഹിക്കേം വേദനിക്കേം ചെയ്തിട്ടൊണ്ടെന്ന്. എന്നെ വേണ്ടാഞ്ഞിട്ട് ഉപേക്ഷിച്ചതാണെങ്കി എനിക്കൊരിക്കലും കാണാൻ തോന്നില്ലാരുന്നു. ഇതങ്ങനെയല്ലല്ലോ അച്ഛാ..."

"ഉം..." രാജഗോപാൽ പാതി മനസ്സോടെ മൂളി. എന്നിട്ട് സന്ദീപിനോടു പറഞ്ഞു: "കല്ലാറ്റുപടിക്കൽകാരും അവരുടെ ചാർച്ചക്കാരും നിസ്സാരന്മാരല്ലെന്ന് അറിയാല്ലോ. അടി കിട്ടിയാ അതിന്റെ പത്തിരട്ടി തിരിച്ചടിക്കുന്നോരാണെന്നു മനസ്സിലായില്ലേ... സൂക്ഷിച്ചാൽ നല്ലത്. ഒറ്റയ്ക്കാണോ മണിമലയ്ക്കു പോകുന്നെ?"

"കിച്ചുവൊണ്ടു കൂടെ. പിന്നെ അനിയേട്ടനൊണ്ട്. അതു മാത്രമല്ലങ്കിളേ. അവിടെ ഒരു വലിയ ദുരന്തം ഒണ്ടായിക്കഴിഞ്ഞു. ബാലമ്മാമ തന്നെത്താൻ വെടിവെച്ച് മരിച്ചു."

രാജഗോപാലും അല്ലിമയും അന്ധാളിച്ച് സന്ദീപിനെ നോക്കി.

"സത്യമാ പറഞ്ഞത്. ഇപ്പോ ടിവി ന്യൂസ് വെച്ചു നോക്കിയാ ബ്രേക്കിങ് ന്യൂസ് വരുന്നുണ്ടാവും. രാവിലെ പോലീസ് അറസ്റ്റ് ചെയ്യാൻ വീട്ടിൽ ചെന്നപ്പോ മുറിയിൽ കയറി വാതിലടച്ച് ചെയ്തതാണത്രേ..."

"അങ്ങോട്ടാണോ സന്ദീപ് പോകുന്നെ? അത് അപകടമല്ലേ. അവിടെ വല്യ ആൾക്കൂട്ടവും ബഹളവുമൊക്കെയായിരിക്കും. അവരുടെ ബന്ധുക്കളും മിത്രങ്ങളും പരിചാരകരും നാട്ടുകാരുമൊക്കെ ഇനി ആ പക്ഷം ചേർന്നല്ലേ നിൽക്കൂ. സന്ദീപാണ് ഇതിന്റെയെല്ലാം പുറകിലെന്ന് അറിയാത്ത ആരുണ്ട്. അവരുടെ മുന്നിൽ ചെന്നുപെട്ടാൽ ഏതെങ്കിലും ഒരുത്തൻ കൈവെച്ചാൽ മതി – പിന്നെ നിനക്കു രക്ഷപ്പെടാൻ പറ്റില്ല."

രാജഗോപാൽ മുന്നറിയിപ്പ് നൽകി.

"ഞാൻ മണിമലയ്ക്കു പോകുന്നില്ല അങ്കിൾ. കാഞ്ഞിരപ്പള്ളി വരെയേ ഉള്ളൂ."

"കാഞ്ഞിരപ്പള്ളിയിൽ എന്താണ്?"

"അല്ലിയുടെ അമ്മയുടെ ചില വിവരങ്ങൾ കളക്ട് ചെയ്യണം. അവർ ജീവിച്ചിരിപ്പുണ്ടോ എന്ന് ഉറപ്പാക്കണം."

"പക്ഷേ നിനക്ക് വീട്ടിൽ പോകണ്ടേ. ബാലകൃഷ്ണമേനോൻ സന്ദീപിന്റെ അച്ഛന്റെ അമ്മാവനല്ലേ. അവർക്ക് എന്തായാലും മണിമലയ്ക്കു പോയല്ലേ പറ്റൂ. സന്ദീപ് അവിടെ ചെല്ലാത്ത സാഹചര്യം അവരെ ബോധ്യപ്പെടുത്തണ്ടേ?"

"വീട്ടിൽ ഞാൻ വിവരം അറിയിച്ചു കഴിഞ്ഞു. ഇപ്പോ എന്തായാലും കാഞ്ഞിരപ്പള്ളിക്കു പോവുകയാ. ബാക്കി അവിടെച്ചെന്നിട്ട് ആലോചിക്കാം. ഞാനിറങ്ങട്ടെ..."

അത്ര തൃപ്തിയില്ലാതെ രാജഗോപാൽ തലയാട്ടി.

സന്ദീപ് അല്ലിമയെ നോക്കി.

അവളുടെ കണ്ണുകളിൽ ആശങ്കയും മുഖത്ത് സമ്മതവും പ്രകടമായി.

"അവിടെ ചെന്നിട്ടു വിളിക്കാം."

സന്ദീപ് യാത്രപറഞ്ഞ് ഇറങ്ങി.

*** *** ***

കല്ലാറ്റുപടിക്കൽ തറവാടിന്റെ മുറ്റവും തൊടിയും വളപ്പും നിറഞ്ഞ് ആളുകൾ ഗേറ്റിനു വെളിയിൽ റബർ തോട്ടത്തിൽ തിങ്ങിക്കൂടിത്തിക്കിത്തിരക്കി. പോലീസ് ഇൻക്വസ്റ്റ് തയാറാക്കുന്നതേയുള്ളൂ. മാങ്ങോട്ടുശേരിയിൽനിന്ന് മല്ലികയും അഞ്ജനയും ഉണ്ണിമായയും ഉണ്ണിയും എത്തിച്ചേർന്നുവെങ്കിലും അവരെ വീട്ടിനുള്ളിലേക്കു കടത്താതെ പോലീസ് മുൻവാതിലിൽ കാവൽ നിന്നു. പോലീസ് കസ്റ്റഡിയിൽ എടുത്തിരുന്ന ജഗന്നാഥക്കുറുപ്പ് ഉൾപ്പെടെയുള്ള പ്രതികളെ പോലീസ് ക്യാംപിലേക്കു നീക്കിയിരുന്നു. പോസ്റ്റ്മോർട്ടത്തിനായി മൃതദേഹം കൊണ്ടുപോകാനുള്ള ആംബുലൻസ് സൈറൺ മുഴക്കി വന്നുനിന്നു. അതിനുള്ളിൽനിന്നു രണ്ട് അറ്റൻഡർമാർ പുറത്തിറങ്ങി സ്ട്രെച്ചർ പുറത്തേക്ക് എടുത്ത് അതുമായി വീടിനുള്ളിലേക്കു കയറിപ്പോയി.

ഡിവൈഎസ്പി ജോർജ് ജോസഫ് കുളത്തിങ്കലും സിഐയും അവരുടെ പിന്നാലെ ചെന്നു. മുറിയിൽ എഫ്ഐആർ തയാറാക്കിക്കൊണ്ടിരുന്ന പോലീസുകാർ ആ ജോലി മിക്കവാറും പൂർത്തിയാക്കിക്കഴിഞ്ഞു.

"ഇനി എന്തെങ്കിലും ബാക്കിയുണ്ടോ?"

ജോർജ് ജോസഫ് മണിമല എസ്ഐയോട് ചോദിച്ചു.

"രണ്ടോ മൂന്നോ ഫോട്ടോ കൂടി എടുത്താ മതി സർ..." ഫോട്ടോഗ്രാഫർ മുറിയിൽത്തന്നെ നിൽപുണ്ടായിരുന്നു.

"അതെല്ലാം ആദ്യം തന്നെ ചെയ്യണ്ടേ?"

"ആവശ്യത്തിന് എടുത്തു കഴിഞ്ഞു. എന്നാലും ഒരു കരുതലിന്..." ഫോട്ടോഗ്രാഫർ സൗകര്യപ്രദമായ ആംഗിളുകളിൽ വേഗം തന്നെ പടമെടുത്തു.

ബാലകൃഷ്ണമേനോൻ ആത്മഹത്യ ചെയ്യുംമുൻപ് രണ്ടു തലയണകളിൽ തല ഉയർത്തിവെച്ച് നീണ്ടുനിവർന്നാണു കിടന്നിരുന്നതെന്ന് ആർക്കും മനസ്സിലാകും വിധമാണ് മൃതദേഹം കാണപ്പെട്ടത്. ഇടതു ചെവിക്കുതാഴെ താടിയെല്ലിനു കീഴിലായിരുന്നു മുറിവ്.

ബാലകൃഷ്ണമേനോന്റെ മൃതദേഹം അറ്റൻഡർമാർ താങ്ങിയെടുത്ത് സ്ട്രെച്ചറിൽ കിടത്തി. സ്ട്രെച്ചർ വീടിന്റെ മുൻവാതിലിനു നേർക്ക് ഉരുണ്ടു.

*** *** ***

ഹാളിലിരുന്ന് ടിവിയിലെ വാർത്ത കാണുകയായിരുന്നു അല്ലിമ. വിന്ദാരയും വിശാഖും സ്കൂളിൽ പോയി. ശ്രീലക്ഷ്മി മകൾക്ക് കൂട്ടിരിക്കാനായി ലീവെടുത്തു. അല്ലിമ വീട്ടിൽ തനിച്ചാകാതിരിക്കാൻ ശ്രീലക്ഷ്മിയും രാജഗോപാലും ജാഗ്രത പുലർത്തിയിരുന്നു. എപ്പോഴാണ്, ഏതു വിധത്തിലുള്ള ആക്രമണമാണ് ഉണ്ടാകുകയെന്നറിഞ്ഞുകൂടാ. ശ്രീലക്ഷ്മിയുടെ ദുഃസ്വപ്നങ്ങളിൽ ഗ്രനേഡുകൾ പൊട്ടുകയും ഉഗ്രവിഷമുള്ള സർപ്പങ്ങൾ ഫണംവിടർത്തി വിഷം ചീറ്റുകയും തോക്കുമായി മുഖംമൂടികൾ വീടിനു ചുറ്റും പതുങ്ങി നടക്കുകയും ചെയ്തു.

എത്ര ശക്തിയായി പൂട്ടിയിരുന്നാലും ശരി ഏതു വാതിലാണു ഓർക്കാപ്പുറത്ത് തകർന്നു വീഴുകയെന്നു നിശ്ചയമില്ലാത്ത ഒരവസ്ഥ തങ്ങളുടെ വീടിന്റെ ചുറ്റും നിലനിൽക്കുന്നുവെന്ന് അവർ രണ്ടുപേരും ഭയന്നു.

"നീ എന്തിനാ ഇതൊക്കെ കാണുന്നെ... ഇത് കാണുമ്പോ എന്തെങ്കിലും തൃപ്തിയോ മനസ്സമാധാനമോ കിട്ടുന്നുണ്ടോ?" ശ്രീലക്ഷ്മി അല്ലിമയോടു ചോദിച്ചു. ടിവിയിൽ ഇപ്പോഴും ബ്രേക്കിങ് ന്യൂസാണ് ബാലകൃഷ്ണമേനോന്റെ ആത്മഹത്യ.

വെടിയേറ്റ് മരിച്ചുകിടക്കുന്ന ചിത്രം – വീടിന്റെ ചിത്രം –

പോലീസുകാരുടെ നീക്കങ്ങളും നിർദേശങ്ങളും. വീടിന്റെ മുറ്റത്തും തൊടിയിലും തോട്ടത്തിലും തിക്കിത്തിരക്കുന്ന ജനസഞ്ചയം. ആംബുലൻസ് വരുന്നു. സ്ട്രെച്ചറിൽ മൃതദേഹം പുറത്തേക്കു കൊണ്ടുവരുന്നു. ബന്ധുക്കൾ സ്ട്രെച്ചറിനരികെ വന്ന് മൃതദേഹത്തിലേക്കു നോക്കി വിതുമ്പുന്നു. അവരിൽ പലരെയും അല്ലിമ തിരിച്ചറിഞ്ഞു. തന്റെയുംകൂടി ബന്ധുക്കളാണത്.

അതൊക്കെ ഓർത്തപ്പോൾ മനുഷ്യബന്ധങ്ങളുടെ അതിരുകളെപ്പറ്റിയും അതിന്റെ ശക്തിദൗർബല്യങ്ങളെപ്പറ്റിയും അവൾക്കു പരിഹാസം തോന്നി.

അടുത്ത ബ്രേക്കിങ് ന്യൂസും ടിവി സ്ക്രീനിൽ പ്രത്യക്ഷപ്പെട്ടു.

ചന്ദ്രബാബു കൊലക്കേസിലെ പ്രതികളായ ഹേമചന്ദ്രനും ഹരീന്ദ്രനും പോലീസിനു കീഴടങ്ങി എന്നതായിരുന്നു അത്. ഒളിവിൽ പോയിരുന്ന രണ്ടുപേരും ബാലകൃഷ്ണമേനോൻ ആത്മഹത്യ ചെയ്ത വിവരം അറിഞ്ഞതോടെ മണിമലയിൽ എത്തുകയും പോലീസിനു മുൻപിൽ കീഴടങ്ങുകയുമാണു ചെയ്തത്. പിന്നെ അവരുടെ ചിത്രങ്ങൾ! കല്ലാറ്റുപടിക്കൽ തറവാടിന്റെ ചിത്രം. അവിടേക്ക് എത്തിച്ചേരുന്ന ബന്ധുജനങ്ങൾ. ഒരുവേള അവൾ സന്ദീപിന്റെ അച്ഛനെയും അമ്മയെയും കണ്ടു. അവർ രണ്ടുപേരും കാറിൽനിന്ന് ഇറങ്ങുന്ന ദൃശ്യം. അല്ലിമ മുഖംതിരിച്ച് ശ്രീലക്ഷ്മിയെ നോക്കി.

"സന്ദീപിന്റെ ഫാദറും മദറുമല്ലേ അത്?" ശ്രീലക്ഷ്മി ചോദിച്ചു.

"അതെ!" അല്ലിമ പറഞ്ഞു.

"അവരൊക്കെ എന്തിന്?"

"അമ്മേ, അവരുടെ ക്ലോസ് റിലേറ്റീവ് അല്ലേ മരിച്ചുപോയ ആൾ. അവര് ബാലമ്മാമേന്നല്ലേ വിളിക്കാറ്. സ്വന്തം അമ്മാവൻ! ഇങ്ങനല്ലായിരുന്നെങ്കി ഞാനും സന്ദുവേട്ടന്റൊപ്പം അവിടെ ചെല്ലേണ്ടതാ..."

(ശേഷം 30-ാം പേജിൽ)

# ജപ്തി തടയാൻ കളക്ടർമാർക്ക് അധികാരം

തിരുവനന്തപുരം: വായ്പ കുടിശിക തുകയേക്കാൾ മൂല്യം കൂടുതലുള്ള ഭൂമിയിലെ ജപ്തി തടയാൻ ജില്ലാ കളക്ടർമാർക്ക് അധികാരം നല്കുന്ന നിയമഭേദഗതി കേരളത്തിൽ നിലവിൽ വന്നു. ജപ്തി ചെയ്യുന്ന ഭൂമിയിലെയും അതിലെ കെട്ടിടങ്ങളുടെയും മൂല്യം വായ്പാ കുടിശിക തുകയേക്കാൾ കൂടുതലാണെങ്കിൽ വസ്തുവിന്റെ ഒരു ഭാഗത്തു മാത്രമായി ജപ്തി പരിമിതപ്പെടുത്താൻ കളക്ടർക്ക് കഴിയും. പ്രദേശത്തെ ഭൂമിയുടെ ന്യായവിലയുടെയും പൊതുമരാമത്ത് വകുപ്പ് കണക്കാക്കിയിട്ടുള്ള കെട്ടിടങ്ങളുടെയും മറ്റുള്ളവയുടെയും മൂല്യം കണക്കാക്കിയാണ് നടപടി. ജപ്തിയിൽ ഇടപെടുന്നതിനായി കുടിശികക്കാരൻ ജില്ലാ കളക്ടർക്ക് നല്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിലാകും നടപടി. ഇതോടെ വായ്പയ്ക്ക് ഈടായി വെച്ച മുഴുവൻ ഭൂമിയും കെട്ടിടവും ജപ്തി ചെയ്യാൻ ബാങ്കുകൾക്കും ധനകാര്യ സ്ഥാപനങ്ങൾക്കും കഴിയില്ല.

നിയമസഭ പാസാക്കിയ കേരള റവന്യൂ റിക്കവറി ഭേദഗതി ആക്ട് ഗവർണർ അംഗീകരിച്ചതോടെയാണ് ഇത് നിലവിൽ വന്നത്. നിയമത്തിന് ആവശ്യമായ ചട്ടങ്ങൾ ഉൾപ്പെടുത്തിയാണ് ഗവർണറുടെ അനുമതിക്കായി സമർപ്പിച്ചത്.

ജപ്തിയുടെ ഭാഗമായി സർക്കാർ ഏറ്റെടുക്കുന്ന ഭൂമി (ബോട്ട് ഇൻ ലാൻഡ്) കുടിശികക്കാരനു തുക അടച്ചു തിരികെ എടുക്കാൻ അഞ്ചു വർഷം വരെ സാവകാശം നല്കാനും നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നു. പ്രോസസിംഗ് ചാർജും പലിശയും നികുതി കുടിശികയും ഉൾപ്പെടെയുള്ള സാമ്പത്തിക ബാദ്ധ്യതകൾ തീർത്താൽ ജില്ലാ കളക്ടറാണ് ഭൂമി തിരികെ അനുവദിക്കുക. കുടിശിക അടച്ചു ഭൂമി തിരികെ വാങ്ങാനുള്ള നടപടികൾക്ക് ജില്ലാ കളക്ടറുടെ മുൻകൂർ അനുമതി തേടുകയും വേണം.

അഞ്ചു വർഷത്തിനുശേഷം ഇതിനായി ലഭിക്കുന്ന അപേക്ഷ സ്വീകരിക്കേണ്ടതില്ലെന്നും ഗവർണറുടെ അനുമതിയോടെ സർക്കാർ വിജ്ഞാപനം ചെയ്ത ആക്ട് ഭേദഗതിയിൽ പറയുന്നു. ബോട്ട് ഇൻ ലാൻഡ് ആയി സർക്കാരോ സർക്കാർ സ്ഥാപനങ്ങളോ കൈവശം വെക്കുന്ന ഭൂമി അഞ്ചു വർഷത്തിനുശേഷം മാത്രമേ മറ്റു പൊതു ആവശ്യത്തിന് ഉപയോഗിക്കാവൂ എന്ന് നിയമത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ജപ്തിയിലേക്ക് കടക്കും മുമ്പ് കുടിശിക ഗഡുക്കളായി അടയ്ക്കാൻ കുടിശികക്കാരന് അവസരം നല്കേണ്ടതുണ്ട്. കുടിശിക തുകയ്ക്ക് മോറട്ടോറിയം അനുവദിക്കാൻ സർക്കാരിന് അധികാരം നല്കുന്ന വ്യവസ്ഥകളും പുതിയ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## റെയിൽവേ ഭേദഗതിബിൽ ലോക്സഭയിൽ അവതരിപ്പിച്ചു

ന്യൂഡൽഹി: റെയിൽവേ ബോർഡിന് കൂടുതൽ സ്വയംഭരണാധികാരവും പ്രവർത്തനസ്വാതന്ത്ര്യവും ഉറപ്പുവരുത്തുന്ന റെയിൽവേ ഭേദഗതി ബിൽ മന്ത്രി അശ്വിനി വൈഷ്ണവ് ആഗസ്റ്റ് ഒൻപതിന് ലോക്സഭയിൽ അവതരിപ്പിച്ചു. 1905-ലെ റെയിൽവേ ബോർഡ് നിയമവും 1989-ലെ റെയിൽവേ നിയമവും സംയോജിപ്പിച്ച് ഒറ്റ നിയമമാക്കുന്നതാണ് ബിൽ. ഇതിലൂടെ റെയിൽവേ സംബന്ധമായ നിയമങ്ങൾ കൂടുതൽ ലഘൂകരിക്കപ്പെടുമെന്ന് മന്ത്രി വൈഷ്ണവ് വ്യക്തമാക്കി. രണ്ടു നിയമങ്ങൾ വിലയിരുത്തി തീരുമാനമെടുക്കേണ്ട സാഹചര്യം ഇതോടെ ഒഴിവായി.

പുതിയ ബില്ലിലൂടെ കേന്ദ്രസർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ നിരുപാധികമോ വ്യവസ്ഥകൾക്ക് വിധേയമായോ കേന്ദ്രസർക്കാരിന് റെയിൽവേ ബോർഡിലേക്ക് കൈമാറാവുന്നതാണ്. ബോർഡിൽ നിക്ഷിപ്തമായ അധികാരങ്ങളും ചുമതലകളും സംബന്ധിച്ച ആശയവിനിമയങ്ങൾ സെക്രട്ടറി വഴിയാകണമെന്നും ബിൽ നിർദേശിക്കുന്നു.

സ്വാതന്ത്ര്യപൂർവ ഇന്ത്യയിൽ തുടക്കകാലത്ത് പൊതുമരാമത്ത് വകുപ്പിന്റെ ഒരു ശാഖയായിട്ടായിരുന്നു റെയിൽവേ ശൃംഖല പ്രവർത്തിച്ചിരുന്നത്. റെയിൽവേ ശൃംഖല വിപുലീകരിച്ചപ്പോൾ 1890-ൽ ഇന്ത്യൻ റെയിൽവേ നിയമം കൊണ്ടുവന്നു. അപ്പോഴും പൊതുമരാമത്ത് വകുപ്പിൽനിന്ന് റെയിൽവേയെ വേർപെടുത്തിയിരുന്നില്ല. അത് വേർപെടുത്തുന്നതിന്റെ ഭാഗമായി റെയിൽവേ ബോർഡ് നിലവിൽ വന്നു. 1905-ൽ ഇതിനായി റെയിൽവേ ബോർഡ് നിയമവും കൊണ്ടുവന്നു. കൊളോണിയൽ കാലത്തെ ഇന്ത്യൻ റെയിൽവേ നിയമം റദ്ദാക്കി 1989-ൽ പുതിയ റെയിൽവേ നിയമവും കേന്ദ്രസർക്കാർ പാസാക്കി. അപ്പോഴും റെയിൽവേ ബോർഡ് നിയമം പ്രത്യേകം നിലനിന്നു. ഇപ്പോൾ ഇവ രണ്ടും സംയോജിപ്പിച്ചാണ് റെയിൽവേ ബോർഡിന് കൂടുതൽ സ്റ്റാറ്റ്യൂട്ടറി അധികാരം നൽകുന്ന ഭേദഗതി ബിൽ കൊണ്ടുവന്നിരിക്കുന്നത്. റെയിലപകടങ്ങൾ കുറയ്ക്കുന്നതിനായി ഒന്നും ചെയ്യാതെ റെയിൽവേ ബോർഡിന് കൂടുതൽ അധികാരം നൽകിയതുകൊണ്ട് കാര്യമില്ലെന്ന് തൃണമൂൽ അംഗം സൗഗത് റോയ് ക്രമപ്രശ്നമുന്നയിച്ചു. സൗഗത് റോയ് കാര്യമറിയാതെ സംസാരിക്കുകയാണെന്ന് റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് മറുപടി നൽകി.

## അർജുന്റെ ഭാര്യക്ക് സഹകരണബാങ്കിൽ ജോലി നല്കി

കോഴിക്കോട്: കർണാടകത്തിലെ ഷിരൂരിൽ റോഡിൽ മണ്ണിടിഞ്ഞ് വീണ് കാണാതായ കോഴിക്കോട് കണ്ണാടിക്കൽ സ്വദേശി അർജുന്റെ ഭാര്യ കൃഷ്ണപ്രിയയ്ക്ക് സഹകരണ ബാങ്കിൽ ജോലി നല്കി.

വേങ്ങേരി സർവീസ് സഹകരണ ബാങ്കിൽ ജൂണിയർ ക്ലാർക്ക് തസ്തികയിൽ നിയമനം നല്കാനുള്ള തീരുമാനം ബാങ്ക് അധികൃതർ അർജുന്റെ വീട്ടിലെത്തി കുടുംബത്തെ ധരിപ്പിച്ചു. ഇപ്പോൾ താല്ക്കാലികമായാണ് നിയമനം. പിന്നീട് സർക്കാർ ചട്ടങ്ങൾ അനുസരിച്ച് സർവീസിൽ സ്ഥിരപ്പെടുത്തും. അർജുന്റെ കുടുംബത്തിന് ആശ്വാസമെന്ന നിലയിലാണ് ജോലി നല്കിയത്.



ഇതിനിടെ അർജുന്റെ കുടുംബം നല്കിയ നിവേദനത്തിനു മുഖ്യമന്ത്രി പിണറായി വിജയൻ രേഖാമൂലം മറുപടി നല്കി. ജില്ലാ കളക്ടർ സ്നേഹിൽ കുമാർ സിംഗ് വീട്ടിലെത്തിയാണ് മുഖ്യമന്ത്രിയുടെ മറുപടി കൈമാറിയത്.

കോടതി നിർദേശത്തെ തുടർന്ന് തെരച്ചിൽ പുനരാരംഭിക്കുന്നതുമായി ബന്ധപ്പെട്ട് കർണാടക സർക്കാർ അറിയിപ്പൊന്നും നല്കിയിട്ടില്ലെന്നും സർക്കാർ എല്ലാവിധ സഹായങ്ങളും ഉറപ്പുവരുത്തിയിട്ടുണ്ടെന്നും കത്തിൽ പറയുന്നു. അർജുനെ കണ്ടെത്താൻ സംസ്ഥാന സർക്കാരിനു ചെയ്യാൻ കഴിയുന്ന എല്ലാക്കാര്യവും ചെയ്യും. സംസ്ഥാനസർക്കാർ ഇതുവരെ സ്വീകരിച്ച നടപടികൾ ഔദ്യോഗിക രേഖയായാണ് കളക്ടർ കുടുംബത്തിന് കൈമാറിയത്.

തെരച്ചിൽ അവസാനിപ്പിച്ചിട്ടില്ലെന്നും മോശം കാലാവസ്ഥ കാരണം താല്ക്കാലികമായി നിർത്തിവെച്ചതാണെന്നുമാണ് കർണാടക സർക്കാർ കോടതിയെ അറിയിച്ചത്. എന്നാൽ, ദൗത്യം തുടരാൻ ചീഫ് ജസ്റ്റിസ് അദ്ധ്യക്ഷനായ ബെഞ്ച് നിർദേശം നല്കുകയായിരുന്നു.

## നോവൽ

(29-ാം പേജിൽ നിന്നും)

"ഇതൊന്നും വേണ്ടീരുന്നില്ല. ആർക്കെങ്കിലും എന്തെങ്കിലും കിട്ടിയോ. നഷ്ടമല്ലാതെ എന്തെങ്കിലും ബാക്കിയുണ്ടോ?" ശ്രീലക്ഷ്മി ആവലാതിപ്പെട്ടു.

"ഞാനിത് എന്നോടുതന്നെ പറഞ്ഞോണ്ടിരിക്ക്യാരുന്നു."

"സന്ദീപിനോടു നീ പറയണം, ഇനി ഒന്നിനും പോകണ്ടെന്ന്. ഇതുകൊണ്ട് അവസാനിപ്പിച്ചേക്കണമെന്ന്."

അല്ലിമ എന്തെങ്കിലും മറുപടി പറയുംമുൻപേ ഫോൺ ശബ്ദിച്ചു. അവൾ ഡിസ്പ്ലേ നോക്കി. സന്ദീപിന്റെ കോൾ.

"ഹലോ സന്ദുവേട്ടാ... എവിടെയാ?"

"ഞാൻ കാഞ്ഞിരപ്പള്ളീലെത്തി."

"എന്നിട്ടെവിടെയാ മണിമലയ്ക്കു പോയില്ലല്ലോ?"

"ഇല്ല..."

"പോകണ്ട-ട്ടോ..."

"ഞാനിവിടുത്തെ സബ് റജിസ്ട്രാർ ഓഫീസിൽ ഒരു തെരച്ചിൽ അപേക്ഷ കൊടുത്തിരുന്നു."

"കാഞ്ഞിരപ്പള്ളീലോ എന്തിന്?"

"ഒരു ക്ലൂ കിട്ടി- അതുവെച്ച് സേർച്ച് ചെയ്തതാണ്. മാളവിക- അല്ലിയുടെ അമ്മ പോണ്ടിച്ചേരിയിൽ ഉണ്ടായിരുന്നത് നയന്റിസിക്സ് നവംബർ-ഡിസംബറിലല്ലേ. അതിനുശേഷം മാളവിക ഒരു ഡീഡ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്താ അതിനർത്ഥം?"

അല്ലിമയ്ക്ക് അതു കേട്ടിട്ട് ഒന്നും മനസ്സിലായില്ല.

(തുടരും)

## ഫോമായ്ക്ക് പുതിയ സാരഥികൾ

(3-ാം പേജിൽനിന്നും)

ബിനൂബ് ശ്രീധരൻ 87 വോട്ടും, വൈസ് പ്രസിഡന്റായി വിജയിച്ച ഷാലു പുന്നൂസിന് 391 വോട്ടും സണ്ണി കല്ലൂപ്പാറയ്ക്ക് 123 വോട്ടും, ജോയിന്റ് സെക്രട്ടറിയായി വിജയിച്ച പോൾ പി. ജോസിന് 410 വോട്ടും, പ്രിൻസ് മാത്യു നെച്ചിക്കാട്ടിന് 104 വോട്ടും, ജോ. ട്രഷററായി വിജയിച്ച അനുപമ കൃഷ്ണന് 336 വോട്ടും അമ്പിളി സജിമോന് 178 വോട്ടും ലഭിച്ചതായി തെരഞ്ഞെടുപ്പ് കമ്മീഷൻ ചെയർമാൻ ബേബി ഊരാളിൽ കേരളാ എക്സ്പ്രസിനോട് പറഞ്ഞു.

ഫോമയുടെ ആദ്യ കൺവൻഷൻ ചെയർമാൻ, കെസിസിഎൻഎ മുൻ പ്രസിഡന്റ്, ഹൂസ്റ്റൺ മലയാളി അസോസിയേഷൻ മുൻ പ്രസിഡന്റ്, രണ്ടുതവണ ഫോമ സതേൺ റീജിയണൽ വൈസ് പ്രസിഡന്റ്, ഹൂസ്റ്റൺ ക്നാനായ കാത്തലിക് സൊസൈറ്റിയുടെ പ്രസിഡന്റ്, ക്നാനായ റിട്ടയർമെന്റ് കമ്മ്യൂണിറ്റി സ്ഥാപകാംഗം തുടങ്ങി നിരവധി മേഖലകളിൽ തിളങ്ങിയ വ്യക്തിത്വമാണ് ബേബി മണക്കുന്നേലിന്റേത്. കേരളത്തിൽ അദ്ധ്യാപകനായിരുന്ന അദ്ദേഹം സാമൂഹിക രാഷ്ട്രീയ രംഗങ്ങളിൽ സജീവമായിരുന്നു. അമേരിക്കയിൽ വന്ന ശേഷം സ്വന്തം ബിസിനസ് ലോകം കെട്ടിപ്പടുത്തു. പതിനഞ്ച് വർഷങ്ങൾക്ക് മുൻപ് ഫോമാ ഹൂസ്റ്റണിലാണ് പിറന്നത്. പതിനഞ്ച് വർഷത്തിന് ശേഷം വീണ്ടും ഹൂസ്റ്റണിൽ കൺവൻഷൻ വരുമ്പോൾ ഫോമായുടെ ആദ്യ കൺവൻഷൻ ചെയർമാനായ ബേബി മണക്കുന്നേൽ ഫോമായുടെ 9-ാമത്തെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട്, ഹൂസ്റ്റണിലേക്ക് കൺവൻഷൻ എത്തിക്കുന്നതും ചരിത്ര നിയോഗം തന്നെയാണ്.

SUBSCRIPTION FORM

I.D. # ______ Date ______ Expiration Date ______
Name ______
Address ______
City ______ State ______ Zip ______
Phone: ______ Email: ______
Signature: ______

❑ Enclosing $ 200.00 for five years.
❑ Enclosing my subscription of $ 54.00 for one year.
❑ Enclosing my subscription of $99.00 for two years.
❑ Please don't send newspaper to my address.

Take Advantage Of Our New Low Rates
Yearly $ 54 00 | 2 Years $ 99 00 | 5 Years $ 200 00

Payment Method ❑ Cheque Cheque # ______
❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ______
CARD ACCOUNT NUMBER
SEC. CODE:
Please make the Cheque payable to
KERALA EXPRESS
3425 CLEVELAND ST, SKOKIE, ILLINOIS 60076
630 728 7956 FAX : 773 304 1917
Subscription fee non-refundable

VISA MasterCard DISCOVER


TRISTATE KERALA FORUM PHILADELPHIA
ട്രൈസ്റ്റേറ്റ് കേരളാ ഫോറം
TRISTATE KERALA FORUM ONAM '24
ട്രൈസ്റ്റേറ്റിലെ എല്ലാ മലയാളികളെയും പങ്കെടുപ്പിച്ചുകൊണ്ട്
ട്രൈസ്റ്റേറ്റ് കേരളാ ഫോറം ഒരുക്കുന്ന വമ്പിച്ച ഓണാഘോഷം
ഫിലഡൽഫിയയിൽ
Syro Malabar Church Auditorium, 608 Welsh Rd,
Philadelphia, P A - 19115
ആഗസ്റ്റ് 31 ശനിയാഴ്ച ഉച്ചക്ക് 12:00 മണി മുതൽ
Saturday, August 31st, 2024 - 12:00 PM
Powered by
KVK TECH
Navaneeth Unnikrishnan
Chief Guest &
Onam Message
FLOWERS
Asianet
pravasi
KAIRALI
Abhilash john Chairman
Binu Mathew General Secretary
Philipose Cherian Treasurer
John Panicker Joint Secretary
Rajan Samuel Joint Treasurer
Joby George Onam Chairman
Vincent Emmanual Program Coordiantor
George Nadavayal Kerala Day Chairman
Suresh Nair
Sajan Varghese
Alex Thomas
George Olikkal
Sudha Kartha
Executive Vice Chair Persons
Sumodh Nellillala PRO
Rony Varghese Award
Georgekutty Lukose Karshaka Rathna
Geemon George Procession Coordinator
Sosamma Cherian
Bridget Vincent
Celine Oalickal
Best couple/ Best Men /Best Women Coordinators:
Arun Kovattu Program Producer
Alex Babu Social Media Coordinator
Asha Augustine Thiruvathira Coordinator
Sara Ipe Reception Cordinator
Sadasivankunji Kerala Coordinator
Chair Persons : Participating Associations : Fr. Modayil Philips (PAMPA) , Sunny Kizhakemuriyil (Kottayam Association), Philipose Cherian (Friends of Thiruvalla), Reji Cherukathara (Friends of Ranni), Suda Kartha (NSS, PA), P K Somarajan (SNDP), Abraham V Joseph (MELA), Sara Ipe (PIANO), Prof. Koshy Thalakal (Philadelphia Malayala Sahithya Vedhi), Chacko Abraham (CIMIO), Lawrance Thomas (PHILMA), Sreejithi Komath (MAP), Shyla Rajan (ORMA), IPCO
Coordinators: Benny Kottaram, Dileep George, Dennis Jacob, John P Varkey, Joseph P Mani, George Joseph, George Mathew, Sunil Lamannil, James Chacko, Mathew George, Jayan Pillai, Thomas Joy, Jomal Thomas, Mody Jacob, K O Varghese, Biju Abraham, Tinu Johnson, Kurian Polachirackal, Jaison Varghese, Aby Mathew, Jaison Thomas, Dominic P Jacob, Jayasree Nair, Jaya Sumodh, Deepa James, Lekha Jayakumar, Kurian Rajan, Thomas Behanan, Thomas Paul
"Serving Community for more than 25 Years"
INJURED in an ACCIDENT?
ATTORNEYS AVAILABLE 24/7
NO RECOVERY - NO FEE
EXPERIENCED CRIMINAL DEFENSE ATTORNEY IN OUR TEAM
LAW OFFICES OF KUNNEL, ORTIZ & THIRUSELVAM
KOT Law
THE KEY TO YOUR DREAM HOME
LIJO GEORGE REALTOR
EMMANUEL REALTY
MAYURA
INDIAN RESTAURANT
9321-23, krewstown Rd
Philadelphia, PA 19115
2673773250
Best Compliments from...
Chaman Popli
Popli Group LLC
Riya the travel expert!
24X7 1 877 669 7492
WWW.RIYA.TRAVEL
INCREDIBLE DEALS AND PACKAGES ON CHRISTIAN PILGRIMAGE TOURS
HealthcareSTAT
Home Care (HHC)
Compassionate Care For Your Loved Ones
JCAHO, Medicare & Medicaid certified
NURSING SERVICES
HOME HEALTH AIDE SERVICES
THERAPY SERVICES
Angel Star
ADULT DAY CARE
Meals & Free Transportation Provided



# ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്ക ദൈവാലയത്തിൽ

# പരിശുദ്ധ ദൈവമാതാവിന്റെ ദർശനത്തിരുനാൾ

**2024 ആഗസ്റ്റ് 11 മുതൽ 19 വരെ**



Arch Bishop
Kurian Vayalunkal
Apostolic Nuncio to
Algeria & Tunisia

പ്രിയ സഹോദരങ്ങളെ,
ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ദൈവാലയത്തിൽ പരിശുദ്ധ ദൈവമാതാവിന്റെ ദർശനത്തിരുനാൾ ഓഗസ്റ്റ് 11 മുതൽ ഓഗസ്റ്റ് വരെ ഭക്ത്യാദരപൂർവ്വം ആഘോഷിക്കുകയാണ്. ചിക്കാഗോ നിവാസികളുടെ ആത്മീയവും ഭൗതീകവുമായ സുസ്ഥിതിക്ക് പരിശുദ്ധ അമ്മ വഴി ലഭിച്ച അനുഗ്രഹങ്ങൾക്ക് നന്ദി അർപ്പിക്കുവാനും, നിയോഗങ്ങൾ പരിശുദ്ധ അമ്മയുടെ മാധ്യസ്ഥം വഴി യാചിക്കുവാനും ഈ തിരുനാൾ ആചരണത്തി ലൂടെ നമുക്ക് സാധിക്കട്ടെ. സെന്റ് ജൂഡ് കൂടാരയോഗ അംഗങ്ങൾ പ്രസുദേന്തിമാരാകുന്ന ഈ വർഷത്തെ തിരുനാളിൽ മുഖ്യ കാർമികത്വം വഹിക്കുവാനായി കോട്ടയം അതിരൂപതാംഗം കൂടിയായ ആർച്ച് ബിഷപ്പ് അഭി. കുര്യൻ വയലുങ്കൽ പിതാവ് എത്തുന്നു എന്നത് സെന്റ് മേരീസ് ഇടവകയെ സംബന്ധിച്ചിടത്തോളം ഏറെ അനുഗ്രഹപ്രദമായ അവസരമാണ്. ദൈവമാതാവായ പരിശുദ്ധ കന്യകാമറിയം തന്റെ ഇഹലോക ജീവിതത്തിന് ശേഷം ആത്മീയ ശരീരങ്ങളോടെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു എന്ന വിശ്വാസസത്യം പ്രഘോഷിക്കപ്പെടുന്ന ഈ തിരുനാൾ ഏവർക്കും ഏറെ അനുഗ്രഹദായകമായി തീരട്ടെ എന്നാശംസിക്കുകയും ഏവരേയും ഈ തിരുനാളിലേക്ക് സ്വാഗതം ചെയ്യുകയും ചെയ്യുന്നു.

റവ. ഫാ. സിജു മുടക്കോടിൽ (വികാരി) / കൈക്കാരന്മാർ / സെന്റ് ജൂഡ് കൂടാര അംഗങ്ങൾ





Mon. Thomas Mulavanal — Knanaya Region Director
Rev. Fr. Siju Mudakodil — Vicar
Rev. Sr. Silvarius SVM — Parish Secretary
Sabu Kattapuram — Trustee Cordinator
Binu Poothurayil — Trustee
Lukose Poozhikunnel — Trustee
George Mattathilparambil — Trustee
Nibin Vettikkattil — Youth Trustee
James Mannakulathil — Accountant
Sunny Meledam — Parish Council Secretary
Anil Mattathikunnel — P.R.O.
Jojo Edakara — Thirunal Cordinator

## PROGRAMME

**2024 ആഗസ്റ്റ് 11 ഞായർ**
10.00 a.m വി. കുർബ്ബാന
റവ. ഫാ. റെന്നി കട്ടേൽ
(വികാരി, കല്ലിശ്ശേരി)
വചന സന്ദേശം:
റവ. ഫാ. ജിതിൻ വല്ലാർകാട്ടിൽ
നൊവേന, ലദീഞ്ഞ്
കൊടിയേറ്റ്: റവ. ഫാ. സിജു മുടക്കോടിയിൽ (വികാരി)
5.30 p.m വി. കുർബ്ബാന

**2024 ആഗസ്റ്റ് 12 തിങ്കൾ,**
6.30 p.m വി. കുർബ്ബാന (മലങ്കര ക്രമം), നൊവേന
മരിയൻ പ്രഭാക്ഷണം:റവ. ഫാ. ജെറി മാത്യു
(സെന്റ് മേരീസ് മലങ്കര പള്ളി, ചിക്കാഗോ)

**2024 ആഗസ്റ്റ് 13 ചൊവ്വ**
6.30 p.m വി. കുർബ്ബാന, നൊവേന
മരിയൻ പ്രഭാക്ഷണം :
റവ. ഫാ. ലിജോ കൊച്ചുപറമ്പിൽ
(ക്രൈസ്റ്റ് ദി കിംഗ് ക്നാനായ ചർച്ച്, ന്യൂ ജേഴ്സി)

**2024 ആഗസ്റ്റ് 14 ബുധൻ**
6.30 p.m വി. കുർബ്ബാന, നൊവേന
മരിയൻ പ്രഭാക്ഷണം:റവ. ഫാ. ബിബി തറയിൽ
(സെന്റ് മേരീസ് ക്നാനായ ചർച്ച്, റോക്ക്ലാന്റ്, ന്യൂയോർക്ക്)

**2024 ആഗസ്റ്റ് 15 വ്യാഴം**
6.30 p.m വി. കുർബ്ബാന, നൊവേന
വചന സന്ദേശം : മോൺ. തോമസ് കടുകപ്പള്ളിൽ (വികാരി ജനറാൾ സീറോ മലബാർ കത്തീഡ്രൽ ചിക്കാഗോ)

**2024 ആഗസ്റ്റ് 16 വെള്ളി**
6.00 p.m വി. കുർബ്ബാന (ഇംഗ്ലീഷ്), നൊവേന
വചന സന്ദേശം :
റവ. ഫാ. ബിൻസ് ചേത്തലിൽ
(ക്നാനായ റീജിയൻ യൂത്ത് ഡയറക്ടർ)
7.30 p.m കൂടാരയോഗ കലാമേള

**2024 ആഗസ്റ്റ് 17 ശനി**
5.30 p.m വി. കുർബ്ബാന, നൊവേന
മോൺ. തോമസ് മുളവനാൽ
(വികാരി ജനറാൾ, ഡയറക്ടർ ക്നാനായ റീജിയൻ)
വചന സന്ദേശം :
റവ. ഫാ. ബോബൻ വട്ടംപുറത്ത്
(സെന്റ് ആന്റണിസ് ക്നാനായ ചർച്ച് സാൻ അന്റോണിയോ)
കപ്ലോൻ വാഴ്ച്ച
7.30 p.m കലാ സന്ധ്യ

**2024 ആഗസ്റ്റ് 18 ഞായർ,**
10.00 a.m തിരുനാൾ റാസ
വചന സന്ദേശം:
ആർച്ച് ബിഷപ്പ് കുര്യൻ വയലുങ്കൽ
(അപ്പസ്തോലിക് ന്യൂൺഷോ അൾജീരിയ ടുണീഷ്യ
സഹകാർമ്മികർ
റവ. ഫാ. ബോബൻ വട്ടം പുറത്ത്.
റവ. ഫാ. ബിൻസ് ചേത്തലിൽ
റവ. ഫാ. ജിതിൻ വല്ലാർകാട്ടിൽ
റവ. ഫാ. ജോഷി വലിയവീട്ടിൽ
പ്രദിക്ഷണം, ലേലം
സ്നേഹവിരുന്ന്
5.30 p.m. വി. കുർബ്ബാന

**2024 ആഗസ്റ്റ് 19 തിങ്കൾ**
6.00 p.m സെമിത്തേരി സന്ദർശനം
7.00 p.m വി. കുർബാന
(മരിച്ചുപോയ വിശ്വാസികൾക്കു വേണ്ടി)
റവ.ഫാ. ജോഷി വലിയവീട്ടിൽ

Chennikkara Printers 773 842 9149